കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മട്ടന്നൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ/കെ.എൻ.ആർ./സി.16/126/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയതി: 14.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

മട്ടന്നൂർ നഗരസഭ

സർ,

വിഷയം :മട്ടന്നൂർ നഗരസഭ -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-5, 2-6,2-7,2-8,2-9,2-10,3-1,3-2,3-14,3-19,3-20,3-22,3-23,3-25,3-32 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ

കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സെക്രട്ടറി,തദ്ദേശസ്വയം ഭരണവകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

3)നഗരകാര്യവകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4)റീജിയണൽ ജോയിന്റ് ഡയരക്ടർ,നഗരകാര്യവകുപ്പ്,കോഴിക്കോട് (ഉപരിപത്രം സഹിതം)

5)കാര്യാലയ പകർപ്പ്

നം കെ.എസ്.എ/കെ.എൻ.ആർ/സി.16/126/2019 തീയ്യതി: 14.03.2019

# കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ്, 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ 1-4-2017 മുതൽ 31-3-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 68അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 65 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ടഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ. അശോകൻ മഠത്തിൽ<br>സീനിയർ ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4-1-2019മുതൽ5-1-2019വരെ |
| | 10-1-2019 മുതൽ11-1-2019 വരെ |
| | 14-1-2019 മുതൽ25-1-2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| 1. ശ്രീമതി. ലതവാണി .എൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| 2.ശ്രീ. ശശീന്ദ്രൻ. കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3. ശ്രീമതി. ഉഷ. എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| 4. ശ്രീമതി.അനഅബ്രഹാം | ഓഡിററർ |

1.1 നിർവ്വഹണാധികാരികളുടെ പേര്,കാലയളവ്

| | പേര് | കാലയളവ് |
|---|---|---|
| ചെയർപെഴ്സൺ | ശ്രീ. കെ .ഭാസ്കരൻ | 1-4-2017 മുതൽ15 -9-2017വരെ |
| | ശ്രീമതി. അനിത വേണു | 16-9-2017 മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീ.സുരേശൻ.എം | 1-4-2017 മുതൽ 31-3-2018വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് ,കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി .പൊന്നു.ബി | 1-4-2017മുതൽ 13-4-2017വരെ |
| | ശ്രീമതി. മീര.യു .എൻ | 14-4-2017 മുതൽ 23-9-2017 |
| | ശ്രീ.പ്രമോദ്. എം.കെ | 24-9-207 മുതൽ 29-10-2017 |
| | ശ്രീ.രാഗേഷ് .സി. ആർ | 30-10-2017 മുതൽ 31-3-2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബേബി സുനില | 1-4-2017മുതൽ 31-3-2018വരെ |
| ഹെഡ്മാസ്റ്റർ. ഗവ എൽപി സ്കൂൾ. പഴശ്ശി | ശ്രീ. നാരായണൻ -ഡി | 1-4-2017മുതൽ 31-3-2018വരെ |
| ഹെഡ്മാസ്റ്റർ. ഗവ യുപി സ്കൂൾ. മട്ടന്നൂർ | ശ്രീ. പി-എം-അംബുജാക്ഷൻ | 1-4-2017മുതൽ 31-3-2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>സി എച്ച് സി .മട്ടന്നൂർ | ഡോ.സുഷമ | 1-4-2017മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ.ആയ്യുർവേദം | ഡോ.വീണ | 1-4-2017മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ.ഹോമിയോ | ഡോ.അനുപമ | 1-4-2017 മുതൽ 21-1-2018 FNവരെ |
| | ഡോ-ഷെർന | 21-1-2018 AN മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.രാമ അറുമുഖം | 1-4-2017മുതൽ 31-3-2018വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീമതി.ഷീമ.കെ.വി | 1-4-2017 മുതൽ 19-10-2017FNവരെ |
| | ശ്രീ. മനോജ് കുമാർ. ആർ | 19-10-2017ANമുതൽ 31-3-2018വരെ |
| പ്രോജക്ട് ഓഫീസർ<br>നഗരദാരിദ്ര്യനിർമ്മാർജന സെൽ | ശ്രീമതി-അനിത.എം.ജി | 1.4.2017 മുതൽ 29.11.2017FNവരെ |
| | ശ്രീ-കെ-പി - രമേഷ് ബാബു | 29.11.2017 AN മുതൽ 31.3.3018വരെ |

ഉള്ളടക്കം

ഭാഗം 1


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |


ഭാഗം-II

വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ


| | | |
|---|---|---|
| 13 | വസ്തുനികുതി -അപാകങ്ങൾ | 2-1 |
| 14 | തൊഴിൽ നികുതി വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. | 2-2 |
| 15 | കരാറുകാരിൽ നിന്നും ,അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-3 |

| | | |
|---|---|---|
| | | |
| 16 | അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല. | 2-4 |
| 17 | ഡി ആൻഡ് ഓ ലൈസൻസ് - അപാകങ്ങൾ | 2-5 |
| 18 | നഗരസഭാപരിധിയിലുള്ള വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്താതിനാൽ ലൈസൻസ് ഫീസിനത്തിൽ ₹ 2,21,000 നഷ്ടമായി. | 2-6 |
| 19 | കിസ്സ് ഇളവ് ചട്ടപ്രകാരമല്ലാതെ കരാർ തുകയിൽ ഇളവ് അനുവദിച്ച 1,80,000 രൂപ തിരികെ ഈടാക്കേണ്ടതാണ് | 2-7 |
| 20 | വാടക നിശ്ചയിക്കാതെ എക്സൈസ് ഓഫീസിന് മുറികൾ അനുവദിച്ചു- വാടക കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ് | 2-8 |
| 21 | കല്ലൂർ മിനി വ്യവസായ പാർക്ക് സംരംഭകർക്ക് വ്യവസായം തുടങ്ങാനായില്ല വാടകയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക. | 2-9 |
| 22 | നഗരസഭാ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലകസ് വാടക, ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശിക ₹ 1,59,52,440 | 2-10 |
| 23 | നഗരസഭാ ആസ്തികളിലെ ആദായം എടുക്കുന്ന വൃക്ഷങ്ങൾ സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. | 2-11 |

ഭാഗം-III

ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 24 | ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-1 |
| 25 | ഉദുവച്ചാൽ ഡയാലിസ് സെന്റർ ജീവനക്കാരുടെ നിയമനത്തിനും തുടർ നടത്തിപ്പിനും സർക്കാർ അനുമതി വാങ്ങേണ്ടതാണ്. | 3-2 |
| 26 | തെരുവുവിളക്ക് യഥാർത്ഥ എണ്ണവും തരവും സംയുക്തപരിശോധനയിൽ തിട്ടപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-3 |
| 27 | പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കാതെ വർഷങ്ങളായി 191 ടാപ്പുകളുടെ തുക ഒടുക്കിവരുന്നു. | 3-4 |
| 28 | ഗസ്റ്റ് ഹൗസ് സ്ഥലമെടുപ്പ് -ഭ സംരംക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-5 |
| 29 | ശൂന്യവേതാനാവധി ക്രമീകരിച്ചത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-6 |

| | | |
|---|---|---|
| 30 | തെരുവുവിളക്ക് വാർഷീക അറ്റകുററപണി കരാർ- സർക്കാർ നിർദ്ദേശ പ്രകാരമുള്ള രേഖകൾ തയ്യാറാക്കിയില്ല ചെലവ് തുക ₹ 3,31,980തടസ്സത്തിൽ വെക്കുന്നു. | 3-7 |
| 31 | സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള നിരക്ക് ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കാൻ കണക്കാക്കിയില്ല | 3-8 |
| 32 | കാർഷിക മേഖലയിൽ നടപ്പാക്കിയപ്രോജക്ടുകൾ മോണിറ്ററിംഗ് അപര്യാപ്തം | 3-9 |
| 33 | തുടർ സാക്ഷരതാ പ്രവർത്തനത്തിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2,68,600 രൂപ തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചില്ല. | 3-10 |
| 34 | വയോമിത്രം കൈമാറിയ തുകയുടെ രസീത് വിവരങ്ങൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക ₹10,00,000 തടസ്സത്തിൽ വെക്കുന്നു | 3-11 |
| 35 | മഴകാല പൂർവ്വശുചീകരണം വാർഡ് തല ശുചിത്വ കമ്മറ്റിക്ക് കൈമാറിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല | 3-12 |

| | | |
|---|---|---|
| 36 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക 481480 തടസ്സത്തിൽ വെക്കുന്നു. | 3-13 |
| 37 | ഇല്ലാത്ത തുക ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചത്- ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്. | 3-14 |
| 38 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ- മാർഗ്ഗരേഖ ലംഘനം - ₹ 4,05,500 തടസ്സപ്പെടുത്തുന്നു | 3-15 |
| 39 | SSA- നഗരസഭ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-16 |
| 40 | ഐ എച്ച് സിഡി പി പദ്ധതിയ്ക്കുള്ള അധിക വിഹിതം- രേഖകൾ ഹാജരാക്കാത്തത് - ₹ 7,33,702 തടസ്സപ്പെടുത്തുന്നു | 3-17 |
| 41 | വനിതാ ലോൺടി യൂണിറ്റ് - സബ്സിഡി കഴിച്ചുള്ള തുകയ്ക്ക് മാത്രമേ പലിശ ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-18 |
| 42 | ഉരുവച്ചാൽ വനിത ഹോസ്റ്റൽ നടത്തിപ്പ് നഗരസഭ മേൽനോട്ടം അനിവാര്യം | 3-19 |
| 43 | കൗൺസിൽ അംഗീകരിച്ച ബൈലോകൾക്ക് സർക്കാർ | 3-20 |

| | | |
|---|---|---|
| | അംഗീകാരമില്ല. | |
| 44 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. | 3-21 |
| 45 | പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം- രേഖകൾ ഹാജരാക്കാത്തത് -₹ 20,000 തടസ്സപ്പെടുത്തുന്നു | 3-22 |
| 46 | മട്ടന്നൂർ നഗരസഭയിലെ പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട് | 3-23 |
| 47 | ഭിന്നശേഷിക്കാർക്ക് മുചക്ര വാഹനവും വീൽ ചെയറും - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-24 |
| 48 | സ്വയം തൊഴിലിന് സബ്സിഡി (വനിത) - വായ്പ അനുവദിക്കുന്നതിന് മുൻപ് സബ്സിഡി ലഭ്യമാക്കിയതും,മറ്റ് അപാകങ്ങളും - ₹ 4,28,000 തടസ്സപ്പെടുത്തുന്നു | 3-25 |
| 49 | വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 3-26 |
| 50 | | 3-27 |

| | | |
|---|---|---|
| | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അവലോകനം | |
| 51 | അംഗനവാടി പോഷകാഹാര വിതരണം - കൊട്ടേഷൻ സ്വീകരിക്കാതെ കടത്തുകൂലി അനുവദിച്ചു- ₹1,65,182 തടസ്സപ്പെടുത്തുന്നു . | 3-28 |
| 52 | ഭൂജല വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ് ഫയൽ- ഇ1/20127/16 | 3-29 |
| 53 | നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മാതൃകാപരം | 3-30 |
| 54 | ലൈഫ് വീട് പണി പൂർത്തീകരിക്കാത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിന് - ധനസഹായം കൃത്യമായ ലിസ്റ്റ് ഹാജരാക്കാത്തതും, മറ്റ് അപാകങ്ങളും - 33,99,261/- രൂപ തടസ്സപ്പെടുത്തുന്നു. | 3-31 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 55 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 56 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 58 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 60 | ഓഡിറ്റ് റിക്കവറി | 4-6 |
| 61 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 62 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 64 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 65 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 66 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 67 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 68 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-3-2017 തീയതിയിലെ 1 /17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24-3-2018 തീയതിയിലെ 1 /18തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | 9,68,76,416 | മുന്നിരിപ്പ് | 15,57,21,930-52 |
| വരവ് | 105,51,14,500 | വരവ് | 50,48,73,472-00 |
| ആകെ | 115,19,90,916 | ആകെ | 66,05,95,402-52 |
| ചെലവ് | 96,71,85,500 | ചെലവ് | 52,39,77,710-00 |
| നീക്കിയിരിപ്പ് | 18,48,05,416 | നീക്കിയിരിപ്പ് | 13,66,17,692-52 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 6.9.2018 | തിരിച്ചയച്ചിട്ടില്ല | - |

സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷീക ധനകാര്യപത്രിക സമർപ്പിക്കണമെന്ന നിയമം പാലിച്ചിട്ടില്ല (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് -9(1))

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.9.2018 & 22.9.2018 | KSA/KNR /C16/1760/2018 തീയതി 3.10.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,01,97,299 .51 |
| വരവ് | 22,46,30,972 |
| ആകെ | 28,48,28,271.51 |
| ചെലവ് | 24,42,09,834 |
| നീക്കിയിരിപ്പ് | 4,06,18,437.51 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | ACR പ്രകാരം അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്.ജനറൽ (ACR പ്രകാരം) | | . | 4,62,44,000 | 4,62,44,000 | 41382823* | 4861177 |
| വികസന ഫണ്ട്.എസ്.സി.പി (ACR പ്രകാരം) | | | 37,77,000 | 37,77,000 | 1208563* | 2568437 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 9454364 | 9454364 | 9236656* | 2,17,708 |
| മെയിന്റനൻസ്, നോൺ.റോഡ് (ACR പ്രകാരം) | | | 1,05,21,247 | 1,05,21,247 | 8358015* | 2163232 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 4,62,98,814 | 4,62,98,814 | 36240402* | 10058412 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 84,24,722 | 84,24,722 | 74,60,344 | 9,64,378 |
| സാക്ഷരത | | 33,210 | 1,40,700 | 1,73,910 | 1,62,576 | 11,334 |
| ദുരിതാശ്വാസനിധി | | 46,845 | 3,33,631 | 3,80,476 | 2,22,100 | 1,58,376 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 45,00,058 | 34,506 (പലിശ) | 45,34,564 | 6,12,511 | 34,88,487+ 34,506 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 3,99,060 | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | മഴക്കാല പൂർവ്വ ശുചീകരണം, അംഗൻവാടി പോഷകാഹാരം, സംയോജിത ചേരി വികസന പദ്ധതി ** | 17086873 | 3341396 | 20428269 | 1,84,27,902 | 20,00,367 |
| | പി എം എ വൈ,, എൻ യു എൽ എം ** | 6702244 | 34487601 | 41189845 | 32157178 | 9032667 |
| | കിയാൽ . | 3867200 | 37,40,000 | 7607200 | 7607200 | - |
| ബി ഫണ്ട് | | - | 778460 | 778460 | 778460 | - |
| സംസ്ഥാന സർക്കാർ ഗ്രാന്റ് (ശുചിത്വം, സാക്ഷരത, വിമുക്തി) | | 10884425 | 611100+ 456393 (പലിശ) | 11951918 | 376555 | 11575363 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7615446.42 | 4,08,72,633 | 4,84,88,079-42 | 44096477-83 | 4391601.59 |
| | ട്രഷറി അക്കൗണ്ട് | 8274730 | 1,69,34,000 | 25208730 | 22838790 | 2369940 |
| ഗുണഭോക്തൃ വിഹിതം | | 2410442 | 6683920 | 9094362 | 73650 | 9020712 |

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ ₹ 1,69,34,000 വരവുണ്ട്- ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ്,നീക്കിയിരിപ്പ് ലഭിച്ചിട്ടില്ല

വിവിധ ഗ്രാന്റിലെ അപാകം 1-12 ൽ പരാമർശിച്ചിട്ടുണ്ട്

പി.എം.വൈ, എൻ.യു.എൽ.എം. ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭിച്ചിട്ടില്ല

തനത് ഫണ്ട് ബാങ്ക് വരവ് വാർഷീക ധനകാര്യപത്രിക -വരവ് അടിസ്ഥാനത്തിലും ,ട്രഷറി വരവ് ജനറൽ പർപ്പസ് ഗ്രാന്റിനത്തിലെയുമാണ്
ദുരിതാശ്വാസ നിധി മുന്നിരിപ്പ്,നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വിവരം , ഹാജരാക്കിയ രജിസ്റ്ററിലെ തുകയാണ് എടുത്തത്-
വിവിധ ഫണ്ടുകളുടെ മുന്നിരിപ്പ് ,വരവ്, ചെലവ് ,നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററും ,വാർഷീക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | ചെലവ് തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2017-18 | 213 | 23,35,48,680 | 129 | 12 | 117 | 10,37,36,803 | 84 | 54-92 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 12 | 1,78,18,450 | 8 | 1,46,32,372 | 82.11 |
| കൃഷി ഓഫീസർ | 7 | 57,29,000 | 7 | 40,36,982 | 70.46 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 10915882 | 5 | 8520445 | 78 |
| ഹെഡ്മാസ്റ്റർ. ഗവ യു പി സ്കൂൾ. പഴശ്ശി | 5 | 41,63,910 | 5 | 39,99,774 | 96.05 |
| ഹെഡ്മാസ്റ്റർ. ഗവ എൽപി സ്കൂൾ. മട്ടന്നൂർ | 3 | 7,50,000 | 3 | 4,45,000 | 59.33 |
| മെഡിക്കൽ ഓഫീസർ സി എച്ച് സി .മട്ടന്നൂർ | 3 | 13,20,000 | 3 | 12,34,175 | 93.49 |
| മെഡിക്കൽ ഓഫീസർ.ആയ്യുർവേദം | 1 | 800,000 | 1 | 800,000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ.ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100 |
| വെറ്റിനറി സർജൻ | 6 | 37,06,000 | 6 | 17,74,250 | 47.87 |
| മുനിസിപ്പൽ എഞ്ചിനിയർ | 155 | 16,94,92,108 | 82 | 5,92,07,279 | 34.93 |
| പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യനിർമ്മാർജന സെൽ | 14 | 1,86,53,330 | 8 | 88,86,526 | 47.64 |
| ആകെ | 213 | 23,35,48,680 | 129 | 10,37,36,803 | 44.41 |

പദ്ധതി ആസൂത്രണം ,നിർവ്വഹണം

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) വാർഷീക പദ്ധതിയും തയ്യാറാക്കൽ പഞ്ചായത്ത് ആസൂത്രണ സമിതി ,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് എം എസ് നം 79/2017 തസ്വ ഭ വ തീയതി 3-4-/2017 & സർക്കാർ ഉത്തരവ് എം എസ് നം 11/2017 തസ്വ ഭ വ തീയതി 9/1/2017 പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ഇതിൽ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി ,വർക്കിംഗ് ഗ്രൂപ്പ് എന്നിവ 18-1-2017 ന് രൂപീകരിച്ചിട്ടുണ്ട് - ആസൂത്രണ സമിതിയിൽ 16 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്-( ഭരണ സമിതി അംഗീകരിച്ച തീരുമാനം നം 8തീയതി 18-1 -2017)ആസൂത്രണ സമിതിയുടെ ആദ്യ യോഗം 31-1-2017 ന് ചേർന്നിട്ടുണ്ട്-

വർക്കിംഗ് ഗ്രൂപ്പുകൾ

നഗരസഭയിൽ 15 മേഖലകളിലായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

1-പൊതുമരാമത്ത്,വൈദ്യുതി ഊർജ്ജം,

2.പൊതുഭരണവും ധനകാര്യവും,

3-വിദ്യാഭ്യാസം കലയും സംസ്ക്കാരവും യുവജനകാര്യം,

4.ദാരിദ്ര്യലഘൂകരണം ചേരി പരിഷ്കരണം,

5-ആരോഗ്യം,

6.വനിതാവികസനം,സാമൂഹ്യനീതി,

7.കുടിവെള്ളം,കൃഷിയും അനുബന്ധമേഖലകളും,

8.ശുചിത്വം, മാലിന്യസംസ്കരണം,

9-പ്രാദേശിക സാമ്പത്തിക വികസനം,

10.പട്ടികജാതി പട്ടികവർഗ്ഗവികസനം,

11.ചെറുകിട വ്യവസായം നഗരാസൂത്രണം,

12.പാർപ്പിടം

13.സാമൂഹ്യനീതി,

14.നഗരാസൂത്രണം

15.മൃഗസംരക്ഷണവും ക്ഷീര വികസനവും -

എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും തൻവർഷം 3 വീതം യോഗം ചേർന്നിട്ടുണ്ട്- ചില വർക്കിംഗ് ഗ്രൂപ്പിന്റെ ചില യോഗങ്ങളിൽ തീരുമാനമൊന്നും രേഖപ്പെടുത്തിയിട്ടില്ല - ഉദാഹരണമായി പാർപ്പിട വർക്കിംഗ് ഗ്രൂപ്പ് - 30.5.2017-നും മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പ് -17.8.2017 ന് ചേർന്ന യോഗത്തിന്റെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല-

വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല

പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ടത് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്ന അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല- മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണ സമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

എന്നാൽ 2017-18 വർഷംമോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലായെന്ന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർനിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ നിന്നും കാണാനായത്. ഒരു പദ്ധതിയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷമമായി വിലയിരുത്തേണ്ടത് അനിവാര്യമാണ്.

വികസന സെമിനാർ- വാർഷീക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 30-5-2017 ന് വികസന സെമിനാർ കൂടിയിട്ടുണ്ട്- സെമിനാറിൽ 193 പേർ പങ്കെടുത്തിട്ടുണ്ട്-

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ തുടങ്ങിയവയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ- തൻവർഷം 24 യോഗങ്ങൾ ചേർന്നിട്ടുണ്ട്-പുതിയ റവന്യൂ വരവുകൾ സംബന്ധിച്ച ശുപാർശകളൊന്നും തന്നെ ഉണ്ടായിട്ടില്ല-

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് ചർച്ച ചെയ്തതായോ

കാണുന്നില്ല.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി:

കൃഷി,മൃഗ സംരക്ഷണം , ജലസേചനം , മത്സ്യകൃഷി,സാമൂഹ്യ വനവൽക്കരണം , ചെറുകിട വ്യവസായം , കരകൗശല വസ്തുക്കളുടെ നിർമ്മാണം , വികസന ആസൂത്രണം , ഭവന നിർമ്മാണം , കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം, ഭവന പുനരുദ്ധാരണം, പൊതുമരാമത്ത്, ജലവിതരണം, വൈദ്യുതി എന്നിവയാണ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നത്. 2017-18 ൽ 17 തവണ യോഗം കൂടിയിട്ടുണ്ട്. കൃഷിഭവനുകളുടെ നടത്തിപ്പിന് കൃഷി ഓഫീസറുടെ അഭാവം സർക്കാറിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിന് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് കാര്യക്ഷമമായ ഇടപെടലുകൾ നടന്നിട്ടുണ്ട്. 2018-19 ബഡ്ജറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും നഗരസഭയുടെ അനിവാര്യ ചുമതലകളിൽപ്പെടുന്ന തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തുവാൻ ചർച്ച ചെയ്തതായി മിനുട്ട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 15തവണ യോഗം ചേർന്നിട്ടുണ്ട്- യോഗങ്ങളിൽ പ്രോജക്ടുകൾ സംബന്ധിച്ചും മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ, ഹരിതകേരളം പദ്ധതി മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം , ഹരിത സേന രൂപീകരണ സംഘാടനം പകർച്ച വ്യാധി രോഗ ബോധവൽക്കരണ പ്രവർത്തനം ,സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ടാസ്ക് ഫോഴ്സ് രൂപീകരിക്കൽ തുടങ്ങിയ മേഖലകളിലും വിശദമായ ചർച്ചകൾ നടത്തുകയും ശ്രദ്ധേയമായ ശുപാർശകളും തീരുമാനങ്ങളും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസം കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി - 2017-18 വർഷം 15തവണ യോഗം ചേർന്നിട്ടുണ്ട്-പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമായ തിരികെ തിരുമുറ്റത്തേക്ക് ,ഹരിശ്രീ മുകുളം സമഗ്ര വിദ്യാഭ്യാസ പദ്ധതി മുനിസിപ്പൽ ജില്ലാതല കേരളോത്സവം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങളെക്കുറിച്ച ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്-

പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി:

2017-18 കാലയളവിൽ 17 തവണ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗം ചേർന്നിട്ടുണ്ട്. ഡിപിസി അംഗീകാരം ലഭിച്ചതിന് സാങ്കേതിക അനുമതി ലഭ്യമാക്കുവാനും സ്പിൽഓവർ പ്രൊജക്ടുകൾ വേഗം നടപ്പിലാക്കുവാനും വിവിധ ഫണ്ടുകളിൽ ആവർത്തിച്ച് വന്ന പദ്ധതികൾ റിവൈസ് ചെയ്യുവാൻ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് . പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് . 2018-19 ബഡ്ജറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് .

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി:

2017-18 കാലയളവിൽ 28തവണ യോഗം കൂടിയിട്ടുണ്ട്. പട്ടികജാതി പട്ടിക വികസനം ,സ്ത്രീകളുടെയും കുട്ടികളുടെയും വികസനം,ചേരി വികസനം, പൊതു വിതരണ സമ്പ്രദായം എന്നിവയാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നത്. പോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ചർച്ച ചെയ്തതായി മിനുട്ട്സിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

വാർഡ് സഭ - നഗരസഭയിൽ 35 വാർഡുകൾ ഉണ്ട്- തൻവർഷം 4 വാർഡ് സഭകൾ കൂടിയിട്ടുണ്ട് (4/2017, 7/2017, 12/2017, 1/2018). 4/17 ലെ വാർഡ് സഭയിൽ , അജണ്ട, ചർച്ച, തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ക്വാറം തികയുന്നതിനുള്ള ജന പ്രാതിനിധ്യം വാർഡ് സഭകളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ വീട്ടു നമ്പർ, തൊഴിൽ, വയസ്സ് മുതലായ കോളങ്ങൾ എഴുതാതെ പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തുന്നത്.

ഗുണഭോക്തൃ പട്ടിക അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ഭാഗികമാണ്. ചില പദ്ധതികളുടെ ഗുണഭേക്താക്കളുടെ പട്ടിക അച്ചടിച്ചിട്ടില്ല. ഉദാ- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ഫർണ്ണിച്ചർ. പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം - 82/2017 /DPC/DPO/KNR/ Dt 12-1-2018പ്രകാരം പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

<table>
<tr><td>ഇനം</td><td>മുന്നിരിപ്പ്</td><td>വരവ്</td><td>ആകെ</td><td>ചെലവ്</td><td>നീക്കിയിരുപ്പ്</td></tr>
<tr><td>ഭരണചെലവുകൾ</td><td rowspan="2">45,00,058</td><td rowspan="2">(പലിശ)<br>34,506</td><td rowspan="2">45,34,564</td><td>3,99,060</td><td rowspan="2">34,88,487+<br>34,506</td></tr>
<tr><td>ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്</td><td>6,12,511</td></tr>
<tr><td>ആകെ</td><td>45,00,058</td><td>34,506</td><td>45,34,564</td><td>10,11,571</td><td>35,22,993</td></tr>
</table>

ഹാജരാക്കിയ രജിസ്റ്ററിലെ തുകയാണ് ചേർത്തിരിക്കുന്നത്-വാർഷീക ധനകാര്യപത്രികയുമായി പൊരുത്തപ്പെടാത്തത് വിശദീകരിച്ചിട്ടില്ല

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,18,080 | 187 |
| കർഷകതൊഴിലാളി പെൻഷൻ | 1,42,78,600 | 4938 |
| വിധവാപെൻഷൻ | 2,29,95,600 | 7350 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,76,55,300 | 7383 |
| വികലാംഗപെൻഷൻ | 45,48,900 | 1408 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 24,80,200 | 804 |

## 1-9 ക്യാഷ് പരിശോധന

1994.ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.1.2019 .തീയ്യതിയിൽ 11.10am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,903രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

2017 - 18 – ൽ ആകെ ഒരു തവണ (19.5.2017) മാത്രമാണ് ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത് . ഓഫീസ് ഓർഡർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല . വിവരാവകാശ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും കോളങ്ങളിൽ കൃത്യമായി വിവരങ്ങൾ ചേർക്കുന്നില്ല. തൻപതിവേട് രജിസ്റ്ററിൽ ,പ്രതിമാസ സംക്ഷിപ്തം റണ്ണിംഗ് നോട്ട് എന്നിവ എഴുതി മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല. പേഴ്സണൽ രജിസ്റ്റർകൃത്യമായി സൂക്ഷിക്കേണ്ടതിനെ കുറിച്ച് സ്റ്റാഫ് മീറ്റിംഗിൽ നിർദ്ദേശം വച്ചിട്ടുണ്ട് -

പ്രതിമാസം ഓഫീസ് മീറ്റിംഗ് ചേരുകയും, ഓഫീസ് ഓർഡർ കൃത്യമായി എഴുതുകയും രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ നഗരസഭയുടെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.5.2015 28.5.2015 | 2012.13,2013.14,2014.15 | 25.2.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2018 24.7.2018 | 2015.16 2017.18 | 11.9.2018 |

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷികധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

2.തൻവർഷം ലഭ്യമായ വിവിധ ഗ്രാന്റുകളുടെ കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | AFS പ്രകാരം തുക | സുലേഖ ചെലവ് പത്രിക പ്രകാരം തുക | ACR പ്രകാരം തുക |
|---|---|---|---|
| വികസനഫണ്ട് | 40413459 | 41382823 | 41382823 |
| എസ് സി പി | 1058563 | 1058563 | 1208563 |
| ധനകാര്യകമ്മീഷൻ ഗ്രാമന്റ് | 34094213 | 36240402 | 36240402 |
| മെയിന്റനൻസ് (റോഡ്) | 8576276 | 9236656 | 9236656 |
| മെയിന്റനൻസ് (നോൺ റോഡ്) | 7876115 | 8358015 | 8358015 |

3.വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല

4.ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

5.അഡ്വാൻസ് റജിസ്റ്റർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവയുടെ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.ഓഡിറ്റ് റിക്കവറി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7.വാടകകൾ സംബന്ധിച്ച വരവ് റജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8.ലൈസൻസ് ഫീസ് വരവ് തുക ലഭ്യമാക്കിയ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

9.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10.പാർട് ബിൽ ആയി നൽകുന്ന തുകകൾ ഫൈനൽ ബിൽ നൽകുന്ന മുറക്ക് ആസ്തികളിലേക്ക് വരവ് വെക്കുന്നതിനായി വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

11.തൊഴിൽ നികുതി ട്രേഡേഷ്സ് കലക്ഷൻ തുക RP-37 ൽ സ്വീകരിക്കുന്നതിനു പകരം RP-1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

12.Tax remission, Rent remission എന്നിവക്ക് ആധാരമായ രേഖകൾ ഹാജരാക്കിയില്ല.

13.Dog license കലക്ഷൻ തുക (4000) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

14.പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് തുക രജിസ്റ്ററും, വാർഷികധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല

15.B-4 ഷെഡ്യൂളിലെ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

16.I-18 ഷെഡ്യൂളിലെ Prior period Item സംബന്ധിച്ച തുകകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമല്ല.

17.I-3 ഷെഡ്യൂളിൽ Rent from other amenities എന്ന ശീർഷകത്തിൽ 7648949 രൂപ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Receipt and payment Statement ൽ 3000 രൂപ മാത്രമേ വരവുള്ളൂ.(RP.3) ബാലൻസ് തുക രേഖപ്പെടുത്തിയിട്ടില്ല. ആയത് വിശദമാക്കേണ്ടതാണ്.

18.RP- 37 ഷെഡ്യൂളിൽ Rent receivable from civic amenities എന്ന ശീർഷകത്തിൽ വരവുണ്ട്. എന്നാൽ ഇതിന് ആധാരമായ ഡിമാന്റ് തുക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

19.Advertisement Tax ഇനത്തിൽ (I-1) 131621 രൂപയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. RP-37 പ്രകാരം 30,000 രൂപ വരവുണ്ട്. ബാക്കി തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

20.ട്രഷറി MF PD അക്കൗണ്ട് സൂക്ഷിക്കുന്നില്ല .എന്നാൽ ഈ ഫണ്ടിൽ നീക്കിയിരിപ്പായി ₹ 30,44,735 രേഖപ്പെടുത്തിയിരിക്കുന്നു

21.റഗുലർ ജിവനക്കാരുടെ പെൻഷൻ ഫണ്ടിനത്തിൽ, സെൻട്രൻ പെൻഷൻ ഫണ്ടിൽ നിന്നും കിട്ടാനുള്ള തുക B-15 ൽ ചേർത്തിരിക്കുന്ന പെൻഷൻ ഫണ്ട്, റെന്റ് , ലീസ് ഓൺ ലാൻഡ് തുക ,എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -അപാകങ്ങൾ

1.നഗരസഭാ പരിധിയിലുള്ള മൊബൈൽ ടവറുകൾ വസ്തുനികുതി ഒടുക്കുന്നില്ല.

നഗരസഭ പരിധിയിലുള്ള താഴെപ്പറയുന്ന മൊബൈൽ ടവറുകൾ 2017-18 വർഷം വസ്തുനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം. | പേര് | വാർഡ് നം./കെട്ടിട നം. | നിർണ്ണയിച്ച നികുതി | ഈടാക്കവാനുള്ള നികുതി (2017-18) | മുൻവർഷങ്ങളിൽ ഈടാക്കവാനുള്ളത്(സാമ്പത്തിക വർഷം സഹിതം) |
|---|---|---|---|---|---|
| 1 | സീനിയർ മാനേജർ ഭാരതി ടെലിവെഞ്ചേഴ്സ് ലിമിറ്റഡ്,ഭാരതി ടവേഴ്സ്,എസ്.എ റോഡ്,കടവന്ത്ര,കൊച്ചി | 8/449 | 10749 | 10749 | 5375+5375 |
| 2 | സീനിയർ മാനേജർ ഭാരതി ടെലിവെഞ്ചേഴ്സ് ലിമിറ്റഡ്,ഭാരതി ടവേഴ്സ്,എസ്.എ റോഡ്,കടവന്ത്ര,കൊച്ചി | 28/902 ബി | 7590 | 7590 | ഇല്ല |
| 3 | ജയഞ്ചാൽ മേനോൻ ഭാരതി ഈഫ്രാടെൽ ലിമിറ്റഡ്,കണ്ണൂർ | 17/108 | 9204 | 9204 | ഇല്ല |
| 4 | ശ്രീജിത്ത് ജി.പിള്ള പ്രൊജക്റ്റ് മാനേജർ ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്,കൊച്ചി | 17/423 | 7388 | 7388 | 2012-13മുതൽ 36940 |

മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കുന്നതിന് ബന്ധപ്പെട്ട കമ്പനികൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വന്നു. മേൽ വിഷയത്തിൽ കേരളാ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2.വസ്തുനികുതി ഡിമാൻഡ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാൻഡ്, വരവ്, കുടിശ്ശിക എന്നിവ പരിശോധിക്കുന്നതിനാവശ്യമായ വസ്തുനികുതി ഡിമാൻഡ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.46/21.01.19) വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി ഓൺലൈൻ നികുതി സ്വീകരിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഐ.കെ.എം-ൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുന്നതിനാൽ നികുതി പരിഷ്കരണപ്രകാരമുള്ള ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കാൻ സാധിച്ചിട്ടില്ല എന്ന മറുപടി ലഭിച്ചു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 <u>തൊഴിൽ നികുതി വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.</u>

1. ഡിമാൻഡ് രജിസ്റ്റർ ,കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡുതിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷ തൊഴിൽ നികുതി, കുടിശ്ശിക എന്നീ ഇനത്തിൽ യഥാക്രമം ₹ 43,01,930 (RP-1+RP-37) ₹47,35,702 (B-15) കുടിശ്ശികയുമുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ ഡിമാൻഡ് രജിസ്റ്റർ ,കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല. മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ നഗരസഭയ്ക്ക് തൊഴിൽ നികുതി ഇനത്തിലുണ്ടാകുന്ന വരുമാനനഷ്ടം എത്രയെന്ന് നിർണ്ണയിക്കുക സാധ്യമല്ല.ഡിമാൻഡ് രജിസ്റ്റർ ,കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.തൊഴിൽ നികുതി റിട്ടേണുകൾ മുഴുവനായും ഹാജരാക്കിയില്ല.

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം നികുതിദായകർ ഫോറം 6 ൽ റിട്ടേൺ സമർപ്പക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് പരിശോധനയ്ക്കായി ഒന്നാം അർദ്ധവർഷത്തെ 14 റിട്ടേണുകളും രണ്ടാം അർദ്ധവർഷത്തെ മുഴുവൻ റിട്ടേണുകളും ഹാജരാക്കുകയുണ്ടായില്ല. മേൽ വിവരം പരാമർശിച്ച് നൽകിയ എൻക്വയറിക്ക് ( നം 66/23.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കും വിധം പരിപാലിക്കേണ്ടതാണ്.

## 2-3 <u>കരാറുകാരിൽ നിന്നും ,അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

1. 2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 2 പ്രകാരം നഗരസഭാ പരിധിയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാർ ₹1,250 അർദ്ധ വാർഷിക തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. 2017-18 വർഷത്തെ പബ്ലിക്ക് വർക്ക് എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടർമാർ മുനിസിപ്പാലിറ്റിയുടെ കരാർ പ്രവർത്തികൾ

എറ്റെടുത്തു നടത്തിയിട്ടുണ്ട്.

| ക്രമ നം | പേര് | ജോലി |
|---|---|---|
| 1 | എം.കെ പ്രകാശൻ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 2 | പി.അബ്ദുൾ ഖാദർ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 3 | ടി.രത്നാകരൻ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 4 | പ്രവീൺ പി | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 5 | ഷിബിൻ ടി.കെ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 6 | കെ.പി.മൊയ്തു | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 7 | ഹരീന്ദ്രൻ സി.പി. | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 8 | സി.മുഹമ്മദ് | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 9 | ഷാഫിർ പി. | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 10 | പി.നാസർ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 11 | വി.ഷാജ് | കോൺട്രാക്ടർ |
| 12 | ശ്രീലേഷ് സി. | കോൺട്രാക്ടർ |
| 13 | റഷീദ് പി. | കോൺട്രാക്ടർ |
| 14 | ഒ.കെ.വേണുഗോപാൽ | കോൺട്രാക്ടർ |
| 15 | പി.രമേശൻ | കോൺട്രാക്ടർ |
| 16 | കെ.പി.ശശിധരൻ | കോൺട്രാക്ടർ |
| 17 | എൻ.ചന്ദ്രൻ | കോൺട്രാക്ടർ |
| 18 | ടി.പ്രവീൺ | കോൺട്രാക്ടർ |
| 19 | മുഹമ്മദ് നിഹാസ് സി.സി. | കോൺട്രാക്ടർ |
| 20 | കെ.എം.രവീന്ദ്രൻ | കോൺട്രാക്ടർ |

| | | |
|---|---|---|
| 21 | ദിവാകരൻ സി.പി | കോൺട്രാക്ടർ |
| 22 | കെ.മുഹമ്മദ് ഹാജി | കോൺട്രാക്ടർ |

ആയവരിൽ നിന്നും 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്നറിയാൻ നൽകിയ എൻക്വയറിക്ക്(നം66/23.01.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല.കരാറുകാരുടെ തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. പഞ്ചായത്തിൽ വിവിധ ആവശ്യത്തിനുവേണ്ടി ഹാജരാക്കിയിരിക്കുന്ന ബിൽഡിംഗ് പ്ലാനുകൾ പരിശോധിച്ചതിൽ നിന്നും മട്ടന്നൂർ നഗരസഭ പരിധിയിൽ നിരവധി അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ ജോലി ചെയ്യുന്നുണ്ടെന്ന് കണ്ടു.തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യുന്നതിനായി അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാരുടെ പ്രത്യേക ലിസ്റ്റ് സൂക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും മറുപടിയായി ഓഡിറ്റ് വിഭാഗത്തിന് നൽകേണ്ടതാണ്.

## 2-4 അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല.

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 1 ൽ കൊടുത്തിരിക്കുന്ന പട്ടികയിലെ അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായ നിരക്കനുസരിച്ചാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. താഴെപ്പറയുന്നവരുടെ അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമനം | പേര് | സ്ഥാപനം | ഒന്നാം അർദ്ധ വാർഷിക വരുമാനം | ഒടുക്കിയ തൊഴിൽ നികുതി | ഒടുക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഷർമിന ബി.കെ | പഴശ്ശിവെസ്റ്റ് യു.പി.സ്കൂൾ/PT ടീച്ചർ | 1,27,604 | 1000 (രസീതി നം.105687/26.09.17) | 1250 | 250 |
| 2 | നിവിൻ | എക്സൈസ് | 2,85,880 | 1000 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | കെ | റേഞ്ച്ഓഫീസ്/സിവിൽ എക്സൈസ് ആഫീസർ | | (രസീതി നം.500044/26.09.17) | | |

കുറവ് വന്ന തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-5 ഡി ആൻഡ് ഓ ലൈസൻസ് - അപാകങ്ങൾ

1. 2017-18 വാർഷിക ധനകാര്യപത്രിക പ്രകാരവും ഡി ആൻഡ് ഓ രജിസ്റ്റർ പ്രകാരവുമുള്ള ലൈസൻസ് ഫീ ഡിമാൻഡ്,കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യപത്രിക പ്രകാരം | 935912 | 903036 | 32876 |
| രജിസ്റ്റർ പ്രകാരം | 821330 | 789145 | 32815 |

കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.44/19-01-2019) ഡി ആൻഡ് ഓ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് കൃത്യമായിട്ടുള്ളതെന്നും ജേണൽ എൻട്രി നടത്തിയതിലുള്ള അപാകതയാണ് മേൽ വ്യത്യാസത്തിനുള്ള കാരണമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകം പരിഹരിക്കേണ്ടതാണ്.

2.ഡി & ഓ അരിയർ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2016-17 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരം(B-15) ₹ 4,92,567 ഡി ആൻഡ് ഓ അരിയർ ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. 2017-18 ൽ ₹ 14,750 വരവ് വന്നിട്ടുണ്ട്.ആയതിന്റെ കൃത്യത പരിശോധിക്കാനായി ഡി ആൻഡ് ഓ അരിയർ ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കില്ല.ഡി ആൻഡ് ഓ അരിയർ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3.ലൈസൻസ് എടുക്കാതെയോ/പുതുക്കാതെയോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം നഗരസഭാപരിധിയിൽ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ2998കെട്ടിടങ്ങളുണ്ട്. എന്നാൽ ഡി & ഓ ലൈസൻസിനുള്ള അപേക്ഷകൾ 1506 എണ്ണം മാത്രമാണ്. ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾ ഒരു വാണിജ്യാവശ്യത്തിനായി ഡി & ഓ ലൈസൻസ് എടുക്കാമെങ്കിലും, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണത്തിലും വാണിജ്യാവശ്യത്തിനായുള്ള ഡി & ഓ ലൈസൻസ് അപേക്ഷകളുടെ എണ്ണത്തിലുമുള്ള പ്രകടമായ വ്യത്യാസം പരിഗണിക്കപ്പെടേണ്ടതാണ്. വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെ സാഥാപനങ്ങൾ

പ്രവർത്തിക്കുന്നില്ലായെന്ന് വരും വർഷങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 നഗരസഭാപരിധിയിലുള്ള വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്താതിനാൽ ലൈസൻസ് ഫീസിനത്തിൽ ₹ 2,21,000 നഷ്ടമായി

കേരളാ മുനിസിപ്പാലിറ്റി ആക്ട് 437-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ പരിധിയിലുള്ള യാതൊരാളും സെക്രട്ടറിയിൽ നിന്നു ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തിവയ്പിക്കാതെയും എതെങ്കിലും പട്ടിയെ വളർത്താൻ പാടുള്ളതല്ല. 2017-18 സാമ്പത്തിക വർഷം 9 വ്യക്തികൾ മാത്രമാണ് വളർത്തുപട്ടി ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. ഒരാൾക്ക് ₹500 വീതം മൊത്തം ₹4500 ലൈസൻസ് ഫീസിനത്തിൽ നഗരസഭയിലേക്ക് വരവ് വന്നിട്ടുണ്ട് (എൻക്വയറി നം.41/17.1.19). എന്നാൽ,വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. SO15/18പ്രകാരം പേവിഷ നിയന്ത്രണത്തിനായി നഗരസഭയിൽ ആകെ 20750/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റിനായി തയ്യാറാക്കി വിതരണം ചെയ്ത നോട്ടീസിൽ 12-02-2018 മുതൽ 25-02-2018 വരെ നഗരസഭയുടെ വിവിധ കേന്ദ്രങ്ങളിൽ പേവിഷ ബാധയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ നടത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച നായ്ക്കൾക്ക് നഗരസഭ ലൈസൻസ് നൽകേണ്ടതാണ്.വെറ്റിനറി സർജൻ നൽകിയ രേഖകൾ പ്രകാരവും മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരവും ക്യാമ്പിൽ 451 നായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ലൈസൻസ് നേടാതെ 442 പേർ നഗരസഭാപരിധിയിൽ നായ്ക്കളെ വളർത്തുന്നുണ്ട്. കൂടാതെ ലൈസൻസ് ഫീസിനത്തിലുള്ള ₹2,21,000 (442*500)വരവ് നഗരസഭയ്ക്ക് നഷ്ടമായി. വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച എല്ലാ നായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 കിസ്ത് ഇളവ് ചട്ടപ്രകാരമല്ലാതെ കരാർ തുകയിൽ ഇളവ് അനുവദിച്ച 1,80,000 രൂപ തിരികെ ഈടാക്കേണ്ടതാണ്

നഗരസഭയുടെ ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ഫീ പിരിക്കുന്നതിന് 2017-18 വർഷത്തിൽ ₹ 2,70,000 രൂപയ്ക്ക് ശ്രീ.വിനോദ് കുമാർ മാവില എന്നവർക്ക് കരാർ നൽകിയിരുന്നു. 9-3-2017 ലെ 14 നമ്പർ തീരുമാനപ്രകാരം ഈ കരാർ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ശ്രീ. വിനോദ് കുമാർ മാവില എന്നവർ കരാർ പ്രകാരമുള്ള തുകയുടെ ആദ്യ ഗഡുവായി ₹ 76300 രൂപ റസീത് നം. 115575 തീയതി, 10-02-2017 പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. കരാർ പ്രകാരം₹ 193700 കരാറുകാരൻ ഒടുക്കാനുണ്ടായിരുന്നു. എന്നാൽ നഗരസഭാ കൗൺസിലിന്റെ 15-1-2017 ലെ 10 തീരുമാന പ്രകാരം 30-3-2017 മുതൽ 30-11-2017 വരെയുള്ള 8 മാസകാലം കരാറുകാരന് ഇളവ് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിധം ഇളവ് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇതു പ്രകാരം കരാറുകാരൻ ഒടുക്കേണ്ട തുക പുനർ നിശ്ചിയച്ചത് താഴെ പറയും പ്രകാരമാണ്.

കരാർ തുക – 2,70,000

പാർട്ട് തുക ഒടുക്കിയത്- 76300

ഇളവ് അനുവദിച്ചത്-1,80,000

( 8 മാസം ഒരു മാസത്തിൽ 22500 പ്രകാരം- 1,80,000)

ബാലൻസ് ഒടുക്കേണ്ടത്- 13700

1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്റ്റ് ഇളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം -4 പ്രകാരം ഒരു കരാറുകാരനോ, ലൈസൻസിക്കോ കരാർ തുകയിൽ ₹ 10,000 രൂപയിലധികം ഇളവ് അനുവദിക്കുന്നപക്ഷം സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് കരാർ പ്രകാരമുള്ള തുകയിൽ 1,80,000 രൂപയുടെ ഇളവ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നിയമാനുസൃതമായി സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല ഇളവ് അനുവദിച്ചതിനുശേഷം കരാറുകാരൻ ഒടുക്കേണ്ടിയിരുന്ന 13700 രൂപ നാളിതുവരെ ഒടുക്കിയിട്ടുമില്ല. കിസ്റ്റ് ഇളവ് ചട്ടപ്രകാരം കരാറുകാരന് ഇളവ് അനുവദിച്ചത് സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാർ അനുമതിയില്ലാതെ ഇളവ് നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കരാറുകാരൻ കുടിശ്ശികയിനത്തിൽ ഒടുക്കാനുള്ള തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 65/2017-18 തീയ്യതി 23.01.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-8 വാടക നിശ്ചയിക്കാതെ എക്സൈസ് ഓഫീസിന് മുറികൾ അനുവദിച്ചു- വാടക കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്

ഇരിട്ടി താലൂക്കിൽ പുതുതായി അനുവദിക്കപ്പെട്ട ഇരിട്ടി എക്സൈസ് സർക്കിൾ ഓഫീസിന് അനുയോജ്യമായ കെട്ടിടം ലഭ്യമാക്കാനുള്ള എക്സൈസ് കമ്മീഷണറുടെ അപേക്ഷയെ തുടർന്ന് മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മിനി സ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിലെ 4/67 L.M.N എന്നീ മുറികൾ 2017 മെയ് മാസം മുതൽ അനുവദിച്ചു നൽകുകയുണ്ടായി. ഇതിന് 29-05-2017 ലെ കൗൺസിൽ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ എക്സെസെസ് ഓഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ ഈ മുറികളിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ടുന്ന വാടക ഇതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം 8) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത മുറികളുടെ വാടക PWD നിരക്കിൽ നിശ്ചയിച്ച് കിട്ടുന്നതിന് എക്സൈസ്ഓഫീസ് അധികൃതരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ടി സ്ഥാപനം ആയതിനു വേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും, ആയതിനാൽ നഗരസഭ PWD നിരക്ക് നിശ്ചയിച്ച് കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ്. നഗരസഭയ്ക്ക് നിയന്ത്രാണാധികാരമില്ലാത്ത സ്ഥാപനങ്ങൾക്ക് നഗരസഭാ ആസ്തികളിൽ മുറികൾ അനുവദിക്കുന്നതിന് മുൻപ് സ്ഥാപനവുമായി വാടകനിശ്ചയിച്ച് കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ ഈവിധം കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ട് PWD നിരക്കിൽ വാടക നിശ്ചയിച്ച് കുടിശ്ശിക സഹിതം വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്ത് നടപടി

സ്വീകരിച്ച എന്നും വ്യക്തമാക്കേണ്ടതാണ്.

## 2-9 കല്ലൂർ മിനി വ്യവസായ പാർക്ക് സംരംഭകർക്ക് വ്യവസായം തുടങ്ങാനായില്ല വാടകയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക.

നഗരസഭയുടെ ഉടമസ്ഥതയിൽ കോളാരി വില്ലേജിൽ സർവ്വെ നമ്പർ 47/1c, 47/2, 47/3 നമ്പറിൽപ്പെട്ട 3.5 ഏക്കർ സ്ഥലത്ത് കല്ലൂർ മിനി വ്യവസായ പാർക്ക് എന്ന പേരിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം 18 പ്ലോട്ടുകളായി തിരിച്ച് 17 എണ്ണം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും വർഷങ്ങൾക്ക് മുൻപ് നൽകിയിരുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്ലോട്ടുകൾ കൈവശത്തിലുള്ള ഉടമകളിൽ 7 പേർക്ക് മാത്രമാണ് ഇതുവരെ വ്യവസായ പാർക്കിൽ സംരംഭങ്ങൾ തുടങ്ങാൻ സാധിച്ചത്. ആവശ്യമായ അനുമതിപത്രങ്ങൾ ലഭിക്കാത്തതിനാൽ പതിനൊന്നോളം പ്ലോട്ടുകൾ കൈവശത്തിലുള്ളവർക്ക് ഇതുവരെയും സംരംഭങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. നഗരസഭ രേഖാമൂലം പ്രസ്തുത പ്ലോട്ടുകൾ വർഷങ്ങൾക്ക് മുൻപുതന്നെ സംരംഭകർക്ക് കൈമാറിയിരുന്നു. എന്നാൽ വ്യവസായ പാർക്കിന് വ്യവസായ വകുപ്പിന്റെ അംഗീകാരമില്ലാത്തതിനാൽ ജില്ലാ ടൗൺ പ്ലാനറുടെയും, മലിനീകരണ നിയന്ത്രണബോർഡിന്റെയും, ഫയർഫോഴ്സിന്റെയും ക്ലിയറൻസ് ലഭികാത്തതു കാരണം സംരംഭകർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ഇതുവരെയായും ലഭിക്കുകയുണ്ടായില്ല. വ്യവസായ വകുപ്പിന്റെ അംഗീകാരം വ്യവസായ പാർക്കിന് ലഭിച്ചിരുന്നെങ്കിൽ ഗ്രീൻ ചാനൽവഴി സംരംഭകർക്ക് നേരിട്ട് കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുമായിരുന്നു. വ്യവസായ വകുപ്പിന്റെ അംഗീകാരം വ്യവസായ പാർക്കിന് ലഭിക്കണമെങ്കിൽ വ്യവസായ പാർക്കിലേക്ക് 7 മീറ്റർ വീതിയിലുള്ള റോഡ് ആവശ്യമാണ്. എന്നാൽ നിലവിലുള്ള റോഡിന് പ്രസ്തുത വീതി ഇല്ലാത്തതിനാൽ വ്യവസായ പാർക്കിനുള്ള അംഗീകാരത്തിന് നഗരസഭ സമർപ്പിച്ച അപേക്ഷ പരിഗണിച്ചിട്ടില്ല. നഗരസഭ പ്ലോട്ടുകൾ അനുവദിച്ചത് മുതൽ നിയമപ്രകാരം ഈ സംരംഭകർ തറ വാടക ഒടുക്കാൻ ബാദ്ധ്യസ്ഥരാണെങ്കിലും, അവർ വിഭാവനം ചെയ്ത സ്ഥാപനങ്ങൾ തുടങ്ങാൻ ആവിശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നഗരസഭ ഏർപ്പെടുത്തിയില്ല എന്ന കാരണത്താൽ ഇവർ ആരും തന്നെ വാടകയിനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല.വ്യവസായ പാർക്ക് സംബന്ധിച്ച് നഗരസഭ തയ്യാറാക്കിയ ബൈലോയിലെ വ്യവസ്ഥ 13 പ്രകാരം ഓരോ പ്ലോട്ടിനും നിശ്ചയിച്ച വാർഷിക വാടക 12 തുല്യ മാസ ഗഡുക്കളായി ഓരോ മാസവും 15-ാം തീയതിക്ക് മുമ്പായി നഗരസഭയിൽ ഒടുക്കേണ്ടതാണെന്നും, വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 3% നിരക്കിൽ പിഴപലിശ വസൂൽ ചെയ്യുന്നതാണെന്നും, തുടർച്ചയായി 3 മാസത്തിലേറെ വാടക ഗഡുക്കൾ അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലീസിന് നൽകിയ പ്ലോട്ടിലെ കെട്ടിടമടക്കമുള്ള എല്ലാ വസ്തുക്കളും കൈവശത്തിലെടുത്തു വില്പന നടത്തി ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ അനുസരിച്ചുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വ്യവസായ വകുപ്പിന്റെ അംഗീകാരമില്ലാത്ത കാരണം ഉദ്ദേശിച്ച സംരംഭങ്ങൾ തുടങ്ങാൻ കഴിയാത്ത സംരംഭകർ വാടക കുടിശ്ശികയിനത്തിൽ ഒടുക്കാനുള്ള തുകയിൽ ഇളവ് ലഭിക്കുന്നതിന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. നഗരസഭാ കൗൺസിലിന്റെ 8-2-18 ലെ 17-ാം തീരുമാന പ്രകാരം ഈ അപേക്ഷ സർക്കാർ അനുമതിക്കായി ഗവൺമെന്റ് സെക്രട്ടറിക്ക് നഗരകാര്യ ഡയറക്ടർ മുഖേന

സമർപ്പിച്ചിരിക്കയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനം ലഭിച്ചിട്ടില്ല.വ്യവസായ പാർക്കിന്റെ ബൈലോ പ്രകാരം വ്യവസായ പാർക്കിലെ ഒരു സെന്റ് ഭൂമിക്ക് ഏറ്റവും കുറഞ്ഞ വാർഷികവാടക ₹ 600 രൂപയാണ്. വ്യവസായ പാർക്കിലെ 350 സെന്റ് സ്ഥലത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് ₹ 2,10,000 രൂപ തനത് വരുമാനമായി നഗരസഭയ്ക്ക് ലഭിക്കുമായിരുന്നു. മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും, വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയും വ്യവസായ പാർക്ക് ലേലം ചെയ്തിരുന്നെങ്കിൽ അടിസ്ഥാന വാടകയായി നിശ്ചയിച്ച സെന്റ് ഒന്നിന് ₹600 എന്ന നിരക്കിനെക്കാൾ ഉയർന്ന നിരക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്നു. വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്ലോട്ടുകൾ കൈമാറിയ ഇനത്തിൽ നാളിതുവരെ എത്ര രൂപ കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ വിവരം നഗരസഭ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരം തയ്യാറാക്കി ലേല വ്യവസ്ഥകൾക്ക് അനുസൃതമായി പിരിച്ചെടുക്കേണ്ടതാണ്. വ്യവസായ പാർക്കിന് വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാനാവശ്യമായ നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്ലോട്ട് നം. | കൗൺസിൽ തീരുമാനം | കരാർ കാലയളവ് |
|---|---|---|---|
| 1 | j | 2<br>9-5-2012 | 9-3-12 TO 8-3-23 |
| 2 | H 1 | 31<br>23-5-2008 | 6-3-09 TO 5-3-20 |
| 3 | M | 17<br>06-03-2009 | 13-9-10 TO 12-9-21 |
| 4 | G | 52<br>13-9-2010 | 13-9-10 TO 12-9-21 |
| 5 | L | 52<br>13-9-2010 | 6-11-10 TO 5-11-21 |
| 6 | A | 34<br>06-11-2010 | 1-7-11 TO 1-7-22 |
| 7 | E | 5<br>2-7-2011 | 2-7-11 TO 1-7-22 |

| | | | |
|---|---|---|---|
| 8 | S | 5<br>2-7=2011 | 23-10-14 TO 22-10-25 |
| 9 | D | 1<br>25-10-2014 | 23-10-14 TO 22-10-25 |
| 10 | F | 1<br>23-10-2014 | 23-10-14 TO 22-10-25 |
| 11 | N | 1<br>23-10-2014 | 23-10-14 TO 22-10-25 |
| 12 | Q | 1<br>23-10-2014 | 23-10-14 TO 22-10-25 |
| 13 | C | 1<br>23-10-2014 | 23-10-14 TO 22-10-25 |
| 14 | R | 1<br>23-10-2014 | 23-10-14 TO 22-10-25 |
| 15 | P | 26<br>07-12-2015 | 7-12-15 TO 6-12-26 |
| 16 | B | 2<br>19-4-2017 | 19-4-17 TO 18-4-28 |
| 17 | K | 2<br>19-4-2017 | 19-4-17 TO 18-4-28 |

## **2-10** നഗരസഭാ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലകസ് വാടക, ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശിക **₹ 1,59,52,440**

ഫയൽ- 6212/15

മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിൽ പഴശ്ശി വില്ലേജിൽ സർവ്വെ നമ്പർ 33/3 ൽ പ്പെട്ടതും, നഗരസഭാ ബസ്റ്റാന്റിന് സമീപമുള്ളതുമായ 1ഏക്കർ 50 സെന്റ് സ്ഥലത്തിൽ ന്യൂ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് എന്ന പേരിൽ ഒരു വ്യാപാര സമുച്ചയം നഗരസഭ നിർമ്മിച്ചിട്ടുണ്ട്. 2015-16 ൽ

നിർമ്മാണപ്രവർത്തനം ആരംഭിച്ച പ്രസ്തുത പ്രവർത്തി White way Builders Mavilayi എന്ന സ്ഥാപനമാണ് നിർവ്വഹിച്ചത്. 5,25,11,166 രൂപ പ്രവൃത്തി മൂല്യമുള്ള ഈ നിർമ്മാണം 2017 ൽ പൂർത്തിയാക്കി 22-3-2017 ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. KURDFC എന്ന ധനകാര്യ ഏജൻസി ഈ അവശ്യത്തിന് 4.5 കോടി രൂപ വായ്പ 12% പലിശ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം കെട്ടിടത്തിലെ മുറികളുടെ എണ്ണം ചുവടെ കൊടുക്കുന്നു

| Ground Floor | 1st Floor | 2nd Floor | Total |
|---|---|---|---|
| 17 | 24 | 24 | 65 |

ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പ് സംബന്ധിച്ച ബൈലോ തയ്യാറാക്കി 16-6-2015 ലെ 1)ം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 572 (1) വകുപ്പിൽ നിർദ്ദേശിച്ച വിധം ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. എങ്കിലും ഈ ബൈലോയിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ് മുറികളുടെ ലേലം നടത്തിയിട്ടുള്ളത്. ബൈലോയിലെ വ്യവസ്ഥ 7 ൽ നിർദ്ദേശിച്ച വിധം ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ കൈവശം വെക്കുവാനുള്ള അവകാശം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടന്നുവരവെ കെട്ടിടത്തിന്റെ രൂപരേഖ അടിസ്ഥാനമാക്കിയും. പിന്നീട് കെട്ടിട നിർമ്മാണം പൂർത്തിയായ ശേഷവും ഷോപ്പിംഗ് കോംപ്ലക്സിലെ 61 മുറികൾ പരസ്യ ലേലത്തിലൂടെ വിവിധ വ്യക്തികൾക്ക് നൽകുകയുണ്ടായി. നഗരസഭാ കൗൺസിൽ തീരുമാനിച്ചത് അനുസരിച്ച് ഓരോ മുറികൾക്കും ഡെപ്പോസിറ്റ്, വാടക നിരക്ക് നിശ്ചയിക്കുകയുണ്ടായി. ഓരോ മുറികൾക്കും ഡെപ്പോസിറ്റും, വാടകയും നിശ്ചയിച്ചതിന്റെയും ഈടാക്കിയതിന്റെയും ഈടാക്കാൻ ബാക്കിയുള്ള തുകയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര. നം | റൂം നമ്പർ | ഡോർ നം. | റൂം വിസ്തീർണ്ണം സ്വ. ഫീറ്റിൽ | നിശ്ചയിച്ച വാടക/ഡെപ്പോസിറ്റ് | | ഒടുക്കിയ ഡെപ്പോസിറ്റ് തുക | ഒടുക്കിയ വാടക | ബാലൻസ് തുക | |
|---|---|---|---|---|---|---|---|---|---|
| | | | | വാടക | ഡെപ്പോസിറ്റ് | | | ഡെപ്പോസിറ്റ് | പ്രതിമാസ വാടക തുക |
| 1 | 1 GF | 29/1158-H | 258 | 12000 | 1500000 | 750000 | Nil | 7,50,000 | 12000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 2 GF | 29/1158-G | 136 | 12000 | 15,00,000 | 10,00,000 | Nil | 5,00,000 | 12000 |
| 3 | 3GF | 29 /1158.F | 136 | | | | | | |
| 4 | 4GF | 29 /1158.J | 167 | 10,000 | 32,41,000 | 26,10,500 | Nil | 6,30,500 | 10000 |
| 5 | 4A GF | 29/1158 C | 167 | 10,000 | 35,00,000 | 29,00,000 | Nil | 6,00,000 | 10000 |
| 6 | 5 GF | 29 /1158.D | 230 | 10,000 | 32,60,000 | 16,30,000 | Nil | 16,30,000 | 10000 |
| 7 | 6 GF | 29 /1158. E | 230 | 10,000 | 31,20,000 | 31.20,000 | Nil | Nil | 10000 |
| 8 | 7 GF | 29 /1158.T | 140 | 10,000 | 20,60,000 | 10,30,000 | Nil | 10,30,000 | 10000 |
| 9 | 8 GF | 29 /1158.S | 140 | 10,000 | 20,60,000 | 17,30,000 | Nil | 3,30,000 | 10000 |
| 10 | 9 GF | 29/1158.R | 140 | 6000 | 8,00,000 | 4,50,000 | Nil | 3,50,000 | 6000 |
| 11 | 10 GF | 29/1158-Q | 140 | 6000 | 8,00,000 | 7,00,000 | Nil | 1,00,000 | 6000 |
| 12 | 11 GF | 29 /1158.K | 154 | 10,000 | 26,00,000 | 13,00,000 | Nil | 13,00,000 | 10000 |
| 13 | 12 GF | 29/1158 L | 117 | 10,000 | 18,50,000 | 18,50,000 | Nil | Nil | 10000 |
| 14 | 13 GF | 29/1158 M | 140 | 10,000 | 19,30,000 | 14,55000 | Nil | 4,75,000 | 10000 |
| 15 | 14 GF | 29 /1158 N | 140 | 8000 | 10,00,000 | 2,00,000 | Nil | 8,00,000 | 8000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 16 | 15 GF | 29 /1158 P | 140 | 10,000 | 11,00,000 | 7,00,000 | Nil | 4,00,000 | 10000 |
| GF | GFStair case Room | | 29 | 5000 | 5,00,000 | 2,50,000 | Nil | 2,50,000 | 5000 |
| 17 | 16 FF | 291158A1 | 167 | 6000 | 5,50,000 | 3,00,000 | Nil | 2,50,000 | 6000 |
| 18 | 16A FF | 29 /1158 U | 167 | 6000 | 5,50,000 | 3,00,000 | Nil | 2,50,000 | 6000 |
| 19 | 17 FF | 29/1158 Z | 258 | 7000 | 7,00,000 | 3,50,000 | Nil | 3,50,000 | 7000 |
| 20 | 18 FF | 29/1158 Y | 136 | 3750 | 3,50,000 | 3,50,000 | Nil | Nil | 3750 |
| 21 | 19 FF | 29/1158 X | 136 | 3750 | 3,50,000 | 3,50,000 | Nil | Nil | 3750 |
| 22 | 20 FF | 29 /1158 V | 230 | 6100 | 6,05,000 | 4,00,000 | Nil | 2,05,000 | 6100 |
| 23 | 21 FF | 29/1158 W | 230 | 7000 | 7,00,000 | 7,00,000 | Nil | Nil | 7000 |
| 24 | 22 FF | 29 /1158 A17 | 140 | 6000 | 7,00,000 | 7,00,000 | Nil | Nil | 6000 |
| 25 | 23 FF | 29/1158 A16 | 140 | 7300 | 7,10,000 | 4,90,000 | Nil | 2,20,000 | 7300 |
| 26 | 24 FF | 29/1158 A15 | 140 | 5000 | 7,00,000 | 7,00,000 | Nil | Nil | 5000 |
| 27 | 25 FF | 29/1158 A14 | 140 | 5500 | 4,00,000 | 4,00,000 | Nil | Nil | 5500 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 28 | 26 FF | 29/1158 A2 | 84 | 4000 | 5,00,000 | 2,50,000 | Nil | 2,50,000 | 4000 |
| 29 | 27 FF | 29/1158 A3 | 84 | | | | Nil | | |
| 30 | 28 FF | 29/1158 A5 | 84 | 3000 | 3,00,000 | 3,00,000 | Nil | Nil | 3000 |
| 31 | 29 FF | 29/1158A4 | 84 | 2000 | 4,00,000 | 2,40,000 | Nil | 1,60,000 | 2000 |
| 32 | 30 FF | 29/1158 A13 | 102 | 6000 | 8,0,3000 | 3,51,500 | Nil | 4,51,500 | 6000 |
| 33 | 31 FF | 29/1158 A12 | 102 | 2300 | 3,00,000 | 3,00,000 | Nil | NIL | 2300 |
| 34 | 32 FF | 29/1158 A15 | 218 | 6000 | 7,00,000 | 5,00,000 | Nil | 2,00,000 | 6000 |
| 35 | 33 FF | 29/1158 A7 | 117 | 6000 | 7,40,000 | 7,40,000 | Nil | Nil | 6000 |
| 36 | 34 FF | 29/1158 A8 | 117 | 6000 | 6,10,000 | 6,10,000 | Nil | Nil | 6000 |
| 37 | 35 FF | 29/1158 A9 | 140 | 3250 | 4,00,000 | 4,00,000 | Nil | Nil | 3250 |
| 38 | 36 FF | 29/1158 A10 | 140 | വ്യവഹാരം കാരണം വാടക നിശ്ചയിച്ചിട്ടില്ല. | | | | | |
| 39 | 37 FF | 29/1158 A11 | 140 | 6000 | 6,00,000 | 2,00,000 | Nil | 4,00,000 | 6000 |
| 40 | 38 SF | 29/1158 B7 | 167 | 4000 | 4,00,000 | 2,00.000 | Nil | 2,00,000 | 4000 |
| 41 | 38A SF | 29/1158 B1 | 167 | 3500 | 3,55,000 | 3,55,000 | Nil | Nil | 3500 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 42 | 39 SF | 29/1158 B6 | 258 | 4000 | 4,00,000 | 2,00,000 | | 2,00,000 | 4000 |
| 43 | 40 SF | 29/1158 B5 | 136 | 3500 | 3,50,000 | 2,65,000 | | 85000 | 3500 |
| 44 | 41 SF | 29/1158 B4 | 136 | 3500 | 3,50,000 | 2,75,000 | | 75000 | 3500 |
| 45 | 42 SF | 29/1158 B2 | 230 | 6500 | 2,50,000 | 1,30,000 | | 1,20,000 | 6500 |
| 46 | 43 SF | 29/1158 B3 | 230 | 10,000 | 7,00,000 | 5,65,360 | | 1,34,640 | 10000 |
| 47 | 44 SF | 29/1158 B2 | 140 | 2000 | 25000 | 25000 | | Nil | 2000 |
| 48 | 45 SF | 29/1158-B21 | 140 | 3000 | 2,75,000 | 2,75,000 | | Nil | 3000 |
| 49 | 46 SF | 29/1158 B19 | 140 | 2500 | 2,00,000 | 2,00,000 | | Nil | 2500 |
| 50 | 47 SF | 29/1158 B19 | 140 | 2500 | 2,25,000 | 2,25,000 | | Nil | 2500 |
| 51 | 48 SF | 29/1158 B8 | 84 | 2750 | 2,75,000 | 1,00,000 | | 1,75,000 | 2750 |
| 52 | 49 SF | 29/1158 B9 | 84 | 2000 | 2,00,000 | 2,00,000 | | Nil | 2000 |
| 53 | 50 SF | 29/1158 B11 | 84 | 2500 | 303000 | 303000 | | Nil | 2500 |
| 54 | 51 SF | 29/1158 B10 | 84 | 2500 | 301000 | 301000 | | NIl | 2500 |
| 55 | 52 SF | 29/1158 B18 | 102 | 2000 | 150000 | 1,50,000 | | NIl | 2000 |
| 56 | 53 SF | 29/1158 B17 | 102 | 2000 | 150000 | 1,50,000 | | Nil | 2000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 57 | 54 SF | 29 /1158 B12 | 218 | 3500 | 3,50,000 | 3,50,000 | | Nil | 3500 |
| 58 | 55 SF | 29/1158 B13 | 117 | 2250 | 2,50,000 | 2,50,000 | | Nil | 2250 |
| 59 | 56 SF | 29/1158 B14 | 140 | 2750 | 3,00,000 | 3,00,000 | | Nil | 2750 |
| 60 | 57 SF | 29/1158 B15 | 140 | 3000 | 2,00,000 | 1,00,000 | | 1,00,000 | 3000 |
| 61 | 58 SF | 29/1158 B 16 | 140 | 4000 | 24000 | 24000 | | Nil | 4000 |
| | | | | 3,31,200 | 4,85,,22000 | 3,55,50,360 | | 1,29,71,640 | 331200 |

ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ വ്യവസ്ഥ 16 പ്രകാരം " ലേലം ചെയ്യുന്ന ഉദ്യോഗസ്ഥൻ ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയാൽ മുറികൾ ലഭിച്ചവർ അപ്പോൾ തന്നെ ഡെപ്പോസിറ്റ് തുകയുടെ 50% വും, പിന്നീട് മുറികൾ ഏറ്റെടുക്കുന്ന തീയതിയിൽ ബാക്കി 50% വും അടക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ബൈലോ വ്യവസ്ഥകൾ അടിസ്ഥാനമാക്കി ഷോപ്പിംഗ് കോംപ്ലക്സ് ലേലം സംബന്ധിച്ച ടെണ്ടർ നോട്ടീസിൽ ( ആർ-2/6212/15 തീയതി 13-10-2015 ) ലേലം കൊള്ളുന്നയാൾ അപ്പോൾ തന്നെ ഡെപ്പോസിറ്റ് തുകയുടെ 50% വും, പിന്നീട് മുറികൾ ഏറ്റെടുക്കുന്ന തീയതിയിൽ ഡെപ്പോസിറ്റ് തുകയുടെ ബാക്കി 50% തുകയും, പ്രതിമാസ വാടകയും ( ലൈസൻസ് ഫീ) ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 22-3-2017 തീയതിയിലാണ് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തിയത്. നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ 41 മുറികൾ ലേലം, ഓഫർ എന്നിവ മുഖേന വിവിധ ആളുകൾക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മുറികൾ ഉദ്ഘാടനത്തിന് ശേഷമാണ് ലേലത്തിലൂടെ നൽകിയത്. ലേലത്തിൽ മുറികൾ ലഭിച്ചവർ ഡെപ്പോസിറ്റ് തുകയുടെ 50% ലേലം ഉറപ്പിച്ചതിന് ശേഷം ഒടുക്കിയിട്ടുണ്ട്. 22-3-2017 നാണ് ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്തതെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നില്ല. വൈദ്യുതി കണക്ഷൻ ലഭിച്ച് കെട്ടിടം പൂർണ്ണ സജ്ജമാകുന്നത് 2018 മാർച്ച് മാസത്തിൽ മാത്രമാണ്. എന്നാൽ മുറികൾ കൈവശം ലഭിച്ചവരിൽ 28 കൈവശക്കാർ മാത്രമാണ് ലേല നിബന്ധനകളിൽ നിർദ്ദേശിച്ചുപ്രകാരം ഡെപ്പോസിറ്റ് തുക പൂർണ്ണമായും ഒടുക്കിയത്. ഇപ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹ 1,29,71,640 രൂപ കുടിശ്ശികയാണ്. ലേല നിബന്ധനകളിലെ ഈ ലംഘനത്തിനെതിരെ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത്രയും ഡെപ്പോസിറ്റ് തുകയും ഇതിനു പുറമെ നിക്ഷേപമാക്കിയാൽ ലഭിക്കുമായിരുന്ന ബാങ്ക്

പലിശയിനത്തിലും ലക്ഷങ്ങളുടെ നഷ്ടമാണ് നഗരസഭയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഡെപ്പോസിറ്റ് തുക പൂർണ്ണമായും ഒടുക്കിയില്ല എന്നതുമാത്രമല്ല. പ്രതിമാസ വാടകയിനത്തിൽ ഇതുവരെ ഒരു പൈസയും കടയുടമകൾ നഗരസഭയിൽ ഒടുക്കിയിട്ടില്ല. ലേലപ്രകാരം വിവിധ കാലയളവിൽ മുറികൾ ഏറ്റെടുത്തിരുന്നെങ്കിലും നഗരസഭാ കൗൺസിലിന്റെ 15-10-2018 തീയതിയിലെ 20 നമ്പർ തീരുമാന പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഏറ്റെടുത്ത എല്ലാവരും പ്രതിമാസ വാടക 01-04-2018 മുതൽ മാത്രം ഒടുക്കിയാൽ മതിയെന്ന് തീരുമാനം എടുക്കുകയുണ്ടായി. എന്നാൽ 2018-2019 വർഷത്തിൽ ഒടുക്കേണ്ടുന്ന പ്രസ്തുത തുക ഓഡിറ്റ് കാലയളവുവരെ ഒടുക്കി തുടങ്ങിയിട്ടില്ല. നഗരസഭ നിശ്ചയിച്ച തുക അനുസരിച്ച് ഷോപ്പിംഗ് കോംപ്ലസ് വാടകയ്ക്ക് നൽകിയ മുറികളിൽ നിന്നെല്ലാമായി പ്രതിമാസം 3,31,200 രൂപ ലഭിക്കേണ്ടതുണ്ട് . ഇതുപ്രകാരം 2018 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള 9 മാസത്തെ വാടക കണക്കാക്കിയാൽ ₹ 29,80,800 രൂപ നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ഓഡിറ്റ് കാലയളവ് വരെയുള്ള ആകെ കുടശ്ശിക താഴെ പറയും പ്രകാരമാണ്.

1. ഡെപ്പോസിറ്റ് ഇനത്തിലെ കുടിശ്ശിക- - ₹ 1,29,71,640

2. വാടകയിനത്തിലെ കുടിശ്ശിക -₹ 29,80,800 [2018-19 ലാണ് ഈ തുക കുടിശ്ശിക കണക്കിൽ വരുന്നതെങ്കിലും (331200 x 9 = 2980800) ആകെ കുടിശ്ശിക തുക കണക്കാക്കേണ്ടതിനാലാണ് ഈ തുകയും ഉൾപ്പെടുത്തിയത്.]
ആകെ തുക - ₹ 1,59,52,440

മുകളിൽ കാണിച്ച പ്രകാരം വാടകയിനത്തിലും ഡെപ്പോസിറ്റിനത്തിലുമായി ₹ 1,59,52,440 രൂപ നഗരസഭ പിരിച്ചെടുക്കാനുണ്ട്. ലേലം സ്ഥിരപ്പെടുത്തിയ കാലയളവ് മുതൽ വാടക കണക്കാക്കിയിരുന്നെങ്കിൽ കുടിശ്ശിക ഇതിലും എത്രയോ അധികമാവും. നഗരസഭ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോയിലെ വ്യവസ്ഥ 20 പ്രകാരം ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടി നിശ്ചിത തീയ്യതിക്കുള്ളിൽ നിയമപ്രകാരം ഉടമ്പടി വെച്ച് മുറികൾ ഏറ്റെടുക്കാത്ത പക്ഷം ലേലം ദുർബലപ്പെടുത്തുന്നതും, ലേലക്കാരൻ കെട്ടിവച്ച നിരതദ്രവ്യവും മുൻകൂർ വാടകയും ഡെപ്പോസിറ്റ് തുകയും കണ്ടുകെട്ടി നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുന്നതാണ് എന്നും ,കൂടാതെ മുറി വീണ്ടും ലേലം ചെയ്യുമ്പോൾ ലേല സംഖ്യ ആദ്യത്തേതിൽ നിന്നും കുറവായാൽ തൻമൂലം നഗരസഭയ്ക്ക് സംഭവിക്കുന്ന നഷ്ടം ആദ്യത്തെ ലേലക്കാരനിൽ നിന്നും വസൂലാക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരുക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലേല നിബന്ധന പാലിക്കാതെ കുടിശ്ശിക വരുത്തിയവർക്കെതിരെ മേൽ വ്യവസ്ഥ പ്രകാരമുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ കൈവശം വച്ചുവരുന്ന ഉടമകൾ ആരും തന്നെ നഗരസഭയുമായി നിയമാനുസൃതമുള്ള കരാറുടമ്പടി വെച്ചിട്ടുമില്ല. മേൽ കരാർ ലംഘനം നടത്തിയ ലൈസൻസികൾ എല്ലാം തന്നെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ കൈവശംവച്ച് ഇപ്പോഴും കച്ചവടം നടത്തിവരികയുമാണ്.

മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണ പ്രവൃത്തിക്ക് ചെലവായ തുക ₹ 5,25,11,166 രൂപയാണ് ( ഓഡിറ്റ് എൻക്വയറി നം. 30 , മറുപടി തീയതി, 21-1-2019 ) ഈ തുകയോടൊപ്പം സർവ്വീസ് ടാക്സ് ഇനത്തിൽ ₹ 29,40,625 രൂപകൂടി കരാറുകാരന് നഗരസഭ നൽകേണ്ടതുണ്ട് ഈ തുക ഉൾപ്പെടെ കരാറുകാരന് നൽകാനുള്ള ആകെ തുക ₹ 5,54,51,791 രൂപയാണ്. ഈ തുകയിൽ 2017-18 വരെ ₹ 5,13,36,482 രൂപ നൽകിയിട്ടുണ്ട്. ₹ 41,15,309 രൂപ കരാറുകാരന് ഇനിയും നൽകാൻ ബാക്കിയുണ്ട്. നഗരസഭ KURDFCയിൽ നിന്നുള്ള ലോണും, തനത് ഫണ്ടും ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയത്.

KURDFC യിൽ നിന്നും 4.5 കോടി ലോൺ അനുവദിച്ചിരുന്നു. ഈ തുകയിൽ ₹3,93,36,119 രൂപ വിവിധ ഘട്ടങ്ങളിലായി നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2015-16 മുതൽ 2017-18 വരെ 12% പലിശ ഇനത്തിൽ മാത്രം ₹ 89,61,072രൂപയും, മുതൽ ഇനത്തിൽ ₹ 1,60,36,619 രൂപയും ഇതുവരെ ഒടുക്കിയതായി ഓഡിറ്റിൽ രേഖാമൂലം അറിയിക്കുകയുണ്ടായി ഇത്തരം സാഹചര്യത്തിലാണ് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ടുന്ന വരുമാനം യഥാസമയം പിരിച്ചെടുക്കാതെ കുടിശ്ശികയായി കിടക്കുന്നതും, തുടർനടപടി സ്വീകരിക്കാത്തതും വളരെ ഗൗരവമേറിയതാകുന്നത്. പ്രസ്തുത വിഷയം ഓഡിറ്റ് സമാപന യോഗത്തിൽ നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽ പ്പെടുത്തുകയുണ്ടായി. ഏറ്റവും പെട്ടന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി അറിയിക്കുകയുണ്ടായി.

ലേല നടപടികൾ സംബന്ധിച്ച് നഗരസഭാ കൗൺസിൽ തയ്യാറാക്കി അംഗീകരിച്ച ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കാത്ത ബൈലോ വ്യവസ്ഥകൾപ്രകാരമുള്ള ലേല നടപടികൾക്കോ, കരാറുകാരനെതിരെ സ്വീകരിക്കുന്ന നിയപരമായ നടപടികൾക്കോ നിയമസാധുത ലഭിക്കുമോ എന്നത് സംബന്ധിച്ച് ഗവ.പ്ലീഡറിൽ നിന്നും നിയമോപദേശം തേടേണ്ടതാണ്. ലേല വ്യവസ്ഥകൾ ലംഘിച്ച് മുനിസിപ്പൽ ആസ്തികൾ കൈവശം വെച്ച് വരുന്ന ലൈസൻസികളിൽ നിന്നും വാടക ഡെപ്പോസിറ്റ് ഇനത്തിലെ കുടിശ്ശിക പൂർണ്ണമായും ഈടാക്കി, നഗരസഭയുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇതൊടൊപ്പം ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇത്തരം വിഷയങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്. വ്യക്തികളുമായും സ്ഥാപനങ്ങളുമായും കരാറിൽ ഏർപ്പെടുമ്പോൾ അത് നഗരസഭയുടെ സാമ്പത്തിക താത്പര്യങ്ങൾക്ക് അനുഗുണമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതും പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതുമാണ്.

## 2-11 നഗരസഭാ ആസ്തികളിലെ ആദായം എടുക്കുന്ന വൃക്ഷങ്ങൾ സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

നഗരസഭാ ആസ്തികളിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം പ്രതിവർഷം ലേലം ചെയ്ത് നൽകുന്നുണ്ട്. ലേല നോട്ടീസ് പ്രകാരം താഴെ പറയുന്ന ഇനങ്ങളാണ് ലേല വസ്തുക്കളായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ.നം. | വൃക്ഷ ഇനം | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 149<br>ഇതിനു പുറമെ പഴശ്ശിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള<br>1.92 ഏക്കർ സ്ഥലത്തുള്ള ഫലവൃക്ഷങ്ങൾ ( എണ്ണം രേഖപ്പെടുത്തിയിട്ടില്ല ) |

ഇത്രയും ഉദയങ്ങൾ നഗരസഭയുടെ കൈവശത്തിലുള്ള ഏതൊക്കെ സ്ഥലങ്ങളിലുള്ളതാണെന്നും, ഓരോ സ്ഥലത്തിന്റെയും സർവ്വെ നം. സഹിതം പ്രത്യേകമായി ഒരു രജിസ്റ്റർ തയ്യാറാക്കി

സൂക്ഷിക്കുന്നില്ല. അപ്രകാരം ഒരു രജിസ്റ്ററിൽ ഇവ രേഖപ്പെടുത്തേണ്ടതാണ്. ആദായം എടുക്കുന്ന വൃക്ഷങ്ങൾക്കുപുറമെ നഗരസഭാ ഉടമസ്ഥതയിലുള്ളതും, വിവിധ പദ്ധതികൾക്കായി പർച്ചേസ് ചെയ്തതുമായ ഭൂമിയിലെ മരങ്ങൾ സംബന്ധിച്ചുമുള്ള സ്ഥിതിവിവരവും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഒരോ വർഷവും പരിസ്ഥിതി ദിനാചരണത്തിന്റെയും, സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങളുടെയും ഭാഗമായി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നഗരസഭ അധീനതയിലുള്ള ഭൂമിയിൽ നടന്നുവരുന്ന സന്ദർഭത്തിൽ ഈ വിധം പ്ലാന്റ് ചെയ്യുന്ന വൃക്ഷങ്ങളുടെ വിവരവും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

നഗരസഭയിൽ വിവിധ തസ്തികയിൽ ദിവസ വേതനത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| ഡ്രൈവർ | 6 |
| ജെ.എച്ച്.ഐ. ഗ്രേഡ്-11 | 1 |
| ഓവർസിയർ | 1 |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ | 2 |

ഈ ജീവനക്കാരിൽ ഡ്രൈവർ തസ്തികയിൽ 5 പേരും, ജനസേവനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററും ദിവസ വേതനാടിസ്ഥാനത്തിലാണ് വർഷങ്ങളായി ജോലി ചെയ്തു വരുന്നത്. നഗരസഭയിൽ ആറ് വാഹനങ്ങളുണ്ട്. ഇതിനെല്ലാമായി ഒരു ഡ്രൈവർ തസ്തികമാത്രമേ അനുവദിച്ചിട്ടുള്ളൂ. ഒരു ഡ്രൈവർ നഗരസഭയിലെ കണ്ടിജന്റ് വിഭാഗത്തിൽ നിന്നും വർക്ക് അറേഞ്ച് വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുകയാണ്. ജീവനക്കാരെ താൽകാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സ്വീകരിക്കേണ്ടുന്ന നടപടികൾ സ.ഉ (പി) നം. 28/2016 ധന, തീയതി, 26-2-2016, സ.ഉ (പി) നം. 56/2017 ധന, തീയതി, 28-4-2017, സ.ഉ (പി) നം. 112/2018 ധന, തീയതി, 21-7-2018 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സ്ഥിരം തസ്തികയിലെ എല്ലാ താൽകാലിക നിയമങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കേണ്ടതാണ്. സ്ഥിരം തസ്തികയില്ലാത്ത താല്കാലിക നിയമങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. സുതാര്യത ഉറപ്പുവരുത്തുന്നതിനായി പത്രപരസ്യം, ഇന്റർവ്യൂ തുടങ്ങിയ നിയമന നടപടികളിലൂടെ മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. 179 ദിവസത്തിൽ കൂടുതൽകാലം തുടർച്ചയായി ഒരേ വ്യക്തിയെ താൽകാലിക തസ്തികയിൽ തുടരാൻ അനുവദിക്കരുത്. സ്ഥിരമായി വർക്കിംഗ് ഏറേഞ്ച്മെന്റിൽ ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ യഥാർത്ഥ തസ്തികയിലെ ജോലിക്ക് മതിയായ ജീവനക്കാർ ഇല്ലാത്ത സാഹചര്യം ഉണ്ടാവുമെന്നതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തുകയോ, ദിവസ വേതനത്തിന് മറ്റുജീവനക്കാരെ

നിയമിക്കുന്നതോടൊപ്പം ഈ തസ്തികയിലും ജീവനക്കാരെ ദിവസ വേതനത്തിന് നിയമിക്കേണ്ടതാണ്. താൽക്കാലിക നിയമനത്തിന് പ്രത്യേക അനുമതി ലഭിച്ചിട്ടില്ല. നഗരസഭയിൽ സർക്കാർ അനുമതിയോടെ വാങ്ങിയ വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർ തസ്തിക അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഉരുവച്ചാൽ ഡയാലിസ് സെന്റർ ജീവനക്കാരുടെ നിയമനത്തിനും തുടർ നടത്തിപ്പിനും സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

ഫയൽ- സി.3 -14589/17

ദേശീയ നഗര ആരോഗ്യ ദൗത്യത്തിന്റെ (NUHM ) ഭാഗമായി ഉരുവച്ചാൽ എന്ന സ്ഥലത്ത് ഒരു ഡയാലിസ് സെന്റർ നഗരസഭ നിർമ്മിക്കുയുണ്ടായി പ്രസ്തുത സ്ഥാപനം 2018 ജനുവരി മാസം മുതൽ പ്രവർത്തനമാരംഭിച്ചു. ഈ സ്ഥാപനത്തിനാവശ്യമായ NUHM മാർഗ്ഗരേഖ അനുസരിച്ചുള്ള കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നഗരസഭയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഡയാലിസ് ടെക്നീഷ്യൻ, നഴ്സ്, അറ്റന്റർ, ക്ലീനിംഗ് സ്റ്റാഫ് എന്നീ തസ്തികയിൽ ജീവനക്കാരെ നഗരസഭ താൽകാലികാടിസ്ഥാനത്തിൽ പത്രപരസ്യം വഴി വാക്ക് ഇൻ ഇന്റർവ്യൂ നടത്തി നിയമിച്ചിട്ടുണ്ട്. ഡയാലിസ് സെന്ററിൽ ഇപ്പോൾ ടെക്നീഷ്യൻ തസ്തികയിൽ ഒരാളും, സ്റ്റാഫ് നഴ്സ് തസ്തികയിൽ 2പേരും, അറ്റന്റർ തസ്തികയിൽ 1 ആളും, ക്ലീനിംഗ് സ്റ്റാഫായി 2 പേരുമാണുള്ളത്. ഇവർക്കെല്ലാം NUHM മാനദണ്ഡപ്രകാരമുള്ള ഹോണറേറിയമായി നഗരസഭ തനത് ഫണ്ടിൽ നിന്നും പ്രതിമാസം തുക ചെലവഴിക്കുന്നുണ്ട്. ടെക്നീഷ്യന് ഹോണറേറിയമായി 15000രൂപയും, സ്റ്റാഫ് നഴ്സിന് 13900 രൂപയും, അറ്റന്റർ തസ്തികയിലുള്ളവർക്ക് 7000 രൂപയും, ക്ലീനിംഗ് സ്റ്റാഫിന് 6000 രൂപ വീതവുമാണ് പ്രതിമാസം നൽകിവരുന്നത്. ഈയിനത്തിൽ ഒരു മാസം നഗരസഭയ്ക്ക് 61800 രൂപയുടെ ചെലവുണ്ട്. ഡയാലിസ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല. 6 രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സൗകര്യമാണ് സെന്ററിലുള്ളത്. സ്ഥാപനത്തിന്റെ നടത്തിപ്പിനായി അർബൻ പി.എ.ച്ച്.സി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 400 രൂപയാണ് ഡയാലിസിസ് ചെയ്യാൻ വരുന്നവരിൽ നിന്നും ചാർജ്ജായി ഈടാക്കുന്നത് ഈ തുക നഗരസഭയ്ക്ക് കൈമാറുകയാണ് ചെയ്തുവരുന്നത്. ഈയിനത്തിൽ നഗരസഭ ലഭ്യമാക്കിയ കണക്ക് പ്രകാരം ഓഡിറ്റ് കാലയളവ് വരെ ആകെ ₹ 4,53,946 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ വരവ് ചെലവ് സംബന്ധിച്ച് പ്രത്യേക രേഖകളൊന്നുംപരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഡയാലിസ് സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ ചെലവുകളും നഗരസഭയാണ് വഹിച്ചുവരുന്നുണ്ട്.ഡയാലീസ് സെന്റർ ബഡ്സ് സ്കൂൾ നടത്തുന്നതു പോലെ വികസന ഫണ്ട് ഉപയോഗിച്ച് സർക്കാർ അനുമതിക്ക് വിധേയമായി നടത്താനുള്ള തീരുമാനം (8-12-2017 ലെ തീരുമാനം നം.27) കൗൺസിൽ എടുത്തിട്ടുണ്ട്. ഇപ്പോൾ നിയമിച്ച തസ്തികകൾക്ക് സർക്കാർ അംഗീകാരമില്ല. സ്ഥാപനത്തിനാവശ്യമായ തസ്തികയിലെ നിയമനം സംബന്ധിച്ചും, വികസന ഫണ്ട് ഉപയോഗിച്ചുള്ള തുടർ നടത്തിപ്പിനും സർക്കാർ അനുമതി വാങ്ങേണ്ടതാണ്. അതോടൊപ്പം പ്രസ്തുത സെന്ററിന്റെ പ്രവർത്തനമാർഗ്ഗരേഖ സംബന്ധിച്ച നിയമാനുസൃത ബൈലോ തയ്യാറാക്കേണ്ടതും, സ്ഥാപനത്തിന്റ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ, വിവരങ്ങൾ, രേഖകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകാവുന്നതുമാണ്. ഈ സ്ഥാപനത്തിന്റെ

പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ തുടർ വർഷങ്ങളിലെ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ രംഗത്ത് ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിൽ നഗരസഭ കാണിക്കുന്ന പ്രത്യേക ശ്രദ്ധ ശ്ലാഘനീയമാണ്.

## 3-3 തെരുവുവിളക്ക് യഥാർത്ഥ എണ്ണവും തരവും സംയുക്തപരിശോധനയിൽ തിട്ടപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രതിമാസം ₹ 1,26,784 രൂപയാണ് തെരുവുവിളക്കുകളുടെ ചാർജ്ജിനത്തിൽ നഗരസഭ ഒടുക്കി വരുന്നത്. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി സംബന്ധിച്ച ടെണ്ടർ പരസ്യത്തിൽ നഗരസഭാ പരിധിയിലുള്ള വിവിധ തരം വിളക്കുകളുടെ പട്ടികയിൽ 200 സാധാരണ ബൾബുകൾ നിലവിലുള്ളതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ സാധാരണ വിളക്കുകളൊന്നുംനിലവിലില്ല എന്നാണ് നഗരസഭാ അധികൃതർ തന്നെ അറിയിച്ചത്. ഈ സാഹചര്യത്തിൽ നഗരസഭ ഒടുക്കുന്ന തെരുവുവിളക്കുകളുടെ ചാർജ്ജിനത്തിലെ കൃത്യത സംബന്ധിച്ച് നഗരസഭാ അധികൃതർക്കുപോലും വ്യക്തതയില്ല. ഇത്തരം സാഹചര്യത്തിൽ പ്രതിമാസം തെരുവുവിളക്കുകൾക്ക് വൈദ്യുതിചാർജ്ജ് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കുന്ന ബിൽ ഇൻവോയ്സ് പരിശോധിച്ച് കൃത്യത വിലയിരുത്തേണ്ടതും, കെ.എസ് ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നഗരസഭാ പരിധിയിലെ തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച സ്ഥിതിവിവരം തയ്യാറാക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 65529/ഡി.എ.3 /12തീയതി 12-3-2013 സർക്കുലറിൽ നിർദ്ദേശിച്ച വിധം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 3-4 പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കാതെ വർഷങ്ങളായി 191 ടാപ്പുകളുടെ തുക ഓടുക്കിവരുന്നു.

നഗരസഭ തനത് ഫണ്ടിൽ നിന്നും പ്രതിമാസം ₹ 1,25,487 രൂപ വീതം വെള്ളക്കരമിനത്തിൽ ഒടുക്കിവരുന്നു. 191 പൊതു ടാപ്പുകളുടെ നിരക്കായാണ് പ്രസ്തുത തുക ബില്ലിൽ കാണിച്ചിട്ടുള്ളത്. വർഷങ്ങളായി ഇതേ ടാപ്പുകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് ജലഅതോറിറ്റി ബിൽ തുക ഡിമാന്റ് ചെയ്യുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിൽ സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിന് 1-3-2018, 21-4-2018 തീയതികളിൽ ജലഅതോറിറ്റി അധികൃതർക്ക് കത്ത് അയച്ചതായും അത് അനുസരിച്ച് 5-6-2018 തീയതിയിൽ സംയുക്ത പരിശോധന നിശ്ചയിച്ചെങ്കിലും പരിശോധന നടത്താൻ സാധിച്ചില്ല എന്നുമുള്ള മറുപടിയാണ് അറിയിച്ചിരിക്കുന്നത്. തനത് വരുമാനത്തിൽ ഉണ്ടായേക്കാവുന്ന ആവർത്തന നഷ്ടം പരിഗണിച്ച് ഈ വിഷയത്തിന് നഗരസഭ മുൻഗണന

നൽകേണ്ടതും എത്രയും പെട്ടെന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതു ടാപ്പുകൾ നിർണ്ണയിക്കേണ്ടതുമാണ്.

## 3-5 ഗസ്റ്റ് ഹൗസ് സ്ഥലമെടുപ്പ് -ഭൂ സംരംക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 253 /17-18

: മുനിസിപ്പൽ ഗസ്റ്റ് ഹൗസിന് സ്ഥലമെടുപ്പ്

പ്രോജക്ട് അടങ്കൽ : ₹ 40,30,550

പ്രോജക്ട് ചെലവ് : ₹ 40,30,550 ( ബിൽ നം. 19/17-18 തീയതി, 28-02-2018)

മുനിസിപ്പൽ ഗസ്റ്റ് ഹൗസ് നിർമ്മാണ ആവശ്യത്തിന് പഴശ്ശി അംശം കരേറ്റ ദേശത്ത് സർവ്വെ നമ്പർ 53/3ബി യിൽപ്പെട്ട 0.55 സെന്റ് ഭൂമി സ്വകാര്യ വ്യക്തിയിൽ നിന്നും നഗരസഭ വാങ്ങുകയുണ്ടായി. റവന്യൂ വകുപ്പ് നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് അനുസരിച്ച് ( Ref, No. C1. DCKNR /11676/2017 തീയതി, 19-12-2017 ) വസ്തുവിന്റെ വില സെന്റ് ഒന്നിന് ₹ 77000 രൂപയാണ്. നഗരസഭാ അധികൃതർ ഭൂവുടമയുമായി ചർച്ചനടത്തിയതിന്റെ അടിസ്ഥാനത്തിൽ സെന്റൊന്നിന് 70,000 രൂപയ്ക്ക് ഭൂമി വിൽക്കാൻ ഉടമ തയ്യാറാവുകയും, 547/18 തീയതി, 27-2-2018 നമ്പർ പ്രകാരം മട്ടന്നൂർ എസ്. ആർ. ഒ യിൽ ആധാരം രജിസ്റ്റർ ചെയ്യുകയുണ്ടായി. ഭൂമിയുടെ വിലയിനത്തിൽ 38,50,000 രൂപ നൽകുകയുണ്ടായി ( 55 x70,000 = 38,50,000) (പ്രോജക്ട് പ്രകാരമുള്ള ബാക്കിതുക 1,80,550 രൂപ രജിസ്ട്രേഷൻ ചെലവിനത്തിലുള്ള തുകയാണ്). ഈ ഭൂമി വാങ്ങുന്നത് സംബന്ധിച്ച് 9-3-2017 ലെ തീരുമാനം 7 പ്രകാരം നഗരസഭാ കൗൺസിലിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഈ ഭൂമി നിൽക്കുന്ന സ്ഥലം നേരിട്ട് പരിശോധിച്ചതിൽ വളരെ ഉയർന്ന പ്രദേശമായാണ് കാണപ്പെട്ടത്. ഈ ഭൂമിക്ക് സമീപമായി നഗരസഭയുടെ കൈവശം 35 സെന്റ് സ്ഥലം വേറെയുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത സ്ഥലം മുനിസിപ്പൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് വാങ്ങിയതാണെന്നും മേൽ പ്രോജക്ട് പ്രകാരം വാങ്ങിയത് പാർക്കിംഗ് ആവശ്യത്തിനാണെന്നുമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതും, ഓഡിറ്റിൽ വിശദീകരിച്ചതും, . കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യോഴിക്കലും) ചട്ടങ്ങൾ 2000 സെക്ഷൻ 3 (എ) (ബി) യിൽ മുനിസിപ്പാലിറ്റി വാങ്ങുന്ന ഭൂമി പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രേഖ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നം.3 തീയതി, 14-1-2018 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഭൂമിയുടെ അനുയോജ്യത സംബന്ധിച്ച സാക്ഷ്യപത്രം മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് എന്ന് അറിയിക്കുകയുണ്ടായി. മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിൽ ഈ വിധം മുനിസിപ്പൽ എഞ്ചിനീയറാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ മുനിസിപ്പൽ ഭരണ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച് വ്യക്തതവരുത്തി ഉചിത അധികാരസ്ഥാനത്തുനിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. നഗരസഭ

വിവിധ കാലയളവിൽ വാങ്ങിയിട്ടുള്ള സ്ഥലം കൃത്യമായി അളന്ന് അതിർത്തി നിർണ്ണയിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, കാലാകാലങ്ങളിൽ ഭൂനികുതി ഒടുക്കുന്ന വിവരം രേഖപ്പെടുത്തി വെയ്ക്കേണ്ടതുമാണ്. ഭൂമി വാങ്ങുന്നത് സംബന്ധിച്ച് പ്രോജക്ടിൽ വിഭാവനം ചെയ്ത പദ്ധതികൾക്ക് പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-6 ശൂന്യവേതാനാവധി ക്രമീകരിച്ചത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മട്ടന്നൂർ നഗരസഭയിലെ കണ്ടിജന്റ് വർക്കറായ ശ്രീ. ശശീന്ദ്രൻ, വട്ടപ്പറമ്പിൽ എന്നവർ വിദേശത്ത് ജോലിക്കു പോകുന്നതിന് 05-05-2003 മുതൽ 5 വർഷക്കാലം സർക്കാർ അവധി അനുവദിച്ചിരുന്നു. (20-07-2002 ലെ സ. ഉ. (സാധാ ) നം. 1962/2002/ത.സ്വ.ഭ.വ ) ടി ജീവനക്കാരൻ 05-05-2008 മുതൽ വീണ്ടും 5 വർഷത്തേക്ക് കൂടി അവധിയിൽ തുടരുകയുണ്ടായി. എന്നാൽ 05-05-2008 മുതലുള്ള 5 വർഷ കാലയളവിലെ അവധി അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിച്ചിരുന്നെങ്കിലും അവധി അനുവദിച്ചതോ നിരസിച്ചതോ സംബന്ധിച്ച് യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. 10 വർഷക്കാലത്തോളം ശൂന്യവേതനാവധിയിൽ തുടർന്ന ജീവനക്കാരനെ 14-05-2013 ലെ തീരുമാനം നമ്പർ 18 പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയുണ്ടായി. ഇപ്പോഴും സേവനത്തിൽ തുടരുന്ന പ്രസ്തുത ജീവനക്കാരന്റെ ശൂന്യ വേതനാവധി ക്രമീകരിച്ചത് സംബന്ധിച്ച സർക്കാർ തീരുമാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവുവിളക്ക് വാർഷിക അറ്റകുററപണി കരാർ- സർക്കാർ നിർദ്ദേശ പ്രകാരമുള്ള രേഖകൾ തയ്യാറാക്കിയില്ല - ചെലവ് തുക ₹3.31.980 തടസ്സത്തിൽ വെക്കുന്നു.

ഫയൽ- ഇ1- 10902 /15 (vol-11)

വൗച്ചർ നം. 869/17-18 തീയതി, 4-12-2017 തുക- ₹ 3.31.980

നിർവ്വഹണം--മുനിസിപ്പൽ എഞ്ചിനിയർ

നഗരസഭയിലെ 35 വാർഡുകളിലെ തെരുവുവിളക്കുകളുടെ റിപ്പയറിംഗും മാറ്റിസ്ഥാപിക്കലും നിർവ്വഹിക്കുന്നതിനായി 30-3-2017 ലെ ടെണ്ടർ നടപടിയിലൂടെ ശ്രീ. ശ്രീലേഷ്. സി എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറെ ഏല്പിച്ചിരുന്നു. നഗരസഭാ പരിധിയിലുള്ള വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ₹ 15,26,800 രൂപയുടെ കരാറാണ് ടെണ്ടർ നടപടിയിലൂടെ അംഗീകരിച്ചിരുന്നത്. എ.എം.സി. സംബന്ധിച്ച 21-3-2017 തീയതിയിലെ ടെണ്ടർ പരസ്യത്തിൽ നഗരസഭാ പരിധിയിൽ റിപ്പയർ ചെയ്യേണ്ടുന്ന വിളക്കുകളുടെ എണ്ണം സംബന്ധിച്ച ഒരു കണക്ക് താഴെ പറയും പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

| ക്രമ.നം. | ഇനം | എണ്ണം |
|---|---|---|
| 1 | 40 /60 W സാധാരണ ബൾബ് | 200 |

| | | |
|---|---|---|
| 2 | സോഡിയം വേപ്പർ / മെർക്കുറി ലാമ്പ് ( 150 W ) | 75 |
| 3 | സോഡിയം വേപ്പർ / മെർക്കുറി ലാമ്പ് ( 250 W ) | 38 |
| 4 | 2 x 18 W CFL &1 x36 W CFL | 607 |
| 5 | 2x 11 W CFL | 562 |
| 6 | 1x 11 W CFL | 20 |
| 7 | ഹൈ മാസ്റ്റ് ലാമ്പ് ( 250 W X 8 Nos) | 1 |
| 8 | എൽ.ഇ.ഡി വിളക്കുകൾ | 100 |

മേൽ കാണിച്ച വിളക്കുകളുടെ എണ്ണം ഉദ്ദേശം മാത്രമാണെന്നും. യഥാർത്ഥ എണ്ണം ജോയിൻ ഇൻസ്പെക്ഷനിലൂടെ നിശ്ചയിക്കുന്നതാണെന്നും ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വിധം സംയുക്ത പരിശോധന നടത്തിയിട്ടില്ല.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പരിധിയിലുള്ള തെരുവുവിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും ടെണ്ടറിംഗ് നടപടികളിലൂടെ നടത്തുവാൻ തദ്ദേശ സ്വയംഭരണ (ഡി.എ ) വകുപ്പ്, തിരുവനന്തപുരം, നം.3055/ഡി.എ3 2011/ തസ്വഭവ ,തീയതി, 15-09-2011 സർകുലറിലൂടെ അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ഈ ടെണ്ടറിന് ബാധകമായിരിക്കുമെന്ന് ടെണ്ടർ പരസ്യത്തിലും വ്യക്തമാക്കിയിട്ടുണ്ട്. തെരുവുവിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജി. ചെയ്യുന്നതിനായി ഒരു രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ, കെ.എസ്.ഇ.ബി ഓഫീസിലോ സൂക്ഷിക്കേണ്ടതാണെന്നും,കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥക്കൾക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഇതു സംബന്ധിച്ച വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും ഭാവിയിൽ സൂക്ഷിക്കുന്നതാണെന്നമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 49 തീയതി 21-2-2019 നുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. കരാറുകാരന് എ.എം.സി കരാർപ്രകാരം ഓരോ ഘട്ടത്തിലേയും തുക അനുവദിക്കുമ്പോൾ അതുവരെ റിപ്പയർ ചെയ്ത വിളക്കുകളുടെ പട്ടിക എണ്ണം, തരം, റിപ്പയർ ചെയ്ത തീയതി ക്രമത്തിൽ തയ്യാറാക്കിവേണം തുക നൽകുവാൻ. എന്നാൽ ഫയലിൽ

ഹാജരാക്കിയ രേഖകളിൽ ഈ വിധം പട്ടിക തയ്യാറാക്കിയവിവരങ്ങൾ കാണുന്നില്ല. വാർഡ് മെമ്പർ സാക്ഷ്യപത്രത്തിൽ റിപ്പയർ ചെയ്ത വിളക്കുകളുടെ തരം , റിപ്പയർ ചെയ്ത തീയതി, പോസ്റ്റ് നം/ ലോക്കേഷൻ എന്നിവ അപൂർണ്ണമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ എ.എം.സി കരാറുകാരന് നൽകിയ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് ചൂണ്ടികാട്ടിയ വിഷയങ്ങൾ സംബന്ധിച്ച് രേഖകൾ ലഭ്യമാവുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-8 <u>സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള നിരക്ക് ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കാൻ കണക്കാക്കിയില്ല</u>

<u>ഫയൽ- ഇ1- 10110/17</u>

പരിയാരം GSM സൈറ്റിൽ നിന്നും പാലോട്ടുപ്പള്ളി വെമ്പടി റോഡിൽ പരിയാരം GSM സൈറ്റ് വരെ 1730 മീറ്റർ നീളത്തിൽ 1.65cm ആഴത്തിലും, 35 cm വീതിയിലും കുഴിയെടുക്കുന്നതിന് അനുമതിക്കായി ബി.എസ്.എൻ. എൽ അധികൃതർ W6/DE ( I N S T) KNR/17-18 /12 തീയതി, 2.08-2017 കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 27-2-2018 ലെ ഇ1 /10110/17നമ്പർ കത്തിൽ നഗരസഭ റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ താഴെ പറയുന്ന തുക ഒടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

Earth Surface 1730 x.40 = 692.00m2

(Rate for earth cutting vide Go.(Rt) No. 1809/2017 PWD TVM, Dated, 2-12-2017 ₹ 820.39 per m2)

Reformation Charge = 692m2 x820.39 = 567710

GST 18% = 1,02188

----------

ആകെ. ₹ 6,69,898

ടെലിക്കോം കേബിൾ ഇടുന്നതിന്റെ ചാർജ്ജ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനിയർ, പൊതുമരാമത്ത് ദേശീയ പാത വിഭാഗം, തിരുവനന്തപുരം, 10-10-2012 ലെ എൻ.എച്ച്. 5 ഡി-10-1842/85/ബി, സർകുലറിൽ സാധാരണ പ്രതലത്തിൽ കേബിൾ കുഴിക്കുന്നതിന്റെ Restoration width എന്നാൽ Trench Width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണികാതെയാണ് Restoration Fee കണകാക്കിയിരിക്കുന്നത് മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 50 ന് ലഭ്യമാക്കിയ മറുപടിയിൽ കുഴിയെടുക്കുന്ന റോഡരികിൽ ധാരാളം സ്ഥലം ഒഴിഞ്ഞ സ്ഥലം ( brim width) ഉള്ളതിനാലാണ് Restoration width Trech width ന്റെ 1.5 മടങ്ങായി കണകാക്കാതിരുന്നത് എന്നാണ്. ഇത് ക്രമപ്രകാരമല്ല ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള തുക കണക്കാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈയിനത്തിൽ നാളിതുവരെ ബി.എസ്.എൻ.എൽ തുകയൊന്നും നഗരസഭയിൽ ഒടുക്കിയിട്ടില്ല.

## 3-9 കാർഷിക മേഖലയിൽ നടപ്പാക്കിയപ്രോജക്ടുകൾ മോണിറ്ററിംഗ് അപര്യാപ്തം

2017-18 വർഷത്തിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ താഴെപറയുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 4/17-18 | കരനെൽ കൃഷി | 1,94,000 |
| 2 | 5/17-18 | ജൈവ പച്ചക്കറി കൃഷി | 4,73,625 |
| 3 | 6/17-18 | പാടശേഖരങ്ങളിൽ സംഘകൃഷി | 15,91,200 |
| 4 | 7/17-18 | ഫലവർഗ്ഗ കൃഷി വികസനം | 9375 |
| 5 | 9/17-18 | ഇടവിള കൃഷി | 4,69,000 |
| 6 | 10/17-18 | പച്ചക്കറി കൃഷി വ്യക്തിഗതം | 4,10,625 |
| 7 | 11/17-18 | നാളികേര കൃഷി വികസനം | 3,01,500 |

ഈ പ്രോജക്ടുകളെല്ലാം നടപ്പാക്കിയിട്ടുണ്ട്. ഗുണഭോക്താകൾക്കെല്ലാം പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുമുണ്ട്. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയാണ് പ്രോജക്ടിലെ സബ്സീഡി ഗുണഭോക്താകൾക്ക് നൽകുന്നത്. എന്നാൽ ഈ വിധം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്ത തുക അവരുടെ അക്കൗണ്ടിലൂടെ ലഭിച്ചതായുള്ള രേഖകളൊന്നും വാങ്ങി സൂക്ഷിക്കുന്നില്ല. ലക്ഷക്കണക്കിന് രൂപയാണ് ഈ വിധം പ്രോജക്ടിലൂടെ ചെലവിടുന്നത് .ആയതിനാൽ സബ്സിഡി തുക അക്കൗണ്ടിലൂടെ ഗുണഭോക്താവിന് ലഭിച്ച എന്ന് ഉറപ്പിക്കുന്നതിനായി തുക ബാങ്ക് പാസ് ബുക്കിൽ ക്രഡിറ്റ് ചെയ്തതിന്റെ പകർപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

മേൽ പ്രോജക്ടുകളിലൂടെ ധാരാളം നടീൽ വസ്തുക്കൾ ഗുണഭോക്താക്കൾക്ക് വിതരണംം ചെയ്തിട്ടുണ്ട്. എന്നാൽ ഇത്രയും നടീൽ വസ്തുകൾ കൃഷി ചെയ്ത് ഉണ്ടായ ഭൗതീക നേട്ടം സംബന്ധിച്ച് വ്യക്തമായ മോണിറ്ററിംഗ് നടക്കുന്നില്ല. പ്രോജക്ട് ഫയലുകളിലൊന്നിലും

മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുമില്ല. മേൽ പ്രോജക്ടുകളുടെ ഭാഗമായി ജൈവവളംവിതരണം ചെയ്യുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. കൃഷി ഓഫീസർ നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങി ബില്ല് ഹാജരാക്കിയതിനാണ് സബ്സീഡി കണക്കാക്കുന്നത് . ഇതു കാരണം വാങ്ങുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല. ആയതിനാൽ കാർഷിക മേഖലയിൽ നടപ്പാക്കിയിട്ടുള്ള പ്രോജക്ടുകൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. ചെലവഴിക്കപ്പെടുന്ന പൊതുധനം ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി വികസനസ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും ഫലപ്രദമായി ഇടപെടേണ്ടതാണ്.

## 3-10 തുടർ സാക്ഷരതാ പ്രവർത്തനത്തിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2,68,600 രൂപ തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചില്ല

നഗരസഭയിലെ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുന്ന പാലോട്ടുപ്പള്ളി, നെല്ലൂനി, അയ്യല്ലൂർ, നാലാങ്കേരി, പെരിഞ്ചേരി, പരിയാരം എന്നീ വികസന വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്, അസി.പ്രേരക് തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് നം. എ7/4551/13 കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തീയതി, 25-02-2017 ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ഹോണറേറിയം നൽകുന്നതിന് വൗച്ചർ നം. 379 /7/17 പ്രകാരം ₹4,32,388 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ വർദ്ധിപ്പിച്ച നിരക്കിലെ ഹോണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയതിന് ശേഷം വിനിയോഗ സാക്ഷ്യപത്രം ജില്ലാ പ്രോജക്ട് കോർഡിനേറ്റർ സാക്ഷ്യപ്പെടുത്തി അയയ്ക്കുന്ന മുറയ്ക്ക് ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാക്ഷരതാ മിഷൻ തിരികെ നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ 2,68,600 സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കാനുണ്ട്. ആയത് ലഭിച്ചു കാണുന്നില്ല.

## 3-11 വയോമിത്രം കൈമാറിയ തുകയുടെ രസീത് വിവരങ്ങൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക ₹10,00,000 തടസ്സത്തിൽ വെക്കുന്നു

പ്രോജക്ട് നം. 198/17-18

വയോമിത്രം

ബിൽ നം. 08/17-18 തീയതി, 02-9-2017 ₹ 10,00,000

നിർവ്വഹണം- സെക്രട്ടറി

ഫയൽ- സി2- 10498/17

സംസ്ഥാനത്തെ മുഴുവൻ വയോജനങ്ങൾക്കും വരുമാന പരിധി മാനദണ്ഡമാക്കാതെ ആരോഗ്യ

സംരക്ഷണം മൊബൈൽ മെഡിക്കൽ ക്യാമ്പുകളിലൂടെ വൈദ്യ സഹായവും സൗജന്യമരുന്നുകൾ എന്നിവ ലഭ്യമാക്കൽ കൗൺസിലിംഗ് സേവനം ,പൂർണ്ണ ശയ്യാവലംബരായ വയോജനങ്ങളെ കണ്ടെത്തി വീടുകളിൽ ചെന്ന് പാലിയേറ്റിവ് സേവനങ്ങൾ നൽകൽ എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന വയോമിത്രം പ്രോജക്റ്റിൽ ജി. ഒ ( ആർ.ടി) 1209 /2013/ത.സ്വ.ഭ.വ തീയതി, 6-05-2013 ഉത്തരവിൽ നിർദ്ദേശിച്ച വിധം നഗരസഭാ വിഹിതമായി 10 ലക്ഷം രൂപ ബിൽ നം. 08/17-18 പ്രകാരം ₹10,00,000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 70101400000134 അക്കൗണ്ടിൽ നിക്ഷേപിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സോഷ്യൽ സെക്യൂരിറ്റി മിഷൻ അധികൃതർ കൈപ്പറ്റിയതായുള്ള രേഖ ഫയലിൽ ലഭ്യമല്ല. തുക കൈപ്പറ്റിയരേഖയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാ ക്കാൻ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 52 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-12 മഴകാല പൂർവ്വശുചീകരണം വാർഡ് തല ശുചിത്വ കമ്മറ്റിക്ക് കൈമാറിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല

വൗച്ചർ നം 999/1/18 തീയതി, 3,11,080

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മുനിസിപ്പാലിറ്റിയിലെ 35 വാർഡുകളിലെയും വാർഡ് തല ശുചിത്വ കമ്മറ്റികൾക്ക് 3,11,080/- രൂപ നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് നം | നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|
| 1 | 8888 | 8000 | 888 |
| 2 | 8888 | 8888 | --- |
| 3 | 8888 | 8000 | 888 |
| 4 | 8888 | 8000 | 888 |
| 5 | 8888 | 8888 | --- |
| 6 | 8888 | ---- | 8888 |
| 7 | 8888 | 6000 | 2888 |

| | | | |
|---|---|---|---|
| 8 | 8888 | 8888 | ---- |
| 9 | 8888 | 8888 | ----- |
| 10 | 8888 | 8888 | ----- |
| 11 | 8888 | ---- | 8888 |
| 12 | 8888 | ----- | 8888 |
| 13 | 8888 | 8888 | ---- |
| 14 | 8888 | 6350 | 2538 |
| 15 | 8888 | 7000 | 1888 |
| 16 | 8888 | 8888 | ---- |
| 17 | 8888 | 8888 | ----- |
| 18 | 8888 | 4300 | 4588 |
| 19 | 8888 | 8800 | 88 |
| 20 | 8888 | 8820 | 68 |
| 21 | 8888 | 8806 | 82 |
| 22 | 8888 | 8000 | 888 |
| 23 | 8888 | 8000 | 888 |
| 24 | 8888 | 8800 | 88 |
| 25 | 8888 | 8000 | 888 |

| | | | |
|---|---|---|---|
| 26 | 8888 | 8725 | 163 |
| 27 | 8888 | 8888 | --- |
| 28 | 8888 | ---- | 8888 |
| 29 | 8888 | 8800 | 88 |
| 30 | 8888 | 8000 | 888 |
| 31 | 8888 | 6500 | 2388 |
| 32 | 8888 | 8000 | 888 |
| 33 | 8888 | 8000 | 888 |
| 34 | 8888 | 8000 | 888 |
| 35 | 8888 | 5000 | 3888 |
| Total | 3.11,080 | 2,47893 | 63,187 |

ആകെയുള്ള 35 വാർഡുകളിൽ 9 വാർഡുകൾ മാത്രമാണ് തുക പൂർണ്ണമായും ചെലവഴിച്ചത്. 4 വാർഡുകൾ തുക ഒന്നും ചെലവഴിച്ചിട്ടില്ല. മഴക്കാലരോഗങ്ങളുടെ പ്രതിരോധ പ്രവർത്തനത്തിനായി ലഭിക്കുന്ന ഈ തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സമയബന്ധിതമായി തുക ചെലവഴിച്ചില്ലെങ്കിൽ അഡ്വാൻസ് ഇനത്തിൽ ലഭിച്ച പ്രസ്തുത തുക 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## **3-13** <u>വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക **481480** തടസ്സത്തിൽ വെക്കുന്നു.</u>

പ്രൊജക്ട് നം. 237/17-18

വയബിലിറ്റ് ഗ്യാപ്പ് ഫണ്ട്

ബിൽ നം. 20/17-18 തീയതി, 09-3-2018 ₹ 3,50,180

ബിൽ നം. 23/17-18 തീയതി, 26-3-2018 -₹ 1.31.300

--------

നിർവ്വഹണം- സെക്രട്ടറി ₹ 481480

ഫയൽ- H1- 12692 /17

മട്ടന്നൂർ നഗരസഭയിൽ 1-11-2017 മുതൽ നിലവിൽ വന്ന ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഫണ്ട് നൽകുന്നതിനാണ് മേൽ ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ളത്. നഗരസഭയിലെ 35 വാർഡുകളിലായി 35 ഹരിത കർമ്മ സേനാംഗങ്ങളാണുള്ളത്. ഹരിത കർമ്മ സേന പ്രതിമാസം 30 രൂപ പൊതു ജനങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്. ഈ തുക കോളാരി സർവ്വീസ് സഹകരണ ബാങ്കിൽ ഇതിനായി തുടങ്ങിയ അക്കൗണ്ട് നം. 5878 ലും, കനറാ ബാങ്കിലെ 3156101007379 അക്കൗണ്ടിലും നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത് ഈ ഇനത്തിൽ യൂസർ ഫീ പിരിക്കുന്നത് ഉൾപ്പെടെയുള്ള ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ബൈലോ തയ്യാറാക്കി ക്രമീകരിച്ചിട്ടില്ല. യൂസർ ഫീകൊണ്ട് തികയാത്ത ചെലവുകൾക്കാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നത്. മേൽ പ്രോജക്ട് പ്രകാരം വയബിലിറ്റി ഫണ്ടായി നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരം, വയബിലിറ്റി ഫണ്ട് ചെലവഴിച്ച രേഖ എന്നിവ കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ചെലവ് രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലെ ചെലവ് താൽകാലികമായി തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## **3-14** ഇല്ലാത്ത തുക ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചത് - ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്.

നഗരസഭയിലെ ട്രഷറി എം എഫ് ഫണ്ടിൽ 30,44,735 മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ഉണ്ട്. ഈ ഫണ്ടിൽ ഇപ്പോൾ ഇടപാട് നടത്തുന്നില്ല. അവസാനമായി 2009 ലാണ് ഇടപാട് നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം, തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതാണെന്നാണ് നഗരസഭ അധികൃതർ വിശദീകരിച്ചത്. എന്നാൽ ₹ 30-44 ലക്ഷം ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഇതു സംബന്ധിച്ച് ട്രഷറിയുമായി ബന്ധപ്പെട്ട് കൂടുതൽ വിശദീകരണങ്ങൾ നൽകുന്നതാണെന്ന് (ഓഡിറ്റ് അന്വേഷണം നം. 68 തീയതി 24-1-2019) മറുപടി നൽകിയിട്ടുണ്ട്. കൃത്യമായ പരിശോധനയുടെയും ട്രഷറിയുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ 2018-19 വാർഷിക ധനകാര്യ പത്രികയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

## **3-15** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ– മാർഗ്ഗരേഖ ലംഘനം **- ₹ 4,05,500** തടസ്സപ്പെടുത്തുന്നു -

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, |

| | |
|---|---|
| | ഗവ:യു പി എസ്, മട്ടന്നൂർ |
| പ്രോജക്ട് | സമഗ്ര വിദ്യാഭ്യാസ പദ്ധതി |
| പ്രോജക്ട് നം | 140/18 |
| അടങ്കൽ | 7,00000(വികസന ഫണ്ട് -പൊതുവിഭാഗം ) |
| ചെലവ് | 6,55,500 |
| ബിൽ നം &തീയതി | 4/ 13-3-2018 |

സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഹരിശ്രീ പദ്ധതി | 455500 |
| സ്പോർട്സ് കോംപ്ലക്സ് | 50000 |
| കളരി പരിശീലനം | 150000 |
| ആകെ | 655500 |

1- ഹരിശ്രീ പദ്ധതി - നഗരസഭയിലെ 20 വിദ്യാലയങ്ങളിൽ, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, അധ്യാപക പരിശീലന യോഗ്യത ലഭിച്ചവരെക്കൊണ്ട് പരിശീലനം നൽകുന്ന പ്രസ്തുത പദ്ധതിയ്ക്കായി, 4,55,500 ചെലവഴിച്ചിട്ടുണ്ട്. ഒരു മാസം @ 5,000 എന്ന വിധത്തിൽ 10/17 മുതൽ 2/2018 വരെ 20 വിദ്യാലയങ്ങളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലനം നടത്തിയ വകയിൽ ഹരിശ്രീ അധ്യാപകർക്ക് വേതനമിനത്തിൽ ₹3,96,000 യും, ഇവർക്ക് 2 ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ച് യാത്രബത്ത നൽകിയ വകയിൽ (₹ 250/ദിവസം ), ₹9,500യും പരിശീലനത്തിന്റെ ഭാഗമായി 20 സ്കൂളിലേയ്ക്ക് ( ₹ 2,500 /സ്കൂൾ)- പഠന സാമഗ്രികൾ വാങ്ങിച്ച ഇനത്തിൽ ₹ 50,000 ഉൾപ്പെടെയാണ് ഈ പ്രോജക്ടിൽ ചെലവഴിച്ചിട്ടുള്ളത്.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനത്തിനായി തുക ചെലവഴിക്കുവാൻ അനുമതിയില്ല. മുനിസിപ്പാലിറ്റികളും ,കോർപ്പറേഷനുകളും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവ് (എം എസ് ) നം - 79/2017 /ത സ്വ ഭ വ തീയതി 3-4-2017 ഖ--4 ൽ സന്നദ്ധപ്രവർത്തകരായ യുവതീ യുവാക്കൾ, 4 അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പരിഹാര പരിശീലനം (remedial coaching) ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ഉത്തരവ് (എം എസ് )നം -80/2017 /ത സ്വ ഭ വ തീയതി 3-4-2017 ഖ-12-7 ൽ ഉത്പാദനപരമല്ലാത്ത പരിപാടികൾ നടത്താൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഹരിശ്രീ പദ്ധതി പരിശീലകർക്ക് 2 ദിവസം ശിൽപ്പശാല നടത്തി യാത്രബത്ത ഇനത്തിൽ @ 250 നൽകിയിട്ടുണ്ട്. മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പരിഹാര പരിശീലനം, ശിൽപ്പശാല സംഘാടനം എന്നിവ നടത്തിയ ഇനത്തിൽ ചെലവ് ചെയ്ത 4,05,500 രൂപ (396000+9500) തടസ്സപ്പെടുത്തുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതായി അനുമതി നൽകുന്ന ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.

അധ്യാപകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, അഭിമുഖം നടത്തിയത്, ലഭിച്ച മാർക്ക്, മറ്റ് നടപടിക്രമങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. പഠനസാമഗ്രികൾ വാങ്ങിച്ച സ്ഥാപനത്തിന്റെ (ജീനിയസ് ബുക്ക്സ്,മട്ടന്നൂർ) 20 കാഷ് ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും അവ വിതരണം ചെയ്തതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ഹാജരാക്കിയിട്ടില്ല.

## 3-16 SSA- നഗരസഭ വിഹിതം നൽകൽ–വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ,ഗവ: യു പി എസ്,മട്ടന്നൂർ

| | |
|---|---|
| പ്രോജക്ട് | SSA- നഗരസഭ വിഹിതം നൽകൽ |
| പ്രോജക്ട് നം | 139/18 |
| അടങ്കൽ | 15,00,000( വികസന ഫണ്ട്- ) |
| ചെലവ് | 15,00,000( വികസന ഫണ്ട്- ) |
| ബിൽ നം &തീയതി | 1/ 20-9-2017 |

SSA- നഗരസഭ വിഹിതം നൽകൽ പദ്ധതി പ്രകാരം 15,00,000 കണ്ണൂർ ജില്ല

SSA പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്-

ആകെ ആവശ്യമായ തുക - 55,12,909

40% തുക നഗരസഭ വിഹിതം - 22,05,164

മുന്നിരിപ്പ് - 11,59,999

______________

ആകെ 33,65,163

______________

തുക നൽകിയത് 15,00,000

_________________

എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്

## 3-17 ഐ എച്ച് സിഡി പി പദ്ധതിയ്ക്കുള്ള അധിക വിഹിതം- രേഖകൾ ഹാജരാക്കാത്തത് - ₹ 7,33,702 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ<br>നഗര ദാരിദ്യ നിർമ്മാർജ്ജന സെൽ |
| പ്രൊജക്ട് | ഐ എച്ച് സി ഡി പി പദ്ധതിയ്ക്കുള്ള അധിക വിഹിതം |
| പ്രൊജക്ട് നം | 224/18 |
| അടങ്കൽ | 20,00,000(വികസന ഫണ്ട്-പൊതുവിഭാഗം ) |
| ചെലവ് | 18,18,702(വികസന ഫണ്ട് -പൊതുവിഭാഗം) |
| ബിൽ നം &തീയതി | 1/ 21-10-2017 |

ഐ എച്ച് സി ഡി പി പദ്ധതിയ്ക്കുള്ള അധിക വിഹിതമായി 18,18,702 പിൻവലിച്ച് IHSDPയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് താഴെ പറയുന്നവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്-

1)ഭവന നിർമ്മാണം - 10,50,000

2)തെരുവ് വിളക്ക് സ്ഥാപിക്കൽ - 1,63,200

3)പയ്യപ്പറമ്പ് കുടിവെള്ള പദ്ധതി - 1,26,298

4)കരേറ്റ സാംസ്കാരിക നിലയം നിർമ്മാണം- 4,44,204

5)ചെലവഴിക്കാത്ത തുക - 35,000

ആകെ 1818702/- രൂപ

പദ്ധതിയുടെ താഴെ പറയുന്ന രേഖകൾ ലഭിച്ചിട്ടില്ല

1)പയ്യപ്പറമ്പ് കുടിവെള്ള പദ്ധതി

കുടിവെള്ള പദ്ധതി- ആകെ പ്രവൃത്തി മൂല്യം - 16,68,306

കുറയ്ക്കുക (ഒന്നാം പാർട്ട് ബിൽ) - 30,746

കുറയ്ക്കുക (രണ്ടാം പാർട്ട് ബിൽ) - 11,40,062

കുറയ്ക്കുക (മൂന്നാം പാർട്ട് ബിൽ) - 3,71,200

--------------------

1,26,298 (വൗച്ചർ നം. 1/21-10-2017)

---------------------------

കുറയ്ക്കുക ( നിയമപരമായ നികുതികൾ ) - 7578

-----------------------

കരാറുകാരന് നൽകിയ തുക - 1,18,720

രണ്ടാം പാർട്ട് ബിൽ, മൂന്നാം പാർട്ട് ബിൽ, ഈ ബില്ലിന്റെ എം ബുക്ക്, കരാറുകാരന് നൽകിയ തുക, തുകയുടെ കൈപ്പററ് രശീതി, നിയമപരമായ നികുതികൾ ഒടുക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

2)തെരുവ് വിളക്ക് സ്ഥാപിക്കൽ:- ടെണ്ടർ ക്ഷണിച്ച്, കുറഞ്ഞ ടെണ്ടർ നൽകിയ ഡെക്കാൻ അസോസിയേറ്റ്സിന്റെ ടെണ്ടർ സ്വീകരിക്കുകയും, 2*11 വാട്ടിന്റെ, 136 തെരുവ് വിളക്കുകൾ സപ്ലൈയും സ്ഥാപിക്കുകയും ചെയ്യുന്നതിനായി വൗച്ചർ നം. 1/21.10.2017 പ്രകാരം ₹ 1,63,200 ഡെക്കാൻ അസോസിയേറ്റ്സിന് നൽകിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ കെ എസ് ഇ ബി-ശിവപുരത്തിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ,വാർഡ് മെമ്പറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

3)കരേറ്റ സാംസ്കാരിക നിലയം നിർമ്മാണത്തിനായി ₹4,44,204 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് (വൗച്ചർ നം. 1/21.10.17) സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കാരണങ്ങളാൽ ₹ 7,33,702 തടസ്സപ്പെടുത്തുന്നു-രേഖകൾഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. (126298 + 163200+444204 = 733702)

ചെലവഴിക്കാത്ത തുക 35,000 ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

## **3-18** <u>വനിതാ ലോൺട്രി യൂണിറ്റ് - സബ്സിഡി കഴിച്ചുള്ള തുകയ്ക്ക് മാത്രമേ പലിശ ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രൊജക്ട് | വനിതാ ലോൺട്രി യൂണിറ്റ് |
| പ്രൊജക്ട് നം | 192/18 |
| അടങ്കൽ | 1,50,000(വികസനഫണ്ട്-പൊതുവിഭാഗം )<br>5,85,000(ഗുണഭോക്തൃ വിഹിതം -നേരിട്ട്)<br>-----------------<br>7,35,000-<br>---------------- |
| ചെലവ് | 1,50,000(വികസന ഫണ്ട് -പൊതുവിഭാഗം |
| ബിൽ നം &തീയതി | 12/ 24-3-2018 |

1-വനിതാ ലോൺട്രി യൂണിറ്റ് പദ്ധതിയ്ക്കായി ഷൈൻ കുടുംബശ്രീ യൂണിറ്റിന് 7,35,000 വായ്പ യൂണിയൻ ബാങ്ക്, മട്ടന്നൂർ ശാഖ ലോൺ അനുവദിച്ചിട്ടുണ്ട്. ഈ പ്രോജക്ടിൽ 1,50,000/- രൂപ സംരംഭകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഈ തുക ലോൺ അനുവദിച്ച യൂണിയൻ ബാങ്കിന് ബിൽ നം. 12/24.3.18 പ്രകാരം കൈമാറിയിട്ടുമുണ്ട്. എന്നാൽ ഈ സബ്സിഡി തുക ലോൺ തുകയിൽ ക്രെഡിറ്റ് ചെയ്യാതെ സംരംഭകർക്ക് അനുവദിച്ച 7,35,000 ലോൺ തുകയ്ക്ക് മൊത്തമായാണ് പലിശ ഈടാക്കുന്നത്. ഇത് ക്രമവിരുദ്ധമാണ്. ലോൺ തുകയിൽ സബ്സിഡി കഴിച്ചുള്ള തുകയ്ക്ക് മാത്രമേ പലിശ ഈടാക്കൂ എന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്ക് അധികൃതരുമായി എഗ്രിമെന്റ് ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ ഈ വിധം എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വനിത ലോൺട്രി സംരംഭം തുടങ്ങുന്നതിന് ലോൺ തുക അനുവദിച്ച യൂണിയൻ ബാങ്കിന്റെ മട്ടന്നൂർ ശാഖ അധികാരികളുമായി ഇത് സംബന്ധിച്ച് എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. സബ്സിഡി തുക കഴിച്ചുള്ള തുകയ്ക്ക് മാത്രമേ ബാങ്ക് പലിശ ഉണ്ടാകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-19 ഉരുവച്ചാൽ വനിത ഹോസ്റ്റൽ നടത്തിപ്പ് നഗരസഭ മേൽനോട്ടം അനിവാര്യം

ഫയൽ നം. ആർ.2/6150/17

നഗരസഭാ പരിധിയിലെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാർക്ക് താമസിക്കുന്നതിനുവേണ്ടി 2016-17, 2017-18 കാലയളവിൽ 25 ലക്ഷം രൂപയിലധികം ചെലവഴിച്ച് നഗരസഭ ഉരുവച്ചാൽ എന്ന സ്ഥലത്ത് ഒരു ഹോസ്റ്റൽ പണിതിട്ടുണ്ട്. 27 മുറികളും, 62 ബെഡ്ഡ് സൗകര്യവുമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളത്. വനിതാ ഹോസ്റ്റലിന്റെ നടത്തിപ്പ് സംബന്ധിച്ച് നഗരസഭ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. (ബൈലോ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.). ഈ ബൈലോയിലെ വ്യവസ്ഥ 4 ൽ ഹോസ്റ്റലിലെ മുറികൾ നഗരസഭാ പരിധിയിൽ പ്രവ്വർത്തിക്കുന്ന സർക്കാർ അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവയിൽ ജോലിചെയ്യുന്ന വനിതകൾക്ക് അപേക്ഷയുടെ സീനിയോറിറ്റിയുടെ ക്രമത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിനുള്ള ചുമതല നഗരസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്നും, ഇതിനായി നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രം സഹിതം അപേക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോയിലെ വ്യവസ്ഥ 6 ൽ ഹോസ്റ്റൽ നടത്തിപ്പ് നഗരസഭ നേരിട്ടോ, കുടുംബശ്രീ മുഖാന്തിരമോ സഹകരണ സ്ഥാപനങ്ങൾ മുഖേനയോ നടത്തിപ്പ് ചുമതല നൽകാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾക്ക് നടത്തിപ്പ് ചുമതല നേരിട്ട് നൽകുന്ന സന്ദർഭത്തിൽ വാടകയിനത്തിൽ ഒരു കിടക്കയ്ക്ക് ദിവസത്തേക്ക് 50 രൂപ നഗരസഭയ്ക്ക് ഒടുക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. താമസക്കാരിൽ നിന്നും ഒരു കിടക്കക്ക് 100 രൂപ സംഘത്തിന് ലഭിക്കും. ഉരുവച്ചാൽ ക്ഷീരോല്പാദന സഹകരണ സംഘത്തിനാണ് ഹോസ്റ്റൽ നടത്തിപ്പ് ചുമതല നഗരസഭ ഏല്പിച്ചുകൊടുത്തത്. വാടകയിനത്തിൽ ഒരു കിടക്കയ്ക്ക് ഒരു ദിവസത്തേക്ക് ₹ 150 രൂപയും ജി.എസ്.ടി യുമാണ് താമസക്കാരിൽ നിന്നും ഈടാക്കുന്നത്. ബൈലോ വ്യവസ്ഥ പ്രകാരം ഈ തുകയിൽ 50 രൂപയും ജി.എസ്.ടി യും നഗരസഭയിൽ ഒടുക്കുന്നു. ഈയിനത്തിൽ 2017-18 നഗരസഭയ്ക്ക് ₹60,400 രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. എന്നാൽ ബൈലോ

വ്യവസ്ഥയിൽ നിർദ്ദേശിച്ച വിധം താമസക്കാർക്ക് മുറികൾ അനുവദിക്കുന്നതിൽ നഗരസഭയ്ക്ക് യാതൊരു പങ്കും ഇപ്പോൾ ഇല്ല. എത്ര പേർ ഓരോ ദിവസവും ഹോസ്റ്റലിൽ താമസിക്കുന്നു എന്ന് പരിശോധിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. മുറികകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നഗരസഭയിൽ സമർപ്പിക്കുന്നില്ല. ഇതെല്ലാം നിലവിൽ കരാറെടുത്ത സഹകരണ സംഘം തന്നെയാണ് ചെയ്യുന്നത്. പൊതു നന്മ ലക്ഷ്യമാക്കി നഗരസഭ 25 ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് ഈ സ്ഥാപനം തുടങ്ങിയത്. ഈ സ്ഥാപനത്തിന്റെ ഭൗതികമായ നിയന്ത്രണം നഗരസഭയിൽ നിക്ഷിപ്തമാക്കുന്നതാണ് ഉചിതം. മുറികൾ ആവശ്യമുള്ളവരുടെ അപേക്ഷ നഗരസഭയിൽ സമർപ്പിക്കുന്നതിനും അർഹരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ മുറികൾ അനുവദിച്ച്, നഗരസഭ നൽകുന്ന അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കുന്ന രീതി അവലംബിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് ബൈലോവിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. എത്രപേർ ഓരോ ദിവസവും താമസിക്കുന്നുണ്ടെന്നും അതിന് ആനുപാതികമായി നഗരസഭയ്ക്ക് വാടക ലഭിക്കുന്നുണ്ടോ എന്നും പരിശോധിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച് തയ്യാറാക്കിയ ബൈലോ സർക്കാർ അംഗീകാരത്തിന് സമർപ്പിച്ച് നിയമപരമായ സാധുത ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽ നോട്ടം ഉറപ്പാക്കേണ്ടതാണ്.

## 3-20 കൗൺസിൽ അംഗീകരിച്ച ബൈലോകൾക്ക് സർക്കാർ അംഗീകാരമില്ല.

1994 ലെ കേരള മുനിസിപാലിറ്റി നിയമത്തിലെ 567 വകുപ്പ് പ്രകാരം കൗൺസിലിന് തങ്ങളുടെ അധികാര പരിധിയിലുള്ള വിഷയങ്ങളുടെ മേൽ ബൈലോ തയ്യാറാക്കാനുള്ള അധികാരം നിക്ഷിപ്തമാണ്. ഈ ആധികാരങ്ങൾ ഉപയോഗിച്ച് ഓരോ പ്രത്യേക ആവശ്യത്തിനും തയ്യാറാക്കുന്ന ബൈലോ പ്രസ്തുത ആക്ടിലെ സെക്ഷൻ 571 ൽ നിർദ്ദേശിച്ച വിധം കരട് പ്രസിദ്ധപ്പെടുത്തുവാനും ഈവിധം പ്രസിദ്ധപ്പെടുത്തി കൗൺസിൽ ഫൈനലായി അംഗീകരിച്ച ബൈലോ പ്രസ്തുത ആക്ടിലെ ചട്ടം 572 (1) ൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്നും, 572 (2) പ്രകാരം ഏതെങ്കിലും ബൈലോയോ അല്ലെങ്കിൽ അവയുടെ റദ്ദാക്കലോ വ്യത്യാസപ്പെടുത്തലോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയിൽ ബസ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്, ഉരുവച്ചാൽ വനിതാ ഹോസ്റ്റൽ ,കല്ലൂർ മിനി വ്യവസായഎസ്റ്റേറ്റ് എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കരട് ബൈലോ പ്രസിദ്ധപ്പെടുത്തുകയും, ഭേദഗതിയോടെ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ബൈലോയിലെ വ്യവസ്ഥകൾ പ്രകാരം വിവിധ കരാറുകളിൽ ഏർപ്പെട്ടിട്ടുമുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ബൈലോ ചട്ടം 572 (1) ൽ നിർദ്ദേശിച്ച വിധം സർക്കാർ അംഗീകാരം ലഭിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. സർക്കാർ അംഗീകാരമില്ലാതെയുള്ള ബൈലോകൾക്ക് നിയമസാധുത ഇല്ലാത്തതിനാൽ വിവിധ ആവശ്യങ്ങൾക്ക് നഗരസഭ തയ്യാറാക്കിയ ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് പല നിയമ പ്രശ്നങ്ങൾക്കും വഴി വച്ചേക്കാം എന്നതിനാൽ ഇക്കാര്യത്തിൽ കൗൺസിലിന്റെ സവിശേഷ

ശ്രദ്ധ ക്ഷണിക്കുന്നു.

## 3-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

പ്രൊജക്റ്റ് നമ്പർ : 12/18

പ്രൊജക്റ്റിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹ 625000 വികസന ഫണ്ട്

: ₹625000 സംസ്ഥാനാവിഷ്കൃത ഫണ്ട്.

:₹1250000 ഗുണഭോക്തൃ വിഹിതം.

ആകെ : ₹ 2500000

ചെലവ് തുക : ₹ 625000 (വികസന ഫണ്ട്) ബിൽ നമ്പർ : mm2/17-18 /12-02-2018.

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം നഗരസഭ വിഹിതമായ ₹625000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ , സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം കണ്ണൂരിന് നൽകിയിട്ടുണ്ട്. (A/C-719011400000).എന്നാൽ തുക കൈപ്പറ്റിയതായുള്ള രസീത് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 4-6 മാസം പ്രായമുള്ള 100 കന്നുകുട്ടികൾക്ക് 32 മാസം കാലിതീറ്റ വിതരണം ചെയ്യുന്നതിനാണ് തുക വകയിരുത്തിയത് . 2017-18 ൽ നഗരസഭയിലെ ഉരുവച്ചാൽ ക്ഷീരോൽപാദക സഹകരണ സംഘം മുഖേന 70 കന്നുകുട്ടികൾക്കും മരുതായി ക്ഷീരോൽപാദക സഹകരണ സംഘം മുഖേന 30 കന്നുകുട്ടികൾക്കും കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് തുക വിനിയോഗിച്ചത് . പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ എൻറോൾ ചെയ്ത ഗുണഭോക്താക്കൾക്ക് 6/17 മുതൽ കാലിതീറ്റ വിതരണം ചെയ്തതായി കാലിത്തീറ്റ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ എൻറോൾ ചെയ്ത മുഴുവൻ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നില്ല. ഫീൽഡ് ലെവൽ ഇംപ്ലിമെന്റിങ് ഓഫീസർ ഹാജരാക്കിയ സ്കീം കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം ഉരുവച്ചാൽ ക്ഷീരോൽപാദക സഹകരണ സംഘത്തിൽ 29 ഗുണഭോക്താക്കൾ കാലിതീറ്റ കൈപ്പറ്റുന്നില്ല . മരുതായി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ എൻറോൾ ചെയ്ത 40 ഗുണഭോക്താക്കളിൽ 1 ഗുണഭോക്താവിന്റെ കന്നുകുട്ടി മരണപ്പെടുകയും 20 ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ല. വിനിയോഗ സാക്ഷ്യ പത്രവും പദ്ധതി പുരാഗതി സംബന്ധിച്ച വിവരവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-16ന് എൻറോൾ ചെയ്ത മുഴുവൻ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നില്ലായെന്നാണ് ലഭിച്ച മറുപടി. പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾ ഒടുക്കിയ തുകയിൽ ഇതുവരെ കൈപ്പറ്റിയ കാലിതീറ്റയുടെ സബ്സിഡി കഴിച്ചുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-22 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം- രേഖകൾ ഹാജരാക്കാത്തത് -₹ 20,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

| | |
|---|---|
| പ്രൊജക്ട് | പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം |
| പ്രൊജക്ട് നം | 232/18 |
| അടങ്കൽ | 20,000(വികസന ഫണ്ട്- scp) |
| ചെലവ് | 20,000(വികസന ഫണ്ട് -scp) |
| ബിൽ നം &തീയതി | 8/ 22-2-2018 |

പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം പദ്ധതിയ്ക്കു വേണ്ടി 20,000 രൂപ മേൽ പരാമർശിച്ച പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവ് വൗച്ചർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) ൽ രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്നു കരുതുന്നതും നിഗമനത്തിൽ എത്തുന്നതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്- അതിനാൽ ₹20,000 തടസ്സപ്പെടുത്തുന്നു.

## 3-23 മട്ടന്നൂർ നഗരസഭയിലെ പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട്

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2) , 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. (ചട്ടം-10) നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്. ( ചട്ടം-11) (1).നഗരസഭ പെൻഷൻ ഫണ്ട് സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി 1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് നിലവിൽ വന്നശേഷം എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്.. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് മുനിസിപ്പൽ ഡയറക്ടറുടെ 28-09-1991 ലെ 10/91

സർകലറിലെ നിർദ്ദേശപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി ഒടുക്കിയിരുന്നോ എന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

റഗുലർ പെൻഷൻ

നഗരസഭയിലെ റഗുലർ പെൻഷൻ നൽകുന്നതിന് എസ്.ബി.ഐ മട്ടന്നൂർ ബ്രാഞ്ചിൽ 57067151745 നമ്പറായി അക്കൗണ്ട് തുടങ്ങുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണം ചെയ്തുവരുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നാളിതുവരെയായി ആകെ ലഭിച്ച തുക ₹ 10,52,110 രൂപയാണ് വിശദവിവരം ചുവടെ കൊടുക്കുന്നു

| തുക ലഭിച്ച വർഷം | ലഭിച്ച തുക | ഡി.ഡി നം. തീയതി |
|---|---|---|
| 2003 | 2,11,524 | No. 870968 , 24-12-2005 |
| 2005 | 1,32,180 | |
| 2013 | 1,20,000 | No. 572856 , 25-10-2013 |
| 2015 | 5,88,406 | No. 818836 , 17-10-2015 |
| ആകെ | 10,52,110 | |

1, റഗുലർ പെൻഷൻ ഫണ്ടിലേക്ക് 2017-18 ൽ നിക്ഷേപിച്ച തുക- ₹ 14,73,591

2. 2017-18 വർഷത്തിൽ റഗുലർ പെൻഷനറി ആനുകൂല്യങ്ങൾ നൽകിയതിന് ചെലവായ തുക- ₹ 5,65,093

3. റഗുലർ വിഭാഗത്തിൽ നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം- 4

5.31-3-2018 തീയതി വരെ തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകിയ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക- ₹ 18,54,701

നഗരസഭയുടെ 2017-18 ലെ പെൻഷൻ ഫണ്ട് അക്കൗണ്ട് (റഗുലർ ) സംക്ഷിപ്തം

| | |
|---|---|
| പെൻഷൻ ഫണ്ടിനത്തിലെ ആകെ വരവ്<br>( സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ചത്) | 10,52,110 |
| 31-3-2018 വരെ പെൻഷനറി ആനുകൂല്യങ്ങൾ നൽകുന്നതിന് ചെലവായ തുക | 29,06,611 |
| 31-3-2018 വരെ തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകിയ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള | 18,54,701 |

| | |
|---|---|
| ആകെ തുക<br>( 29,06,611- 1052110 ) | |

2015 ന് ശേഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. 31-3-2018 വരെ ₹ 18,54,701 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുണ്ട്. തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതുകൊണ്ട് മാത്രമാണ് പെൻഷറി ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ സാധിക്കുന്നത്. എന്നാൽ ഈ വിധം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും വിനിയോഗിക്കാതെ നഗരസഭയുടെ വിവിധ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും വിനിയോഗിക്കുന്നതായാണ് കാണുന്നത്. ഇത് ശരിയായ നടപടിയല്ല. പെൻഷൻ നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും നൽകേണ്ടുന്ന തുക പെൻഷൻ ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് പ്രസ്തുത അക്കൗണ്ടിലൂടെ ചെലവ് ചെയ്യേണ്ടതാണ്. തനത് ഫണ്ടിൽ നിന്നും പെൻഷറി ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെയും, ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തുകയുടെയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>കണ്ടിജന്റ് പെൻഷൻ ഫണ്ട്</u>

ജി.ഒ. (പി) 96/1997 ത.ഭ.വ തീയതി, 3-5-1997 ഉത്തരവിലൂടെ നിലവിൽ വന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയ്സ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് ചട്ടം 1,7 (2) എന്നിവയനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി മട്ടന്നൂർ സബ്ട്രഷറിയിലെ TPA 722020200000214 എന്ന പ്രത്യേക അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിച്ച് ഫണ്ട് പരിപാലിച്ചുപോരുന്നുണ്ട്.

1. കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് 2017-18 ൽ നിക്ഷേപിച്ച തുക ₹ 6,17,357

2. 2017-18 വർഷത്തിൽ കണ്ടിജന്റ് പെൻഷനറി ആനുകൂല്യങ്ങൾ-

നൽകുന്നതിന് ചെലവഴിച്ച തുക - ₹ 15,74,791

3.നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റിവരുന്ന കണ്ടിജന്റ് - 7

ജീവനക്കാരുടെ എണ്ണം.

കണ്ടിജന്റ് പെൻഷൻ അക്കൗണ്ട് 2017-18 ( TPA 722020200000214)

| | |
|---|---|
| മുന്നിരിപ്പ് | 16,72,471 |
| ആകെ വരവ് | ₹ 6,17,357 |
| ചെലവ് | ₹ 15,74,791 |
| നീക്കിയിരിപ്പ് | ₹ 17,76,692 |

കണ്ടിജന്റ് പെൻഷറി ആനുകൂല്യങ്ങൾ നൽകുന്നതിന് 2017-18 ൽ ചെലവായ ₹ 15,74,791

രൂപയിൽ ₹ 9,77,895 രൂപ അനുവദിച്ചിട്ടുള്ളത് നഗരസഭയുടെ വിവിധ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നാണ്. നഗരസഭാ കണ്ടിജൻ്റ് അക്കൗണ്ടിലൂടെയുള്ള ചെലവ് ₹ 5,96,896 രൂപ മാത്രമാണ്. കണ്ടിജൻ്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി രൂപീകരിച്ച അക്കൗണ്ടിലൂടെ മാത്രമേ പെൻഷനറി ആനുകൂല്യങ്ങൾ നൽകുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-24 <u>ഭിന്നശേഷിക്കാർക്ക് മുചക്ര വാഹനവും വീൽ ചെയറും - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ (വികസന ഫണ്ട്) - ₹ 6,00,000

ചെലവ് - ₹ 4,36,527

ബിൽ നം. 15 /17-18,20/02/18 ₹4,36,527

ശാരീരിക അവശത അനുഭവിക്കുന്നവർക്ക് മുചക്ര വാഹനവും വീൽ ചെയറും ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി മുചക്ര വാഹനത്തിന് 5,00,000 രൂപയും വീൽചെയറിന് 1,00,000 രൂപയും വകയിരുത്തിയത്. മേൽ കാണിച്ച ബിൽ പ്രകാരം മാറിയ തുക മുചക്ര വാഹനം , വീൽ ചെയർ,വാക്കർ എന്നിവയുടെ വിലയായി കെൽട്രോണിന് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ₹4,36,527 അനുവദിക്കുന്നതിനും ചെലവഴിച്ചു .

1. Invoice No.p-71p,22/3/18 -scooter125cc (5 no’s)-302005

2. Invoice No.p-70 p,22/3/18 -folding wheel chair (10 no’s) & folding walker (3 no’s)-65777

3. Invoice No.p-72 p,22/3/18 -side wheel fittings-(5 no’s)-68745

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ ചുവടെ കൊടുക്കുന്നു .

1 വാക്കർ അനുവദിക്കുന്നതിന് വേണ്ടി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം അന്തിമ ഗുണഭോക്തൃ ലിസ്റ്റ് / വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല .

2 . പദ്ധതിയിൽ തുക വകയിരുത്താത്ത ഇനത്തിന് (വാക്കർ ) തുക ചെലവഴിച്ചു .

3. വാക്കർ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ച ഗുണഭോക്താക്കളെ വാർഡ്സഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. വീൽചെയർ , വാക്കർ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 32/19/1/19) പദ്ധതിയിൽ ഉൾപ്പെടാത്ത വാക്കർ ഭരണസമിതിയുടെ തീരുമാന പ്രകാരം തന്നെയാണ് ബഡ്സ് സ്കൂളിലെ മൂന്ന് കുട്ടികൾക്ക് അനുവദിച്ചതെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിക്കുകയുണ്ടായി. ഇപ്രകാരം പദ്ധതിയിൽ തുക വകയിരുത്താതെ ചെലവ് ചെയ്തത് ശരിയായ നടപടിയല്ല .

3/4/17ലെ 80/17/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് ഖ-10.2 ലെ നിർദ്ദേശം പാലിച്ചിട്ടില്ല . ബഡ്സ് സ്കൂളുകൾക്ക് ആവശ്യമായ സൗകര്യം ഒരുക്കൽ മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

## **3-25** വനിത റിസോർസ് സെന്റർ പ്രവർത്തനം- പ്രൊജക്റ്റിൽ തുക വകയിരുത്തി ഹോണറേറിയം നൽകിയതും വായ്പ അനുവദിക്കും മുന്നെ സബ്സിഡി ലഭ്യമാക്കിയതും - **₹428000** തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 199 /18

പ്രോജക്ടിന്റെ പേര് : വനിത റിസോർസ് സെന്റർ പ്രവർത്തനം.

വകയിരുത്തിയ തുക : ₹600000 വികസന ഫണ്ട്

ആകെ : ₹600000

ചെലവു തുക : ₹ 584753 1) ബിൽ നമ്പർ / തീയ്യതി : 4/17-18/25-8-2017
₹45398

2)ബിൽ നമ്പർ / തീയ്യതി : 12 /17-18/18-1-2018
₹51471

3)ബിൽ നമ്പർ / തീയ്യതി : 21/17-18/ 26-3-2018
₹487884

നഗരസഭയിൽ പ്രവർത്തിക്കുന്ന വനിത റിസോർസ് സെന്ററിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത്. പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് കോർഡിനേറ്റർക്ക് ഓണറേറിയം ,സെന്ററിന് ആവശ്യമായ പത്രമാസികകൾ, ആനുകാലികങ്ങൾ, കമ്പ്യൂട്ടർസ്ഥാപിക്കൽ ഓഫീസ് ആവശ്യത്തിന് സ്റ്റേഷനറി,ബോധവൽക്കരണ ക്ലാസുകൾ നടത്തൽ, ജാഗ്രത സമിതി ശക്തിപ്പെടുത്തൽ, വനിതകൾക്ക് വ്യക്തിഗത സംരംഭം ഗ്രൂപ്പ് സംരംഭം തുടങ്ങുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്.

ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പ്രൊജക്റ്റിൽ തുക വകയിരുത്തി ഹോണറേറിയം നൽകി

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12-2 പ്രകാരം പ്രൊജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ

ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വനിത റിസോർസ് സെന്റർ കോ ഓർഡിനേറ്ററുടെ ഹോണറേറിയം താഴെ പറയുന്ന പ്രകാരം അനുവദിച്ചിരിക്കുന്നു .

| കോർഡിനേറ്ററുടെ പേര് | ഹോണറേറിയം അനുവദിച്ചത് |
|---|---|
| ശ്രീമതി .രജനി (4/17 -7/17 ) | 40000 ( @10000) |
| - ടി - ( 1/7/17 - 30/9/17 ) | 45000 ( @15000) |
| - ടി - (1/7/17-31/7/17) | 5000 |
| ആകെ | 90000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭരണസമിതിയുടെ തീരുമാന പ്രകാരം സബ്കമ്മിറ്റി അനുവദിച്ചതാണെന്നാണ് ഐ.സി.ഡി.എസ് നൽകിയ മറുപടി . പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അനുവദിച്ച ₹90000 തടസ്സപ്പെടുത്തുന്നു. ഭരണസമിതിക്ക് സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിക്കാൻ ബാധ്യതയുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കപ്പെട്ടു. ഇത് ഭാവിയിൽ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

2 .സ്വയം തൊഴിൽ സംരംഭം

സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് വനിത റിസോർസ് സെന്റർ സഹായത്തോടെ ഡ്രൈവിംഗ് ലൈസൻസ് ഉള്ള 2 എസ്.സി .വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചതിന്റെ വിശദാംശം ചുവടെ .

| ക്രമ.നം | പേര്/മേൽ വിലാസം | സംരംഭം | വായ്പ തുക / ധകാര്യ സ്ഥാപനം അനുവദിച്ചത് | സബ്സിഡി തുക നഗരസഭ അനുവദിച്ചത് |
|---|---|---|---|---|
| 1 | നിഷ.പിഅരിങ്ങളേയൻ, മഞ്ചപറമ്പ്,പി.ആർ നഗർ D/O ഏ.കൃഷ്ണൻ | ഓട്ടോറിക്ഷ | ₹1,81,500 തീയതി-27 /4/ 18 യൂനിയൻ ബാങ്കാ ഓഫ് ഇന്ത്യ,മട്ടന്നൂർ | 50000 തീയതി- 26/3/18 |
| 2 | ജിഷ.പി,പുത്തൻവീട്, മഞ്ചപറമ്പ്, പി.ആർനഗർ | ഓട്ടോറിക്ഷ | ₹181500 തി-27/4/18 | 50000 തീയതി- |

| | | | | |
|---|---|---|---|---|
| | D/O ഏ.കൃഷ്ണൻ | | യൂനിയൻ ബാങ്കാ ഓഫ് ഇന്ത്യ,മട്ടനൂർ | 26/3/18 |

മേൽ പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്കും ബാങ്ക് വായ്പ അനുവദിക്കും മുന്നേ സബ്സിഡി തുക നഗരസഭ അനുവദിച്ചിട്ടുണ്ട്. കൂടാതെ രണ്ട് ഗുണഭോക്താക്കളും ഒരേ കുടുംബത്തിലെ അംഗങ്ങളാണ് . ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ അർഹതപ്പെട്ട മറ്റ് ഗുണഭോക്താക്കൾ ഇല്ലാത്തത് കാരണമാണോ ഒരേ കുടുംബത്തിൽപ്പെട്ടവർക്ക് നൽകിയതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ ധനസഹായം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കളും ഓട്ടോറിക്ഷ വാങ്ങിയിട്ടുണ്ട്. ബാങ്ക് വായ്പ അനുവദിക്കും മുന്നേ സബ്സിഡി തുക അനുവദിച്ചത് ശരിയായ നടപടിയല്ല .

3 ഗ്രൂപ്പ് സംരംഭം

നഗരസഭയിലെ സ്ഥിര താമസക്കാരായ 20 വനിതകളുടെ ഗ്രൂപ്പ് സംരംഭം തേജസ്വിനി ബാന്റ് ട്രൂപ്പ് തുടങ്ങുന്നതിനു വേണ്ടിയാണ് ധനസഹായം നൽകിയത് . വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതിനായി വനിതകൾക്ക് ബാന്റ് ട്രൂപ്പ് തുടങ്ങുന്നതിനായി ₹ 3,00,000 /- താഴെ പറയുന്ന ബാങ്കുകൾക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ അനുവദിച്ചിട്ടുണ്ട്.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര്/മേൽ വിലാസം | സംരംഭം | സംരംഭം പ്രവർത്തിക്കുന്ന കെട്ടിടം /നം | വായ്പ തുക / ധകാര്യ സ്ഥാപനം | സബ്സിഡി തുക / സ്ഥാപനം |
|---|---|---|---|---|---|
| 1 | തേജസ്വനി ബാൻഡ് ട്രൂപ്പ് | ഗ്രൂപ്പ് | വാടക കെട്ടിടം. (എ.കെ.ജി വായനശാലയിലെ MM/32/284നം.മുറിയിൽ | വിവരം ലഭ്യമല്ല | ₹3,00,000 യൂനിയൻ ബാങ്ക് തീ.28/03/18 3)ബിൽ നമ്പർ / തീയ്യതി : 21/17-18/ 26-3-2018 ₹487884 |

ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1 ).ബാങ്ക് വായ്പ അനുവദിക്കും മുന്നേ സബ്സിഡി : -

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൌണ്ട് മുഖേനയായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വായ്പതുക, സബ്സിഡി തുക എന്നിവ ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് ലഭിച്ചത് സംബന്ധിച്ച് ബാങ്കുകളുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ വായ്പതുക എടുത്തതിന്റെ വിവരം ബാങ്ക് പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സബ്സിഡി തുക 28/3/18ന് തന്നെ ബാങ്ക് അക്കൌണ്ടിൽ വരവ് വെച്ചിട്ടിണ്ട്. സംരംഭകർ വായ്പ ലഭ്യമാക്കുന്നതിനു മാസങ്ങൾക്ക് മുമ്പേ മേൽ കാണിച്ച ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് മുൻകൂറായി ബാങ്കിന് നൽകിയത് നിർദ്ദേശങ്ങൾക്ക് വിരുദ്ധവും പദ്ധതിപ്പണ വിനിയോഗത്തിന്റെ ശരിയല്ലാത്ത നടപടിക്രമവുമാണ്. ഇതു വഴി ടി തുക ബാങ്ക് അക്കൌണ്ടിൽ മാസങ്ങളോളം നിഷ്ക്രിയമായികിടക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത് .

2 ).സബ്സിഡി ലഭിച്ചതിന് ശേഷംമാത്രമാണ് ഗ്രൂപ്പിന് ആവശ്യമായ സാധനസാമഗ്രികൾ , യൂനിഫോം എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ വാങ്ങിയിട്ടുള്ളത്(3/5/18) . ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും ഓഫീസ് പ്രവർത്തനത്തിനായി മുറി വാടകയ്ക്ക് എടുക്കുന്നതിന് കരാർ വെച്ചത് 13/9/18 നാണ്. ഉപകരണങ്ങൾ വാങ്ങിയതിന്റയോ വാങ്ങിയ സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ വൌച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2 ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ ശേഷം നടത്തിയ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കേണ്ടത് എന്ന സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശം പാലിച്ചില്ല.

3 . പരിശീനത്തിന്റെ ഭാഗമായി ബാന്റ് ട്രൂപ്പ് പരിശീലകന് 38 ദിവസത്തെ ദിവസ വേതനമായി 1000 രൂപ നിരക്കിൽ 38000 രൂപ അനുവദിച്ചിട്ടുണ്ട് . ദിവസ വേതനം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയവുായി ബന്ധപ്പട്ട് നൽകിയ 34/ 17/01/19 നം ഓഡിറ്റ് അന്വേഷണത്തിന്

നഗരസഭ ചെയർമാൻ ,ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ അടങ്ങിയ സമിതിയാണ് വനിത റിസോർസ് സെന്ററിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതെന്നും ഭരണസമിതിയുടെ തീരുമാനപ്രകാരമൈണ് തുക അനുവദിച്ചതെന്നമാണ് മറുപടിയിൽ അറിയിച്ചത്. ക്രമ നം . 1 പ്രകാരം പ്രൊജക്ടിൽ തുക വകയിരുത്തി കോഓർഡിനേറ്റർക്ക് ഹോണറേറിയം അനുവദിച്ച ₹90000 രൂപയും ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് 300000 രൂപ സബ്സിഡിയും പരിശീലകന് അനുവദിച്ച ₹38000 ഉൾപ്പെടെ 428000 തടസ്സപ്പെടുത്തുന്നു . പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ് .

പദ്ധതിപ്പണം ഉപയോഗിച്ച് തുടങ്ങിയ സംരംഭത്തിന്റെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യാൻ ചുമതലപ്പെട്ട പ്രാദേശിക വികസന വർക്കിംഗ് ഗ്രൂപ്പിന്റെ വീഴ്ച ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.

## **3-26** വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം - 234 /17- 18. (വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ )

അടങ്കൽ -ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ₹ 445500

മറ്റുള്ളവ - ₹ 49500

ആകെ - ₹ 4,90,000

ചെലവ് -ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ₹ 4,45,000

ബിൽ നം --29 / 2017-18 / 22.02.18 ₹ 4,45,000

പദ്ധതി പ്രകാരം നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് നീട്ടൽ പ്രവൃത്തികൾ നടത്തുന്നതിനായി താഴെ കൊടുത്ത പ്രകാരം ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ ബില്ല് പ്രകാരം മാറിയ തുക കേരള വാട്ടർ അതോറിട്ടിക്ക് കൈമാറിയിട്ടുണ്ടെങ്കിലും കുടിവെള്ള കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

1.ലയൺസ് ക്ലബ്ബ് അയ്യപ്പൻ ടെമ്പിൾ റോഡ്-മട്ടന്നൂർ മുനിസിപ്പാലിറ്റി .

2.പയ്യപറമ്പ് - കാടിയാട്ടി റോഡ് .(കിച്ചേരി)

3.പഴശ്ശി കൊടുക്കുന്ന് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പ് സ്ഥാപിക്കൽ

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം / വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.62/17-18 ) പ്രവൃത്തി പൂർത്തികരിക്കാത്തതിനാൽ റിപ്പോർട്ട് ലഭിച്ചില്ലായെന്നാണ് സെക്ഷനിൽ നിന്നും ലഭിച്ച മറുപടി . വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-27 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അവലോകനം

നഗര പ്രദേശങ്ങളിൽ വസിക്കുന്ന അതിവിദഗ്ദ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായ പൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നഗരസഭാ പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റുതരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്. 2013-14 മുതൽ ഈ പദ്ധതി നഗരസഭയിൽ നടപ്പാക്കിവരുന്നുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണം. ഓരോ നഗരസഭയും ഓരോരോ സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഓരോ വർഷവും ഈ വിധം തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റ് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ മുഖേന സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ഈ വിധം 2017-18 വർഷത്തേക്കായി തയ്യാറാക്കി സമർപ്പിച്ചതും വാർഷിക ലേബർ ബഡ്ജറ്റ് പ്രകാരം നിർവ്വഹിച്ചതുമായ പ്രവൃത്തിയുടെ വിവരം

ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | വാർഷിക ലേബർ ബഡ്ജറ്റ് പ്രകാരം തയ്യാറാക്കിയ പ്രവൃത്തികൾ | 2017-18ൽ നടപ്പാക്കിയ പ്രവൃത്തികൾ | ചെലവഴിച്ച തുക തൊഴിൽ കൂലി | നടപ്പാക്കൽ % |
|---|---|---|---|---|---|
| 1 | 2017-18 | 173 | 28 | 6,12,511 | 16.2 |

ആകെ അംഗീകരിച്ച വാർഷിക ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതികളിൽ 16-2% മാത്രമേ നിർവ്വഹിക്കാനായിട്ടുള്ളു എന്നത് പോരായ്മയാണ്.

2017 -18 കാലയളവിൽ നഗര തൊഴിലുറപ്പ് പദ്ധതിയിലെ പങ്കാളിത്തം സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | 2017-2018 |
|---|---|---|
| 1 | പുതുതായിരജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 29 |
| 2 | തൊഴിവുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്തകുടുംബങ്ങളുടെ എണ്ണം | 1100 |
| 3 | തൊഴിൽ ആവിശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 458 |
| 4 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 418 |
| 5 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | ഇല്ല |

| | | |
|---|---|---|
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 3142 |

നഗരതൊഴിലുറപ്പ് പദ്ധതിയിൽ 2017-18 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ആർക്കും ലഭിച്ചിട്ടില്ല. ആകെ തൊഴിൽ ആവിശ്യപ്പെട്ട 458 കുടുംബങ്ങളിൽ 418 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 1100 കുടുംബങ്ങളിൽ 458 കുടുംബങ്ങൾ മാത്രമേ തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളു. എന്നാൽ ആവിശ്യപ്പെട്ട മുഴവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ സാധിച്ചിട്ടുമില്ല. വാർഷിക ലേബർ ബഡ്ജറ്റിൽ നിശ്ചയിച്ച പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കി തൊഴിൽ ആവിശ്യപ്പെട്ട എല്ലാ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## **3-28** അംഗനവാടി പോഷകാഹാര വിതരണം - കൊട്ടേഷൻ സ്വീകരിക്കാതെ കടത്തുകൂലി അനുവദിച്ചു- **₹1,65,182** തടസ്സപ്പെടുത്തുന്നു .

അടങ്കൽ (വികസന ഫണ്ട്)- ₹50,00,000

കേന്ദ്രാവിഷ്കൃത ഫണ്ട് - ₹ 10,64,832

ആകെ - ₹ 60,64,832

ചെലവ് - ₹50,00,000
ബിൽ നം.2/17-18,25/08/17 ₹14,17,622

ബിൽ നം. 8/17-18,30/11/17 ₹9,67,269

ബിൽ നം. 5/17-18, 12 /10/17 ₹ 11,27,147

ബിൽ നം. 10 /17-18, 09/01/18 ₹2,85,820
ബിൽ നം. 13/17-18, 31/01/18 ₹570543

ബിൽ നം. 15 /17-18,20/02/18 ₹ 6,31,599
ആകെ 50,00,000/- രൂപ

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1 . 2017-18 വർഷം നഗരസഭയിലെ 43 അംഗനവാടികളിൽ ഭക്ഷണസാധനങ്ങൾ എത്തിക്കാൻ താഴെ കൊടുത്ത പ്രകാരം ശ്രീ.ഷനോജ് എന്നയാൾക്ക് കടത്തുകൂലി അനുവദിച്ചിട്ടുണ്ട് . കടത്തുകൂലി നിശ്ചയിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ജി.ഒ.(ആർ.ടി) 883/2011ത.സ്വ.ഭ. തീ.26/3/2011

ഉത്തരവ് പ്രകാരം അംഗൻവാടികളിലെ എല്ലാവിധ ഭക്ഷണസാധനങ്ങളുടെയും കടത്തുകൂലി കിലോയ്ക്ക് 50 പൈസയെന്ന നിരക്കിലാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഈ നിരക്കിൽ സാധിക്കുന്നില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ക്വട്ടേഷൻക്ഷണിച്ച് കുറഞ്ഞ നിരക്ക് സ്വീകരിക്കാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച

ക്വട്ടേഷൻ വഴി നിശ്ചയിച്ച കടത്തുകൂലിയുടെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/17/1/19) 2015 ൽ കൊട്ടേഷൻ സ്വീകരിച്ചതിന്റെ വിശദാംശങ്ങളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 2017-18 ൽ ക്വട്ടേഷൻ സ്വീകരിക്കാതെയാണ് കടത്തുകൂലി ഇനത്തിൽ തുക അനുവദിച്ചത് . കടത്തുകൂലിയുടെ വിശദവിവരം വിവരം ഹാജരാക്കാത്തതിനാൽ ഈയിനത്തിലുള്ള ചെലവ് ₹165182 തടസ്സപ്പെടുത്തുന്നു .

| ക്രമ നം | ബിൽ നം/തീയതി | കടത്തുകൂലി നിരക്ക് | കടത്തിയ ഭക്ഷ്യവസ്തു-ളുക്കം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 5/17-18 , 12/10/17 | 2.90<br>2.80<br>2.80 | ന്യൂട്രിമിക്സ്-14448.375 കി.ഗ്രാം<br>ഭക്ഷണസാധനങ്ങൾ-7984 കി.ഗ്രാം<br>അരി- 4300 കി.ഗ്രാം | ₹41899<br>₹22,383<br>₹12040 |
| 2 | 15/ 17-18 ,20/2/18 | 2.90<br>2.80 | ന്യൂട്രിമിക്സ്-10901.250 കി.ഗ്രാം<br>ഭക്ഷണസാധനങ്ങൾ- 20445 കി.ഗ്രാം | ₹ 31614<br>₹ 57246 |
| | | ആകെ | | 165182 |

2. നിർവ്വഹണ ഉദ്യോഗസ്ഥൻ TR7(a) ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല . സുലേഖ ചെലവ് പത്രികയിൽ ₹ 10,64,832 രൂപ സെൻട്രൽ ഷെയർ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് കാണിച്ചിട്ടില്ല. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്ററിൽ സെൻട്രൽ ഷെയർ ₹ 15,10,143 വരവ് ലഭിച്ചതായും ₹ 15,10,143 രൂപ ചെലവഴിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട് . യഥാർത്ഥത്തിൽ കേന്ദ്രാവിഷ്കൃത ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. ഇപ്രകാരം വരവ് ചെലവ് കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കാത്തത് ധനവകുപ്പിന്റെ 21/3/15 ലെ 119/2015 നം ഉത്തരവിലെ നം - 18 , തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24/12/11ലെ സർക്കുലർ നം.59995 / എ.സി2 / 11 എന്നിവയുടെ ലംഘനമാണ്. ക്യാഷ്ബുക്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4. കൺസ്യൂമർഫെഡിൽ നിന്നും ₹ 231856.60 രൂപയുടെ ഭക്ഷ്യവസ്തുക്കൾ ഇൻവോയ്സ് നം. 7031/4/1918,തീ.30/1/18 പ്രകാരം വാങ്ങിയിട്ടുണ്ട് . എന്നാൽ തുക അനുവദിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ കൈപ്പറ്റ് രസീതി ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട്. കടത്തുകൂലി നിരക്ക് ഭരണസമിതി അംഗീകരിച്ചതിന്റ വിവരം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-29** ഭൂജല വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ രേഖകൾ

## ഹാജരാക്കേണ്ടതാണ് ഫയൽ- ഇ1/20127/16

വൗച്ചർ നം. 838/11/17 തീയതി, 28-11-2017 -₹ 33000

നിർവ്വഹണം- മുനിസിപ്പൽ എഞ്ചിനീയർ

കാര കരിമ്പാലൻ കോളനിക്ക് സമീപം എൻ. കെ.മാധവി എന്നവർ നഗരസഭയ്ക്ക് കൈമാറിയ സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് ₹ 33000 രൂപ ഭൂജല വകുപ്പ് ജില്ലാ ഓഫീസ് കണ്ണൂരിന് നൽകിയതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗരേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (54) മറുപടി ലഭ്യമാക്കിയില്ല, ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും പൂർത്തീകരണം എത്രത്തോളമായി എന്നും വ്യക്തമാക്കേണ്ടതാണ്.

## 3-30 നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

### മാതൃകാപരം

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രവർത്തിക്കുന്ന നഗരം എന്ന നിലയിൽ അന്തരാഷ്ട്ര ശ്രദ്ധ ആകർഷിക്കുന്ന നഗരമാണ് മട്ടന്നൂർ. ഈ സാഹചര്യത്തിൽ നഗരത്തിന്റെ മാലിന്യ സംസ്കരണവും സൗന്ദര്യവത്കരണവും വളരെ ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. നഗരസഭയുടെ മാലിന്യസംസ്കരണം സംബന്ധിച്ച പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ വളരെ മികച്ച രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി കാണാനായി. 2019 റിപ്പബ്ലിക്ക് ദിനത്തിൽ മട്ടന്നൂർ നഗരസഭയെ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് നഗരമായി പ്രഖ്യാപിക്കാനുള്ള നടപടി ആസൂത്രണം ചെയ്തിട്ടുണ്ട്. നഗരസഭയുടെ വാർഷിക പദ്ധതിയിലും, കണ്ണൂർ അന്താരാഷ്ട്ര വിമാന കമ്പനി ( കീയാൽ ) യുടെ പൊതു നന്മ ഫണ്ടും ഉൾപ്പെടുത്തിയും മുനിസിപ്പാലിറ്റിയിലെ 60% വീടുകളിലും ഉറവിട മാലിന്യ സംസ്കരണോപാധികൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. വീടുകൾതോറും ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് നഗരസഭയിലെ 35 വാർഡുകളിലും ഹരിത കർമ്മ സേനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ സ്ഥാപിച്ച ,ഷ്രെഡ്ഡ് യൂണിറ്റിലൂടെ സംസ്കരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നഗരസഭയിലെ മാലിന്യ സംസ്കരണ പ്ലാന്റിൽ 2015 സെപ്തംബർ മുതൽ വളം നിർമ്മാണ ശാല പ്രവർത്തിക്കുന്നുണ്ട് ജൈവമാലിന്യങ്ങൾ സംസ്കരണ യൂണിറ്റിൽ വച്ച് ജൈവവളമാക്കി മാറ്റി ആവിശ്യക്കാർക്ക് വില്പന ചെയ്യുന്നുണ്ട്. ഈ ഇനത്തിൽ 9/2015 മുതൽ 3/2018 വരെ മൊത്തം 122035 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റ് വളരെ നല്ലനിലയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്ലാന്റിൽ ഒരുഭാഗത്ത് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡ് യൂണിറ്റും, വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു. സംസ്കരണ കേന്ദ്രത്തിലെ ഒഴിഞ്ഞ ഭാഗത്ത് ജൈവവളം ഉപയോഗിച്ച് പച്ചക്കറി കൃഷിയും, പൂന്തോട്ടവും ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ മാലിന്യസംസ്കരണ കേന്ദ്രങ്ങളിൽ സാധാരണ ഉണ്ടാവുന്നതിൽ നിന്നും വ്യത്യസ്തമായ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്.പൊതു ഇടങ്ങളിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ വാർഡുകൾ തോറും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നീക്കംചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്..

ജനങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെ അവബോധം ഉണ്ടാക്കുന്നതിനായി ജനകീയ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340 പ്രകാരവും, 2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരവും, 2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മേനേജ്മെന്റ് റൂൾസ് പ്രകാരവും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ചു വരുന്ന നടപടികൾ മാതൃകാപരമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-31 ലൈഫ് വീട് പണി പൂർത്തീകരിക്കാത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിന് - ധനസഹായം കൃത്യമായ ലിസ്റ്റ് ഹാജരാക്കാത്തതും, മറ്റ് അപാകങ്ങളും - 33,99,261/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് | ലൈഫ് വീട് പണി പൂർത്തീകരിക്കാത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിന് - ധന സഹായം |
| പ്രോജക്ട് നം | 252/18 |
| അടങ്കൽ | 39,40,879(വികസന ഫണ്ട്-പൊതുവിഭാഗം )<br>14,39,121(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | 19,62,723(വികസന ഫണ്ട് -പൊതുവിഭാഗം<br>14,36,538 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ബിൽ നം &തീയതി | 2 /30-1-2018 - 14,36,538 റോഡിതരം<br>3/30.1.18 - 3,80,000} വികസന ഫണ്ട്<br>5/15.2.18 - 4,52,923 }വികസന ഫണ്ട്<br>7/22.2.18 - 60,000} വികസന ഫണ്ട്<br>10/13.3.18- 85,000} വികസന ഫണ്ട്<br>13/24.3.18 -9,84,800 } വികസന ഫണ്ട് |

2017-18-ലെ ലൈഫ് പദ്ധതിയ്ക്ക് വേണ്ടി പുതിയ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടില്ല. മുൻവർഷങ്ങളിലെ വിവിധ ഭവന പദ്ധതികളിലായി, നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ആനുപാതികമായി തുക നൽകുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ്)-യിൽ ഈ വർഷം 42 ഗുണഭോക്താക്കൾക്ക് ആനുപാതികമായി സബ്സിഡി നൽകിയിട്ടുണ്ട്. പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ സബ്സിഡി നൽകുകയോ ചെയ്തിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1. ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്ക് മുൻ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം നൽകിയ തുകയുടെ വിവരം കാണിക്കുന്നതിനുള്ള രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. ഗുണഭോക്താക്കൾ ഇതുവരെ കൈപ്പറ്റിയ തുക, ആനുപാതികമായി നൽകേണ്ട തുക എന്നിവയ്ക്കായി ആവശ്യപ്പെട്ടപ്പോൾ ലൈഫിന്റെ സൈറ്റിൽ നിന്നും ലഭിക്കുന്ന ഒരു ലിസ്റ്റാണ് ഹാജരാക്കിയത്. ഇത് എപ്രകാരമാണ് തയ്യാറാക്കിയതെന്ന് വ്യക്തമല്ല.

2. നാളിതുവരെ പൂർത്തീയാക്കുവാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ താഴെ കാണിച്ച പ്രകാരമുള്ള ലിസ്റ്റാണ് ഹാജരാക്കിയത്. ഇതു പ്രകാരം 54 പേർ ഭവനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ ലിസ്റ്റ് ഏതു വർഷത്തെയാണെന്നോ, രജിസ്റ്റർ പോലും ഇല്ലാതെ, നൽകാൻ ബാക്കിയുള്ള തുക കണ്ടെത്തിയത് എപ്രകാരമെന്നോ വ്യക്തമല്ല. ആയതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ലിസ്റ്റ് താഴെ കൊടുക്കുന്നു.

ഇ.എം. എസ്.ഭവന പദ്ധതി

| ക്രമ.നം | ഗുണഭോക്താക്കളുടെ പേര് / വിലാസം | അനുവദിക്കേണ്ട ബാക്കി തുക |
|---|---|---|
| 1 | ഭാസ്കരൻ എം.പി മണ്ണൂർപറമ്പ് | 7500 |
| 2 | രോഹിണി ടി പൊറോറ | 22500 |
| 3 | നാരായണി കെ പൊറോറ (എസ്.സി) | 30000 |
| 4 | കുഞ്ഞുംപിടിക്ക യശോദ | 52500 |
| 5 | സി.കെ.കൌസു അത്തിക്കരി | 22500 |
| 6 | പൊക്കാണ്ടി ശാന്ത അത്തിക്കരി | 22500 |
| 7 | ആയിസുമ്മ.ടി.പി | 52500 |
| 8 | രോഹിണി തോട്ടംകര | 22500 |
| 9 | വയലാളി പവിത്രൻ | 22500 |

| | | |
|---|---|---|
| 10 | കെ.ജാനു പരിയാൻ | 22500 |
| 11 | എൻ.കെ.ശിവൻകുട്ടിനായർ | 52500 |
| 12 | കല്ല്യാടൻ കാർത്ത്യാനി | 22500 |
| 13 | പവിത്രൻ ചോധൻ | 22500 |
| 14 | മൌവ്വഞ്ചേരി രാജേഷ് | 22500 |
| 15 | കെ.കെ.ബാലകൃഷ്ണൻ , കയനി | 22500 |
| 16 | കാപ്പാടൻ ദേവകി , കയനി | 10000 |
| 17 | പുതുശ്ശേരി പുഷ്പവല്ലി | 7500 |
| 18 | നിർമ്മല നരോത്ത് ,പെരിഞ്ചേരി | 22500 |
| 19 | ഗൌരി ആർ ,പെരിഞ്ചേരി | 7500 |
| 20 | ലക്ഷമണൻ എം.കെ. | 10000 |
| 21 | നബീസ.കെ ,പെരിഞ്ചേരി | 52500 |
| 22 | ആറ്റടപ്പ ജാനകി , ദേവർകാട് | 22500 |
| 23 | ലക്ഷമി അമ്മ നി.എം , ദേവർകാട് | 7500 |
| 24 | മടത്തുംകണ്ടിയിൽ രാഘവൻ | 22500 |

| | | |
|---|---|---|
| 25 | വടക്കേവീട്ടിൽ സുരേന്ദ്രൻ | 7500 |
| 26 | തോട്ടത്താൻ കാർത്ത്യായനി | 22500 |
| 27 | മഞ്ഞക്കര ജാനകി , മലക്ക്താഴ | 22500 |
| 28 | നബീസു.കെ മരുതായി | 52500 |
| 29 | കൈതേരിക്കണ്ടി കാർത്ത്യായനി അമ്മ | 52500 |
| 30 | കുഞ്ഞിക്കണ്ടി പങ്കജാക്ഷി മേറ്റടി | 7500 |
| 31 | പുലിക്കോടൻ ബാലകൃഷ്ണൻ , മേറ്റടി | 22500 |
| 32 | നരോൻ മ മ്മൂട്ടി , ഉണ്ണിയൂർ | 7500 |
| 33 | എം. സുബൈദ ,ആണിക്കരി | 22500 |
| 34 | സജീർ. പി നാലാങ്കേരി | 7500 |
| 35 | മൊയ്തീൻകുട്ടി പാലക്കോടൻ | 70000 |
| 36 | കരിഞ്ചിമണിയൻ , ഏളത്തൂർ (എസ്.സി) | 3000 |

ചേരി വികസന പദ്ധതി -ഫേസ് -1

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | അനുവദിക്കേണ്ട ബാക്കി തുക |
|---|---|---|
| 1 | കോയിറ്റി കരുണാകരൻ , കുഴിക്കൽ | 10000 |

| | | |
|---|---|---|
| | | |
| 2 | കോച്ചേരി സുബ്രമണിയൻ , വെമ്പടി | 10000 |
| 3 | കാപ്പാടൻ ഒതയോത്ത് ലത , കാപ്പാടൻ വീട് | 10000 |
| 4 | പുതിയപുരയിൽ വിജയൻ,പുഴയോരത്ത് പെരിയച്ചൂര് | 10000 |
| 5 | പുതിയപുരയിൽ ഭാസ്കരൻ ,പെരിയച്ചൂര് | 10000 |
| 6 | പി.കെ .സുബൈദ , കുഴിക്കൽ | 10000 |
| | ഫേസ് -2 | |
| 1 | നസീമ മംഗലാട്ട് ,കരേറ്റ | 25000 |
| 2 | നാരായണൻ .എ. മീത്തലെ വീട് | 25000 |
| 3 | മാക്കുന്നത്ത് റംല , പാലിയക്കര | 25000 |
| 4 | ഓവാരിക്കണ്ടി വൽസൻ , കായലൂർ | 105000 |

ജനകീയാസൂത്രണ പദ്ധതി

| ക്രമ നം | ബിപിഎൽ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം | തുക |
|---|---|---|

| | | |
|---|---|---|
| 1 | എം. ലക്ഷമണൻ | 5000 |
| 2 | കുഞ്ഞുംപിട്ടക്ക പ്രഭാകരൻ | 5000 |
| 3 | തച്ചറോൻ സുലോചന | 45000 |
| 4 | കൊയിലത്ത് ബിന്ദു | 5000 |
| 5 | കൈപ്പച്ചേരി മാധവി (ഭവന നിർമ്മാണം വനിതകൾക്ക്) | 5000 |
| 6 | കെ.സുമതി ,പൈയ്യപറമ്പ് (ഭവന നിർമ്മാണംവനിതകൾക്ക്) | 5000 |
| 7 | കാവളാൻ ലക്ഷമി അമ്മ(ആശ്രയ ഭവന പദ്ധതി) | 10000 |
| 8 | മാലതി .പി ,നെല്ലുന്നി(ആശ്രയ ഭവന പദ്ധതി) | 1000 |

3) 2017-18 വർഷം വിവിധ ഗുണഭോക്താക്കൾക്ക് ആനുപാതികമായി സബ്സിഡി തുക നൽകിയിട്ടുണ്ട്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല.

4) ഒരു സാമ്പത്തിക വർഷം അവസാനിയ്ക്കുമ്പോൾ, ആ വർഷം ആകെ സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം, പേര്, വിവരം, സ്പിൽ ഓവറായത് ആരൊക്കെ എന്നുള്ള വിരമൊന്നും സെക്ഷനിൽ ഇല്ല.

5) സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. എന്നാൽ ഈ തുക കൃത്യമായി അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. തുക കൈപ്പറ്റ് രശീതിയോ, ബാങ്ക് പാസ്സ് ബുക്കിൽ തുക വരവ് വച്ചതിന്റെ പകർപ്പോ ലഭ്യമാക്കി തുക കെഡിറ്റ് ചെയ്തത് ഉറപ്പ് വരുത്തേണ്ടതാണ്.

6) ഭവനന നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ വാങ്ങി വെക്കാതെ അവസാന ഗഡു നൽകുന്നു.

ഭവന നിർമ്മാണം പൂർത്തീയാക്കാത്തവർക്ക്, ആനുപാതികമായി സബ്സിഡി നൽകുമ്പോൾ ആവശ്യമായ രേഖകൾ വാങ്ങി വയ്ക്കുന്നില്ല. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുപാതിക തുക നൽകിയതിന്റെ, ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല (സ്റ്റേജ് സർട്ടിഫിക്കറ്റ്, ഭവനത്തിന്റെ ഫോട്ടോ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്). പൂർത്തീകരണം ഉറപ്പ് വരുത്താതെ തുക എപ്രകാരമാണ് നൽകിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക (മുൻ പദ്ധതി പ്രകാരം ) | നൽകിയതുക ബിൽ നം/തീയ്യതി (ലൈഫ് പദ്ധതി പ്രകാരം) |
|---|---|---|---|
| 1 | ഭാസ്കരൻ -എം -പി | 7500 | 20000 - 5/15.2.18<br>20,000 -- 13/24.3.18 |
| 2 | കാപ്പാടൻ ഒതയോത്ത് ലത , കാപ്പാടൻ വീട് | 10,000 | 25,000 - 5/15.2.18<br>25,000- 13/24.3.18 |
| 3 | പുതുശ്ശേരി പുഷ്പവല്ലി | 7500 | 20,000 - 5/05.02.18<br>20,000 -13/24.03.18 |
| 4 | കൈപ്പച്ചേരി മാധവി | 5,000 | 20,000 -5/15.02.18<br>20,000 -13/24.03.18 |
| 5 | ലക്ഷ്മണൻ -എം-കെ | 10,000 | 20,000 -2/30.01.18<br>20,000 – 13/24.03.18 |
| 6 | ലക്ഷ്മണൻ -എം | 5,000 | 20,000- 5/15.02.18 |
| 7 | കെ -ബിന്ദു | 5,000 | 20,000-3/30.01.18 |

7)വിവിധ തരത്തിൽ ആനുപാതിക ധന സഹായം വിതരണം ചെയ്യുന്നത്

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വിവിധ തരത്തിലാണ് ധന സഹായം വിതരണം ചെയ്തത്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക (മുൻ സ്കീം പ്രകാരം ) | ഇതുവരെ നൽകിയത് | ആനുപാതികമായി നൽകിയതുക ബിൽ നം/തീയ്യതി |
|---|---|---|---|---|
| 1 | എം-ലക്ഷ്മണൻ- | 50,000 | 45,000 | 20,000 -ബിൽ5/15.2.18 |
| 2 | കെ -ബിന്ദു | 50,000 | 45,000 | 20,000 -ബിൽ3/30.01.18 |
| 3 | കൈപ്പച്ചേരി മാധവി | 50,000 | 45,000 | 20,000 -ബിൽ3/30.01.18<br>20,000 -ബിൽ13/24.03.18 |
| 4 | രോഹിണി തോട്ടുംങ്കര | 75,000 | 52500(2016-17 പ്രകാരം)<br>ഈ വർഷം ഹാജരാക്കിയ ലിസ്റ്റ് പ്രകാരം 22500 | 1,40,000 -ബിൽ2/30.01.18<br>1,40,000- ബിൽ13/24.03.18 |

ഒരേ തരത്തിലുള്ള സബ്സിഡിയ്ക്ക് വ്യത്യസ്ത നിരക്കിലാണ് ആനുപാതിക തുക നൽകിയിരക്കുന്നത്.

8)സംയോജിത ചേരി വികസന പദ്ധതി പ്രകാരം ബാക്കി കൊടുക്കുവാനുള്ള തുകയും ലൈഫിൽ ഉൾപ്പെടുത്തി കൊടുത്തിട്ടുണ്ട്.

ഉദാ- കാപ്പാടൻ ഒതയോത്ത് ലത - കാപ്പാടൻ വീട് ,മാക്കുന്നത്ത് റംല - പാലിയക്കര എന്നവർക്ക് യഥാക്രമം 50,000,55,000 ഈ വർഷം കൊടുത്തിട്ടുണ്ട്. ഇവർക്ക് കൊടുക്കുവാൻ ബാക്കിയുള്ള തുക എത്രയെന്ന് അറിയാത്തതിനാൽ ഈ വർഷം കൊടുത്തത് ശരിയാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9)ഓഡിറ്റ് തീയ്യതിവരെ, മേൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ആകെ 3 പേർക്ക് മാത്രമേ ഇനി ധനസഹായം നൽകാൻ ബാക്കിയുള്ളൂ എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ഇവരുടെ വിവരം താഴെ കൊടുക്കുന്നു രോഹിണി ടി, മാക്കുന്നത്ത് റംല, പാലിയക്കര, ഓവാരിക്കണ്ടി വൽസൻ, കായല്ലൂർ.

മേൽ പദ്ധതി പ്രകാരം അധിക ധനസഹായം കൈപ്പറ്റിയ, ഗുണഭോക്താക്കൾ അവർ ആദ്യം ഭവന നിർമ്മാണ സബ്സിഡി കൈപ്പറ്റിയ ഭവന സ്കീമിന്റെ പേര്, ആകെ സബ്സിഡി, കൈപ്പറ്റിയ തുക, ബാക്കി കൈപ്പറ്റാനുള്ളത്, ആനുപാതിക വർദ്ധനവ് തുക എന്നിവയുടെ വിവരം

രേഖകൾ സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 39) നൽകിയതിന് വിശദ വിവരം നൽകിയിട്ടില്ല.

അതിനാൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ അപാകങ്ങൾ ചൂണ്ടിക്കാട്ടിയത്. അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഭവന നിർമ്മാണം പൂർത്തീയാക്കിയവരുടെ ഭവനത്തിന്റെ ഫോട്ടോ, വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയൊന്നും ഇല്ലാതെ സബ്സിഡി തുക നൽകിയതിനാൽ 33,99,261 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓരോ ഗുണഭോക്താവിനും അർഹമായ സബ്സിഡിയും, മേൽ പറഞ്ഞ രേഖകളും സഹിതം ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 29/22-2-2018 | 4,45,500 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ഭൂഗർഭ ജല വകുപ്പ് | വിവിധ അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം | 83/27-3-2018 | 5,00,000 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | പഴശ്ശി ഇടവേലി റോഡ് മെക്കാഡം ടാറിംഗ് | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 21/ 16-2-2018 | 24,20,000 | - | -- | പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്ര. നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി (ലോൺ രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (KURDFC) | GO.147/ 2009/ തസ്വഭവ തീയതി 29.7.2009 | 2,93,19,119 | 3,17,70,286 | 4905164 | 15,98,001 | * 2,68,65,122 |
| 2 | ഇ എം എസ് ഭവന പദ്ധതി | GO.1322/ 2010/ തസ്വഭവ തീയതി 16.4.2010 | 18407500 | 47,91,166 | | | 47,91,166 |

* ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (KURDFC) വായ്പ നീക്കിയിരിപ്പ് ,വാർഷീക ധനകാര്യ പത്രിക പ്രകാരം 2,57,51,974 ആണ്. വ്യത്യാസം ₹11,13,148 താഴെ പറയും പ്രകാരം വിശദീകരിച്ചിട്ടുണ്ട്-2018-19 AFS ൽ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്

| | |
|---|---|
| 11,13,040 | ( വൗച്ചർ 215 തീയതി 6/2016 .₹ 1,11,30,400 ൽ നിന്നും ₹ 11,13,040 അധികമായി ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ) |

| | |
|---|---|
| | |
| 108 | (പലിശ ഇനത്തിലുള്ള വ്യത്യാസം ) |

വ്യത്യാസം വന്നത് ക്രമപ്പെടുത്തി മറുപടി നൽകേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,05,252 |
| തൻവർഷം നിക്ഷേപിച്ച തുക | 3,51,098 |
| ആകെ | 53,56,350 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 53,56,350 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | ഓഫീസ്....) | | |
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 29,26,462 | വാർഷിക ധനകാര്യപത്രികയുമായി 21,000 വ്യത്യാസം പരിഹരിക്കേണ്ടതാണ്- |
| 2 | കോലാരി സർവ്വീസ് കോ-ഓപ്പ് ബാങ്ക് | 19,08,888 | |
| 3 | ക്ലീൻ കേരള ഷെയർ | 5,00,000 | |
| 4 | കെ യു ഡി ആർ എഫ് സി ഷെയർ | 15,000 | |
| 5 | കെ യു ഡി ആർ എഫ് സി ഷെയർ | 6,000 | |
| | | 53,56,350 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ കേരള ലോക്കൽ ഫണ്ട് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവരുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | ഖ.5 | 2004-05 | 4/II-13 | രേഖയില്ല – കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട് | ലഭ്യമല്ല |

## 4-8 ചാർജ്ജ് .സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 22,46,30,972 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24,42,09,834 |
| വരവിനങ്ങളിലുള്ള നഷ്ടം | 401500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6965105 |

(ബി)-പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 500 | | ശ്രീ-സുരേശൻ-എം |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 2-6 | 2,21,000 | | ശ്രീ-സുരേശൻ-എം<br>സെക്രട്ടറി |
| 2-7 | 1,80,000 | | ശ്രീ-സുരേശൻ-എം<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 3,31,980 | ശ്രീ-സുരേശൻ-എം<br>(സെക്രട്ടറി) |
| 3-11 | 10,00,000 | ശ്രീ-സുരേശൻ-എം<br>(സെക്രട്ടറി) |
| 3-13 | 4,81,480 | ശ്രീ-സുരേശൻ-എം<br>(സെക്രട്ടറി) |
| 3-15 | 4,05,500 | ശ്രീ-സുരേശൻ-എം<br>(സെക്രട്ടറി) |
| 3-16 | 7,33,702 | ശ്രീമതി- അനിത-എം -ജി<br>(പ്രോജക്ട്ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജന സെൽ |
| 3-22 | 20,000 | ശ്രീ-രമേഷ് ബാബു<br>(പ്രോജക്ട്ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജന സെൽ |
| 3-25 | 4,28,000 | ശ്രീമതി-ബേബി സുനില<br>(ഐ സിഡി എസ് സൂപ്പർവൈസർ) |
| 3-29 | 1,65,182 | ശ്രീമതി-ബേബി സുനില |

| | | |
|---|---|---|
| | | (ഐ സിഡി എസ് സൂപ്പർവൈസർ) |
| 3-32 | 33,99,261 | ശ്രീ. രമേഷ് ബാബു, പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനം |
| ആകെ | 69,65,105 | |

(സി) കേന്ദ്ര.സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ

എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ-സുരേശൻ-എം (സെക്രട്ടറി) | സെക്രട്ടറി മട്ടന്നൂർ നഗരസഭ | കാവിൽ(ഹൗസ്) കീഴല്ലൂർ (പി ഒ) |
| ശ്രീ-മനോജ് കുമാർ-ആർ മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ മട്ടന്നൂർ നഗരസഭ | ശ്രീദീപം, ഉക്കണ്ടൻ പീടിക, തിരുവങ്ങാട് പി.ഒ., തലശ്ശേരി 670103 |
| ശ്രീമതി- അനിത-എം -ജി (പ്രോജക്ട്ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജന സെൽ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഇരിട്ടി നഗരസഭ | നടുവിലേടത്ത് ,കിളിയന്തറ(പി ഒ) |
| ശ്രീ-രമേഷ് ബാബു കെ.പി. (പ്രോജക്ട്ഓഫീസർ, | മെമ്പർ സെക്രട്ടറി, മട്ടന്നൂർ നഗരസഭ | ടി.പി. ഹൗസ്, മരിയൽറി, ചെണ്ടയാട് പി.ഒ., |

| | | |
|---|---|---|
| നഗരദാരിദ്ര്യനിർമ്മാർജന സെൽ | | പാനൂർ – 670692 |
| ശ്രീമതി-ബേബി സുനില (ഐ സിഡി എസ് സൂപ്പർവൈസർ) | സംയോജിത ശിശു വികസന ഓഫീസർ ഇരിട്ടി നഗരസഭ | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (തനത് ഫണ്ട്) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(2)/ തീയതി 23.11.11 | 3 |
| 1997-98(പദ്ധതി വിഹിതം) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(1)/ തീയതി 23.11.11 | 12 |
| 1998-99 (പദ്ധതി വിഹിതം | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(3)/ തീയതി 23.11.11 | 11 |
| 1998-99 (തനത് ഫണ്ട്) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(4)/ തീയതി 23.11.11 | 11 |
| 1999-00 (പദ്ധതി വിഹിതം | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(5)/ തീയതി 23.11.11 | 10 |
| 1999-00(തനത് ഫണ്ട്) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(6)/ തീയതി 23.11.11 | 3 |
| 2000-01 (പദ്ധതി വിഹിതം | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(7)/ തീയതി 23.11.11 | 17 |
| 2000-01 (തനത് ഫണ്ട്) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(8)/ തീയതി 23.11.11 | 1 |

| | | |
|---|---|---|
| 2001-02<br>(പദ്ധതി വിഹിതം ) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(9)/ തീയതി 23.11.11 | 10 |
| 2001-02<br>(തനത്) | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(10)/ തീയതി 23.11.11 | 7 |
| 2002-03 | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(11)/ തീയതി 23.11.11 | 4 |
| 2003-04 | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(12)/ തീയതി 23.11.11 | 7 |
| 2004-05 | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(13)/ തീയതി 23.11.11 | 13 |
| 2005-06 | എൽ എഫ് /കെ എൻ ആർ /ബി .1/1808 /11(14)/ തീയതി 23.11.11 | 11 |
| 2006-07 | എൽ എഫ് /കെ എൻ ആർ /ബി .3/490/13 16.5.2013 | 15 |
| 2007-08 | എൽ എഫ് /കെ എൻ ആർ /ബി .3/927/13 16.5.2013 | 25 |
| 2008-09 | എൽ എഫ് /കെ എൻ ആർ /ബി .3/1371/13 4.1.14 | 29 |
| 2010-11,<br>2011-12 | എൽ എഫ് /കെ എൻ ആർ /ബി .3/146/15 ,29.7.15 | 47 |
| 2012-13,<br>2013-14,<br>2014-15 | കെ എസ് എ /കെ എൻ ആർ /ബി.3/2059/16 29.2.2016 | 31 |

| | | |
|---|---|---|
| 2015-16 | കെ എസ് എ /കെ എൻ ആർ /ബി.2 /178/2017 തീയതി 10.2.2017 | 8 |
| 2016-17 | കെ എസ് എ /കെ എൻ ആർ /സി 13/1806/2017 തീയതി 27.11.2017 | 18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.കെ.എൻ.ആർ/സി.16/126/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

ഫോൺ. 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 14.03.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പ് ,ഇവ അനുസരിച്ചും നഗരപാലികാ

സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മട്ടന്നൂർ നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## RECEIPT & PAYMENT STATEMENT OF MATTANNUR MUNICIPALITY For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 58711480.51 |
| Cash | Cash | RP-40(a) | 1485819.00 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 4398138.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 1495731.00 |
| 130000000 | Rental income from Panchayat Properties | RP-3 | 248512.00 |
| 140000000 | Fees & User Charges | RP-4 | 12209986.00 |
| 150000000 | Sale & Hire Charges | RP-5 | 226832.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 117385926.00 |
| 171000000 | Interest Earned | RP-8 | 1734535.00 |
| 180000000 | Other Income | RP-9 | 17952.00 |
| 430000000 | Stock-in-hand | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 20558899.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 438675.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 51418860.00 |
| 340000000 | Deposits Received | RP-27 | 9529341.00 |
| 350000000 | Other Liabilities | RP-29 | 4834290.00 |
| 460000000 | Loans, Advances and Deposits | RP-41 | 133295.00 |

| | | | |
|---|---|---|---|
| | Grand total | | 284828271.51 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 18111876.00 |
| 220000000 | Administrative Expenses | RP-11 | 4865309.00 |
| 230000000 | Operations & Maintenance | RP-12 | 9955350.00 |
| 240000000 | Interest & Finance Charges | RP-13 | 1884455.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 59133343.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 24488263.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 19283301.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4220732.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 3000.00 |
| 350000000 | Other Liabilities | RP-29 | 12555862.00 |
| 430000000 | Stock-in-hand | RP-36 | 3860486.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-37 | 2786640.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | -282298.00 |
| 311000000 | Earmarked Funds | RP-22 | 897731.00 |
| 312000000 | Reserves | RP-23 | 54480.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 5410000.00 |
| 330000000 | Secured Loans | RP-25 | 6503165.00 |
| 340000000 | Deposits Received | RP-27 | 543517.00 |
| 350000000 | Other Liabilities | RP-29 | 25472420.00 |
| 410000000 | Fixed Assets | RP-31 | 30334292.00 |
| 412000000 | Capital work in Progress | RP-33 | 11824910.00 |
| 460000000 | Loans, Advances and Deposits | RP-41 | 1303000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 39828855.51 |
| Cash | Cash | RP-40(b) | 789582.00 |
| | Grand Total | | 284828271.51 |

## അനുബന്ധം-2-2

# INCOME & EXPENDITURE STATEMENT OF MATTANNUR MUNICIPALITY For the period

# from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 21211282.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 1495731.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 8580147.00 |
| 140000000 | Fee & User Charges | I-4(b) | 13414898.00 |
| 150000000 | Sale & Hire Charges | I-5(b) | 226832.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 236523057.00 |
| 170000000 | Income from Investments | I-7 | 2326592.00 |
| 171000000 | Interest Earned | I-8 | 640943.00 |
| 180000000 | Other Income | I-9 | 17968.00 |
| | Total Income | | 284437450.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 38648514.00 |
| 220000000 | Administrative Expenses | I-11(b) | 9924090.00 |
| 230000000 | Operations & Maintenance | I-12(b) | 15428143.00 |
| 240000000 | Interest & Finance Charges | I-13 | 2370933.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 131542065.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 20488263.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 19283301.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4070732.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 3000.00 |
| | Total Expenditure | | 241759041.00 |
| | Gross Surplus/ Deficit of income over Expenditure | | 42678409.00 |
| 280000000 | Prior Period Item | I-18 | -519368.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 43197777.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# BALANCE SHEET OF MATTANNUR MUNICIPALITY FOR THE PERIOD FROM 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 95228155.37 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5259840.00 |
| 312000000 | Reserves | B-3 | 190097700.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 290585695.37 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 34093756.00 |
| | Total Grants, Contributions for Specific Purposes | | 34093756.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 30543140.00 |
| | Total Loans | | 30543140.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 37238798.00 |
| 350000000 | Other Liabilities | B-9 | 4316959.74 |
| | Total Current Liabilities and Provisions | | 41555757.74 |
| | TOTAL LIABILITIES | | 396778349.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 281874442.00 |
| 411000000 | Accumulated Depreciation | B-11 | -14916313.00 |
| 412000000 | Capital Work in Progress | B-11 | 48680171.00 |
| | Total Fixed Assets | | 315638300.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5335350.00 |
| | Total Investments | | 5335350.00 |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 167145.00 |
| 431000000 | Sundry Debtors (Receivables) | B-15 | 18347062.60 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -1229846.00 |
| 450000000 | Cash and Bank Balance | B-17 | 40618437.51 |
| 460000000 | Loand, Advances and Deposits | B-18 | 17829245.00 |
| | Total Current Assets, Loans and Advances | | 75732044.11 |
| | Other Assets | | |
| 470000000 | Other Assets | B-19 | 72655.00 |
| | Total Other Assets | | 72655.00 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 396778349.11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.